2026 MAY 24

emalayalee.com

# The Weekly

WEEKLY NEWSPAPER

Conta or@emalayalee Phone: 917 324 4907; 917 662 1122



# ഷിക്കാഗോ സീറോമലബാർ രൂപത: കർമോജ്ജ്വല പാതയിൽ കാൽനൂറ്റാണ്ട്


415+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
AUSTIN
NEW JERSEY
DALLAS
CHICAGO
NAPERVILLE
LOS ANGELES
ATLANTA
CANADA
AJAX | MISSISSAUGA | SURREY
OPENING SOON
IN SEATTLE AND SANTA CLARA

# ഷിക്കാഗോ സീറോമലബാർ രൂപത സിൽവർ ജൂബിലി നിറവിൽ

# കർമോജ്ജ്വല പാതയിൽ കാൽനൂറ്റാണ്ട്


ഷോളി കുമ്പിളുവേലി
(ന്യൂയോർക്ക്)

സീറോമലബാർ സഭയുടെ ദൗത്യം ഇന്ത്യയ്ക്കു വെളിയിലേക്കു ചുവടുവയ്ക്കുന്നതിനു തുടക്കമായി അമേരിക്കയിൽ സ്ഥാപിതമായ സീറോ മലബാർ സെൻറ് തോമസ് കാത്തലിക് എപ്പാർക്കി - ഷിക്കാഗോ രജത ജൂബിലി തിളക്കത്തിൽ! കാൽ നൂറ്റാണ്ട് പിന്നിടുന്ന ദൗത്യം കർമപാതയിൽ പുതിയ തിളക്കത്തോടെ മുന്നേറുകയാണ്.

സ്വർഗീയനായ, ജോൺ പോൾ രണ്ടാമൻ മാർപാപ്പ 2001 മാർച്ച് 13നാണ് ഷിക്കാഗോ രൂപത സ്ഥാപിക്കുന്നത്. പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്തിൻറെയും തുടർന്ന് മാർ ജോയ് ആലപ്പാട്ടിൻറെയും അജപാലന ദൗത്യത്തിനു കീഴിൽ, കഴിഞ്ഞ ഇരുപത്തഞ്ചു വർഷംകൊണ്ട് രൂപത നേടിയ ആത്മീയ, ഭൗതിക നേട്ടങ്ങൾ പ്രശംസനീയം!. ആഗോളതലത്തിൽ സീറോ മലബാർ സഭയുടെ അജപാലന ശുശ്രൂഷ വ്യാപിപ്പിക്കുന്നതിൽ ഷിക്കാഗോ രൂപതയുടെ പ്രവർത്തനം സഭയ്ക്കു തന്നെ പ്രചോദനമായി മാറി.

കുടിയേറ്റത്തിൻറെ ആ നാളുകൾ

സ്വാതന്ത്ര്യാനന്തരം, ജോലിയും മെച്ചപ്പെട്ട ജീവിതവും ലക്ഷ്യമിട്ട് മലയാളികൾ ഇന്ത്യയുടെ വിവിധ നഗരങ്ങളിലേക്കു കുടിയേറാൻ തുടങ്ങി. ആദ്യമൊക്കെ കൊൽക്കത്ത, ചെന്നൈ, മുംബൈ, ഭിലായി, ഡൽഹി തുടങ്ങിയ സ്ഥലങ്ങളിലേക്കു ചേക്കേറിയ മലയാളികൾ, പിന്നീട് കൂടുതൽ മെച്ചപ്പെട്ട വരുമാനത്തിനായി ഗൾഫ് രാജ്യങ്ങളിലേക്കു കപ്പലുകയറി. ആദ്യകാല കുടിയേറ്റക്കാരിൽ ഭൂരിപക്ഷവും മാർത്തോമാ നസ്രാണികളായിരുന്നു. എത്തിയിടത്തെല്ലാം തങ്ങളുടെ വിശ്വാസവും പാരമ്പര്യവും കാത്തുസൂക്ഷിക്കാനും മക്കളെ ആ പാതയിൽ വളർത്താനും അവർ ശ്രദ്ധിച്ചിരുന്നു. അതിനായി കൂട്ടായ്മകളും പള്ളികളും സ്ഥാപിച്ചു. അങ്ങനെ നമ്മുടെ വിശ്വാസം സഹ്യനപ്പുറത്തേക്കു ചുവടുവച്ചു. വിശ്വാസികളുടെ വളർച്ചയും അതിനോടൊപ്പമുള്ള ആവശ്യങ്ങളും കൂടി വന്നപ്പോൾ, കേരളത്തിനു പുറത്തു ആദ്യ രൂപത, മുംബൈ കേന്ദ്രീകരിച്ചു "കല്യാണിൽ" സ്ഥാപിതമായി.







### അമേരിക്കയിലേക്ക്..

മെച്ചമായ ജീവിത സാഹചര്യങ്ങൾ തേടി, ആയിരത്തി തൊള്ളായിരത്തി അറുപതുകളിലും എഴുപതുകളിലുമായി ധാരാളം മലയാളികൾ അമേരിക്കയിൽ എത്തിത്തുടങ്ങി. വിവിധ പ്രഫഷനുകളിൽ പെട്ടവരായിരുന്നു ആദ്യ കുടിയേറ്റക്കാർ. അവർ കാലുറപ്പിച്ച ശേഷം മാതാപിതാക്കളെയും സഹോദരങ്ങളെയും കൊണ്ടുവന്നു. കൂടുതൽ കുടുംബങ്ങൾ വന്നുതുടങ്ങിയപ്പോൾ സ്വാഭാവികമായും കൂട്ടായ്മകളും രൂപപ്പെട്ടുതുടങ്ങി. തങ്ങളുടെ വിശ്വാസത്തിലും പൈതൃകത്തിലും ഭാഷയിലും വിശുദ്ധ കുർബാന അർപ്പിക്കാനും മതാനുഷ്ഠാനങ്ങൾ നടത്താനുമുള്ള മാർഗങ്ങളെപ്പറ്റി ഈ കൂട്ടായ്മകൾ ആലോചന തുടങ്ങി.

അങ്ങനെ തദ്ദേശ ദേവാലയങ്ങളിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന മലയാളി വൈദികരെയും, ഉന്നതവിദ്യാഭ്യാസത്തിനായി കോളജുകളിൽ പഠിക്കാനായി വന്ന മലയാളി വൈദികരെയുമൊക്കെ കണ്ടുപിടിച്ചു, ക്രിസ്മസിനും, ഈസ്റ്ററിനും മറ്റു വിശേഷ ദിവസങ്ങളിലും മലയാളത്തിൽ ദിവ്യബലി അർപ്പിക്കുകയും അതിൽ പങ്കുചേർന്നു ചാരിതാർഥ്യരാകുകയും ചെയ്തുപോന്നു. ക്രമേണ മാസത്തിലൊരിക്കൽ മലയാളത്തിൽ വിശുദ്ധ കുർബാന പലേടങ്ങളിലും ആയി. എൺപതുകളിൽ നമ്മുടെ കുടിയേറ്റം കൂടുതൽ ശക്തമായി. അതോടൊപ്പം സ്വന്തമായി ദേവാലയവും മലയാളി വൈദികരും വേണമെന്ന ആവശ്യവും പലകോണുകളിൽനിന്നും ഉയർന്നു.

### അമേരിക്കയിലെ അജപാലനത്തിൻറെ തുടക്കം

വിശ്വാസികളുടെ നിരന്തര അപേക്ഷകൾ പരിഗണിച്ച്, 1984ൽ സീറോ മലബാർ പ്രവാസി മിഷൻറെകൂടി ചുമതലയുണ്ടായിരുന്ന പാലാ ബിഷപ് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ, തൻറെ രൂപതയിൽനിന്നു ഫാ. ജേക്കബ് അങ്ങാടിയത്തിനെ അമേരിക്കയിലെ സീറോ മലബാർ വിശ്വാസികളുടെ മതപരമായ ശുശ്രൂഷകൾക്കു വേണ്ടി വിട്ടുതന്നു. അങ്ങനെ ഫാ. അങ്ങാടിയത്ത് ഡാലസിൽ എത്തി. അവിടെ സെൻറ് പീയൂസ് പത്താമൻ ദേവാലയത്തിൽ അസിസ്റ്റൻറ് വികാരിയായിനിന്നുകൊണ്ട്, സീറോ മലബാർ വിശ്വാസികളെ ഏകോപിപ്പിച്ചു. വൈകാതെ മലയാളത്തിൽ വിശുദ്ധ കുർബ്ബാനയും ആരംഭിച്ചു. അങ്ങനെ ആദ്യ സീറോ മലബാർ മിഷനു ഡാളസിൽ തുടക്കം കുറിച്ചു!

ഫാ. അങ്ങാടിയത്തിന്റ ശ്രമഫലമായി, 1992ൽ ഡാളസിലെ ഗാർലൻറിൽ സ്വന്തമായി ഒരു ദേവാലയം വാങ്ങുകയും, (സ്വർഗീയനായ) അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ, പുതിയ ദേവാലയത്തിന്റെ വെഞ്ചരിപ്പ് തിരുക്കർമ്മം ജൂലൈ 25-ാം തീയതി നിർവ്വഹിക്കുകയും ചെയ്തു.

ഏതാണ്ട് ഇതേ കാലഘട്ടത്തിലോ, അതിനും മുന്നേ തന്നെയോ, ഷിക്കാഗോ, ന്യൂ യോർക്ക്, ന്യൂ ജേഴ്സി, ഫിലാഡൽഫിയ, ഹ്യൂസ്റ്റൺ, ഡിട്രോയിറ്റ്, മയാമി, കാലിഫോർണിയ തുടങ്ങി നിരവധി സ്ഥലങ്ങളിൽ സീറോ മലബാർ വിശ്വാസ കൂട്ടായ്മകൾ രൂപപ്പെട്ടു തുടങ്ങിയിരുന്നു.

ഷിക്കാഗോയിലെ സീറോ മലബാർ വിശ്വാസ സമൂഹം മോൺ. ആൻറണി കുര്യാളശ്ശേരിയുടെ ആത്മീയ നേതൃത്വത്തിൽ 1985 മുതൽ സജീവമായിരുന്നു. പിന്നീട് മോൺ. കുര്യാളശ്ശേരി ന്യൂയോർക്കിലേക്ക് പ്രവർത്തന മേഖലമാറ്റിയതിനെത്തുടർന്ന്, ഫാ. സഖറിയാസ് ഇളപ്പുങ്കൽ ഷിക്കാഗോയിലെ വിശ്വാസ കൂട്ടായ്മയുടെ ആത്മീയ ശുശ്രൂഷ ഏറ്റെടുത്തു. 1988 ൽ ഇളപ്പുങ്കൽ അച്ചൻ മിനിയപോളിസിലേക്ക് പോയതിനെത്തുടർന്നു, മോൺ. ആൻറണി കുര്യാളശ്ശേരി ന്യൂയോർക്കിൽ നിന്നും വീണ്ടും ഷിക്കാഗോയിലേക്ക് വന്നു. തുടർന്ന് മോൺ. കുര്യാളശ്ശേരിയുടെ നേതൃത്വത്തിൽ നടത്തിയ പരിശ്രമത്തിന്റെ ഫലമായി, ഷിക്കാഗോ അതിരൂപത സെയിന്റ് ക്രിസോസ്റ്റം ദേവാലയം യാതൊരു പ്രതിഫലവും കൂടാതെ നമ്മുക്ക് തരികയും, അന്നത്തെ പാലാ ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ 1988 സെപ്റ്റംബർ 10-ാം തീയതി ആശീർവദിച്ച്, മാർ തോമ ശ്ലീഹാ ദേവാലയമായി പുനഃനാമകരണം ചെയ്തു, വിശ്വാസികൾക്കായി സമർപ്പിച്ചു. 1989 ൽ ഈ ദേവാലയം രണ്ടാമത്തെ ഔദ്യോഗിക സിറോ മലബാർ മിഷനായി, പ്രവാസി മിഷൻറെകൂടി ചുമതലയുണ്ടായിരുന്ന അഭിവന്ദ്യ മാർ പള്ളിക്കാപറമ്പിൽ പ്രഖ്യാപിക്കുകയും, തൻറെ രൂപതയിൽ നിന്നുമുള്ള ഫാ. മാത്യു പന്തലാനിക്കലിനെ മിഷൻ ഡയറക്ടറായി നിയമിക്കുകയും ചെയ്തു. ഇന്നത്തെ കത്തീഡ്രൽ ഇടവകയുടെ തുടക്കം അതായിരുന്നു!

അതുപോലെ, 1987 ൽ തന്നെ ഡെട്രോയിറ്റിൽ സിറോ മലബാർ കൂട്ടായ്മ റവ. ഫാ. ജോസഫ് നാഗരൂരിന്റെ ആത്മീയ നേതൃത്വത്തിൽ ആരംഭിച്ചിരുന്നു. പിന്നീട്, 1994 ൽ സീറോ മലബാർ സഭയുടെ കുടിയേറ്റ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ, ഫാ. ജോൺ മേലേപ്പുറത്തിനെ ഡിട്രോയിറ്റിലെ സിറോ മലബാർ വിശ്വാസ കൂട്ടായ്മയുടെ ഡയറക്ടറായി നിയമിക്കുകയും, തുർന്ന് ഫാ. മേലേപ്പുറം മിഷിഗനിലെ ഡിട്രോയിറ്റ് കേന്ദ്രീകരിച്ചു വിപുലമായ രീതിയിൽ വിശ്വാസികളെ ഏകോപിപ്പിക്കുകയും മിഷൻ ആരംഭിക്കുകയും ചെയ്തു. 1995ൽ അഭിവന്ദ്യ കർദ്ദിനാൾ (സ്വർഗീയനായ) മാർ ആന്റണി പടിയറ, ഡിട്രോയിറ്റ് സിറോ മലബാർ മിഷൻ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയും, ഫാ. ജോൺ മേലേപ്പുറത്തിനെ മിഷൻ ഡയറക്ടറായി നിയമിക്കുകയും ചെയ്തു

1995ൽ സീറോ മലബാർ ബിഷപ് സിനഡ്, മാനന്തവാടി രൂപതയിൽ നിന്നും ഫാ. ജോസ് കണ്ടത്തിക്കുടിയെ ഷിക്കാഗോയിലേക്കു അയച്ചു. ഫാ. മാത്യു

പന്തലാനിക്കലിനു പകരക്കാരനായി, ഫാ. ജോസ് കണ്ടത്തിക്കുടി ഷിക്കാഗോ മാർ തോമ ശ്ലീഹാ മിഷൻ ഡയറക്ടറായി നിയമിതനായി.

പിന്നീട്, 1999 ൽ ഫാ. ജേക്കബ് അങ്ങാടിയത്തിനെ ഡാളസിൽ നിന്നും ഷിക്കാഗോ മിഷനിലേക്കും, ഷിക്കാഗോയിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന ഫാ. ജോസ് കണ്ടത്തിക്കുടിയെ ന്യൂയോർക്കിലേക്കും, ഫാ. ജോൺ മേലേപ്പുറത്തെ ഡെട്രോയിറ്റിൽ നിന്നും ഡാളസ്സിലേക്കും മാറ്റി നിയമിച്ചു. അതോടൊപ്പം ഫാ. ജോയ് ചാക്കിയാനെ ഡിട്രോയിറ്റ് മിഷൻ ഡയറക്ടറായും നിയമിച്ചു. ഇതായിരുന്നു അമേരിക്കയിലെ സീറോ മലബാർ വൈദികരുടെ ആദ്യ ഇടവക മാറ്റം!

1996ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ, അമേരിക്കയിലെ കുടിയേറ്റക്കാരായ സീറോ മലബാർ വിശ്വാസികളുടെ ആവശ്യങ്ങൾ പഠിക്കാനായി, സീറോ മലബാർ സഭയുടെ കുടിയേറ്റ കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ ഗ്രിഗറി കരോട്ടെമ്പ്രേലിനെ നിയമിച്ചു. കൂടാതെ സീറോ മലബാർ സഭാ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ വർക്കി വിതയത്തിൽ, 1998 ൽ അമേരിക്ക സന്ദർശിക്കുകയും, സ്വന്തമായി ഒരു രൂപത വേണമെന്ന വിശ്വാസികളുടെ ആവശ്യം നേരിട്ട് മനസിലാക്കുകയും, അത് മാർ കരോട്ടെമ്പ്രേലിനെ ബോധ്യപ്പെടുത്തുകയും ചെയ്തിരുന്നു.

അമേരിക്കയിലെ സീറോ മലബാർ വിശ്വാസികളുടെ നിലനിൽപ്പിനും മതപരമായ വളർച്ചക്കും രൂപതാനേതൃത്വം വേണമെന്നത്, ബിഷപ്പ് മാർ ഗ്രിഗറി കരോട്ടെമ്പ്രേലിൽ മാർപാപ്പയ്ക്കു സമർപ്പിച്ച പഠന റിപ്പോർട്ടിലെ പ്രധാന ശിപാർശകളിൽ ഒന്നായിരുന്നു. മാർപാപ്പ അത് അംഗീകരിക്കുകയും, അതുപ്രകാരം ഇന്ത്യക്കു പുറത്തുള്ള ആദ്യ പ്രവാസി സീറോ മലബാർ രൂപതയായി - സീറോ മലബാർ സെൻറ് തോമസ് കാത്തലിക് എപ്പാർക്കി - ഷിക്കാഗോ 2001 മാർച്ച് 13-ാം തീയതി പ്രഖ്യാപിക്കപ്പെട്ടു. അതോടൊപ്പം, മാർ ജേക്കബ് അങ്ങാടിയത്തിനെ രൂപതയുടെ പ്രഥമ ബിഷപ്പായും നിയോഗിച്ചു. കൂടാതെ കാനഡയുടെ അപ്പസ്തോലിക് വിസിറ്റർ പദവിയും മാർ അങ്ങാടിയത്തിനു നൽകി.

## വെല്ലുവിളികളുടെ കാലം

ഒന്നും ഇല്ലായ്മയിൽനിന്നുള്ള തുടക്കം, ക്രമേണയുള്ള വളർച്ച! ഇന്നുകാണുന്ന ഷിക്കാഗോ രൂപത, ഒട്ടനവധി വിശ്വാസികളുടെ കഷ്ടപ്പാടുകളുടേയും ത്യാഗത്തിൻറെയും കണ്ണീർ ചിന്തിയ പ്രാർത്ഥനകളുടേയും പ്രതിഫലനമാണ്. വൈദികരുടെ ദൗർലഭ്യമായിരുന്നു തുടക്കത്തിലെ വലിയ വെല്ലുവിളി! എംഎസ്ടി സഭയിൽ നിന്നും റവ. ഫാ. ആൻറണി തുണ്ടത്തിലിനെ വിട്ടു തന്നു. അച്ചനെ കത്തീഡ്രൽ പള്ളിയുടെ ആദ്യ വികാരിയായി നിയമിച്ചു. അതോടൊപ്പം രൂപത പ്രൊക്യൂറേറ്ററുടെ അധിക ചുമതലകൂടി നൽകി. തുടർന്ന് വന്ന പാലാ രൂപതാ അംഗമായ റവ. ഫാ. സക്കറിയാസ് തോട്ടുവേലിയെ, രൂപതയുടെ പ്രഥമ ചാൻസലർ ആയും, കൂടാതെ ബിഷപ്പിൻറെ സെക്രട്ടറിയായും നിയമിച്ചു.! പിന്നീട്, ആ സമയത്തു വാഷിംഗ്ടൺ ഡി.സി യിലുണ്ടായിരുന്ന, എസ്ബി കോളേജ് മുൻ പ്രിൻസിപ്പാൾ കൂടിയായ റവ. ഡോ. ജോർജ് മഠത്തിൽപറമ്പിലിനെ ചങ്ങനാശേരി അതിരൂപത വിട്ടുനൽകി. മഠത്തിൽപ്പറമ്പിൽ അച്ചനാണ് ആദ്യ വികാരി ജനറാൾ. പിന്നീട്, ക്നാനായ സമൂഹത്തെക്കൂടി പരിഗണിച്ചു, രണ്ടാമത്തെ വികാരി ജനറാളായി റവ. ഫാ. എബ്രഹാം മുത്തോലത്തിനെയും നിയമിച്ചു. ഇതായിരുന്നു ഷിക്കാഗോ രൂപതയുടെ ആദ്യ കൂരിയ!

സാമ്പത്തികമായിരുന്നു രൂപതയുടെ ആരംഭകാലത്തെ മറ്റൊരു വെല്ലുവിളി !. വിശ്വാസികൾ കൈയയച്ചു സഹായിച്ചു. എക്കാലത്തും വിശ്വാസികൾതന്നെയാണ് രൂപതയുടെ ഏറ്റം വലിയ സാമ്പത്തിക സ്രോതസ്! കൂടാതെ, യുണൈറ്റഡ് സ്റ്റേറ്റ്സ് കോൺഫറൻസ് ഓഫ് കാത്തലിക് ബിഷപ്പ്സിന്റെ ഹോം മിഷൻ ഡിപ്പാർട്ട്മെന്റ്, കാത്തലിക് ഈസ്റ്റ് വെൽഫെയർ അസോസിയേഷൻ, നൈറ്റ്സ് ഓഫ് കൊളംബസ് എന്നീ സംഘടനകളും തുടക്കകാലത്തു രൂപതയെ സാമ്പത്തികയി സഹായിച്ചിട്ടുണ്ട്. അവരെയെല്ലാം സിൽവർ ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

## ആദ്യ സീറോ മലബാർ കൺവൻഷൻ

വിശ്വാസികൾ തമ്മിലുള്ള അടുപ്പവും സഹകരണവും ഇഴപാകുന്നതിൽ കൂട്ടായ്മകളും, കൺവൻഷനുകളും വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. ആദ്യ സിറോ മലബാർ കൺവൻഷൻ, രൂപത സ്ഥാപിതമാകുന്നതിനും രണ്ടു വർഷം മുമ്പ്, അതായതു 1999 ആഗസ്റ്റ് 13 - 15 തീയതികളിൽ ഫിലാഡൽഫിയയിൽ വച്ചാണ് നടന്നത്. സീറോ മലബാർ വിശ്വാസികളുടെ ദേശീയ സംഘടനയായ സീറോ മലബാർ കാത്തലിക് കോൺഗ്രസ് (എസ്.എം.സി.സി) ആണ് പ്രഥമ കൺവൻഷനു നേതൃത്വം നൽകിയത്. ആ കൺവൻഷനിൽ സീറോ മലബാർ മേജർ ആർച്ച്ബിഷപ്പ് കർദിനാൾ മാർ വർക്കി വിതയത്തിൽ, കൂടാതെ കേരളത്തിൽനിന്നുമുള്ള വിവിധ ബിഷപ്പുമാർ, വൈദിക ശ്രേഷ്ഠർ, അല്മായ പ്രമുഖർ എന്നിവരും പങ്കെടുത്തു.

ആദ്യ കൺവൻഷനിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടു, രണ്ടാമത്തെ കൺവൻഷൻ 2001ജൂലൈയിൽ ഷിക്കാഗോയിലാണ് നടന്നത്. രൂപത സ്ഥാപിതമായതിനു ശേഷം നടന്ന ഈ കൺവൻഷനിലാണ് മാർ ജേക്കബ് അങ്ങാടിയതിന്റെ സ്ഥാനാരോഹണ ചടങ്ങും നടന്നത്. 2003ൽ നടന്ന മൂന്നാമത്തെ സീറോമലബാർ കൺവൻഷനു ന്യൂജേഴ്സിയാണ് ആതിഥേയത്വം വഹിച്ചത്. നാലാമത്തെ കൺവൻഷൻ 2005 ൽ ഡാലസിലും, അഞ്ചാമത്തെ കൺവൻഷൻ 2007ൽ മയാമിയിൽ വച്ചും, ആറാമത്തെ കൺവൻഷൻ 2012 ൽ അറ്റ്ലാന്റയിലും, ഏഴാമത്തെ കൺവൻഷൻ 2019 ൽ ഹ്യൂസ്റ്റണിൽ വച്ചും നടത്തപ്പെട്ടു. എട്ടാമത് സീറോ മലബാർ കൺവൻഷനാണ്, 2026 ജൂലൈ 9–12 തീയതികളിൽ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഷിക്കാഗോയിൽ വച്ച് നടക്കുന്നത്.

## ഊർജ്ജസ്വലമായ അജപാലനം

ബാലാരിഷ്ടതകൾ വളരെ ആയിരുന്നെങ്കിലും ഷിക്കാഗോ രൂപതയുടെ വളർച്ച ചിട്ടയോടെയായിരുന്നു, അതുപോലെ വിശ്വാസത്തിലും പാരമ്പര്യത്തിലും അടിയുറച്ചതും! രൂപതയുടെ തുടക്കത്തിൽ, ഡാലസിലും (ഗാർലാൻറ്), ഷിക്കാഗോയിലുമായി രണ്ടു ദേവാലങ്ങളാണ് സ്വന്തമായി ഉണ്ടായിരുന്നത്. പിന്നീട്, റവ. ഡോ. ജേക്കബ് കട്ടക്കലിൻറെ നേതൃത്വത്തിൽ, കാലിഫോർണിയിലെ നോർത്തേൺ ഓറഞ്ച് കൗണ്ടിയിൽ സിറോ മലബാർ കമ്യൂണിറ്റി ചെറിയൊരു ദേവാലയം സ്വന്തമായി വാങ്ങി. അതുപോലെ 2002ൽ ( സ്വർഗീയനായ) റവ.ഫാ. ജോസ് കണ്ടത്തിക്കുടിയുടെ നേതൃത്വത്തിൽ, ന്യൂയോർക്കിലെ ബ്രോങ്ക്സിൽ അടഞ്ഞു കിടന്നിരുന്ന സെൻറ് വാലെൻറൈൻ ദേവാലയം വാടകയ്ക്ക് എടുത്ത്, സെൻറ് തോമസ് സീറോ മലബാർ ദേവാലയമായി പുനർനാമകരണം നടത്തി വിശ്വാസികൾക്കായി സമർപ്പിച്ചു. ബ്രോങ്ക്സ് ഇടവകയിൽനിന്നും, പിന്നീട് റോക്‌ലാൻഡ്, ലോങ്ഐലൻഡ്, സ്റ്റാറ്റൻ ഐലൻഡ്, കണറ്റിക്കെട്ട് എന്നിവിടങ്ങളിലും ഇടവകകളും മിഷനുകളും ഉണ്ടായി. വളർച്ചയുടെ ഭാഗമായി മയാമി, ഹ്യൂസ്റ്റൺ മിഷനുകൾ 2003 ൽ ഇടവക




കളായി ഉയർത്തപ്പെട്ടു. അതുപോലെ 2004 ൽ ന്യൂ ജേഴ്സിയിലെ സോമർസെറ്റ് മിഷനും, 2006 ൽ ഫിലാഡൽഫിയ മിഷനും ഇടവകകളായി.

### വളർച്ചയുടെ വഴിയിൽ

അജപാലന ശുശ്രൂഷയിൽ മാർ അങ്ങാടിയത്തിനു താങ്ങായി, 2014 ജൂലൈ 24-)0 തീയതി മാർ ജോയ് ആലപ്പാട്ടിനെ സഹായ മെത്രാനായി പരിശുദ്ധ സിംഹാസനം നിയമിച്ചത് രൂപതയുടെ പ്രവർത്തങ്ങളെ കൂടുതൽ ചടുലമാക്കി. മാർ ആലപ്പാട്ട് സെപ്റ്റംബർ 27-)0 തീയതി സിറോ മലബാർ സഭാ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയാൽ അഭിഷിക്തനായി.

2022 ജൂലൈ 3-)0 തീയതി മാർ അങ്ങാടിയത്ത് അജപാലനത്തിൽനിന്നു വിരമിച്ചതോടെ, രൂപതയുടെ രണ്ടാമത്തെ ബിഷപ്പായി ഒക്ടോബർ 1-)0 തീയതി മാർ ജോയ് ആലപ്പാട്ടിനെ നിയോഗിച്ചത് രൂപതയുടെ വളർച്ചയിൽ മറ്റൊരു നാഴികക്കല്ലായി. രൂപത ഭരണത്തിൽ മാർ ജേക്കബ് അങ്ങാടിയത്തിൻറെ അതേ പാതയിലായിരുന്നു മാർ ആലപ്പാട്ടും. 2001ൽ നിന്നും 2026ൽ എത്തിനിൽക്കുമ്പോൾ, ഷിക്കാഗോ സീറോ മലബാർ രൂപത, പതിനാല് ഫൊറോനകളിലായി, അമ്പത്തി മൂന്നു ഇടവകകളും മുപ്പത്തിനാല് മിഷനുകളും എഴുപതിനായിരത്തോളം വിശ്വാസികളും എഴുപതിൽപരം വൈദികരുമുള്ള, അമേരിക്കയിലെ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലുമായി വ്യാപിച്ചുകിടക്കുന്ന വലിയൊരു വിശ്വാസ സമൂഹമായി വളർന്നിരിക്കുന്നു

തുടക്കംമുതലേ, വിശുദ്ധ കുർബ്ബാനക്കൊപ്പം, കുട്ടികൾക്കായി മതബോധന ക്ലാസുകൾ രൂപതയിൽ കാര്യക്ഷമമാക്കിയിരുന്നു. സീറോ മലബാർ സഭയുടെ പാരമ്പര്യവും രീതിയും അനുസരിച്ചുള്ള മതബോധനം ഷിക്കാഗോ രൂപതയിലുള്ള കുട്ടികൾക്കും ഉറപ്പുവരുത്തി. ഇപ്പോൾ പതിനായിരത്തിലധികം കുട്ടികൾ വിവിധ ഇടവകളിലായി മതബോധന ക്ലാസുകളിൽ പഠിക്കുന്നു. ഇവർക്കായി രണ്ടായിരത്തി അഞ്ഞൂറോളം അധ്യാപകർ രൂപതയുടെ കീഴിലുള്ള "വിശ്വാസ രൂപീകരണ" മിനിസ്ട്രിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. ശക്തമായ ഈ പ്രവർത്തനത്തിൻറെ ഭാഗമായി, രൂപതയിൽ ഉടനീളം, വിവിധ ഇടവകകളിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന ദൈവവിളികൾ സിൽവർ ജൂബിലി ആഘോഷവേളയ്ക്കു കൂടുതൽ തിളക്കം പകരുന്നു.

കൂടാതെ, രൂപതയുടെ കീഴിൽ ഹോളിചൈൽഡ് ഹുഡ്, ചെറുപുഷ്പ മിഷൻ ലീഗ്, യൂത്ത് അപ്പസ്തോലേറ്റ്, ജീസസ് യൂത്ത്, ഫാമിലി അപ്പസ്തോലേറ്റ്, എസ്.എം.സി.സി, കാത്തലിക് വിമൻസ് ഫോറം, വിൻസെൻറ് ഡീപോൾ സൊസൈറ്റി, ഫോർ ലൈഫ്, സീനിയർസ് ഫോറം തുടങ്ങി നിരവധി മിനിസ്ട്രികൾ പ്രവർത്തിച്ചുവരുന്നു.

### നിലവിലെ കൂരിയ (Administration)

രൂപതയിലെ ദൈനംദിന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും, രൂപത ഭരണത്തിൽ പിതാവിനെ സഹായിക്കുന്നതിനുമായി വളരെ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന ഒരു കൂരിയയും രൂപതയ്ക്കുണ്ട്.

വെരി റവ: ഫാ. തോമസ് മുളവനാൽ, വെരി റവ: ഫാ. ജോൺ മേലേപ്പുറം, വെരി റവ: ഫാ. തോമസ് കടുകപ്പള്ളിൽ - (വികാരി ജനറാൾമ്മാർ)

റവ: ഫാ. ജോൺസൺ കോവൂർ പുത്തൻപുരയിൽ - ചാൻസലർ

റവ: ഫാ. കുര്യൻ നെടുവേലിചാലുങ്കൽ - പ്രൊക്യൂറേറ്റർ

റവ: ഫാ. ജിബി പൊങ്ങാൻപാറ - ജുഡീഷ്യൽ വികാരി

എന്നീ വൈദികരാണ് ഇപ്പോൾ കൂരിയയിൽ സേവനം ചെയ്യുന്നത്!

കാൽനൂറ്റാണ്ട് മാർത്തോമാ നസ്രാണി പാരമ്പര്യത്തിൽ അടിയുറച്ചു നിന്നു, ഷിക്കാഗോ രൂപത നേടിയ ആല്മമീയവും ഭൗതികവുമായ വളർച്ച, അനന്തമായ ദൈവപരിപാലനയുടെ നേർകാഴ്ചയാണ്.

### രൂപതയിലെ ദൈവവിളികൾ!

മുൻപ് സൂചിപ്പിച്ചതുപോലെ, അടിയുറച്ച വിശ്വാസത്തിന്റേയും, ചിട്ടയായ മതബോധനത്തിന്റേയും ഫലമായി രൂപതയിലുണ്ടായിട്ടുള്ള ദൈവവിളികൾ ഈ അവസരത്തിൽ എടുത്തു പറയേണ്ടതാണ്.

ദൈവകൃപയാൽ, കഴിഞ്ഞ ഇരുപത്തഞ്ചു വർഷങ്ങൾ കൊണ്ട് തദ്ദേശ്യരായ ഏഴ് വൈദികർക്ക് ജൻമം നൽകുവാൻ ഷിക്കാഗോ രൂപതയ്ക്ക് സാധിച്ചു. 2018 മെയ് അഞ്ചാം തീയതി ന്യൂയോർക്കിലെ ബ്രോങ്ക്സ് ഇടവകയിൽ നിന്നും ഫാ. കെവിൻ മുണ്ടക്കലും,ജൂൺ രണ്ടാം തീയതി ഫ്ലോറിഡയിലെ റ്റാമ്പാ സെയിന്റ് ജോസഫ് ഇടവകാംഗമായ ഫാ. രാജീവ് വലിയവീട്ടിലും തിരുപ്പട്ടം സ്വീകരിച്ചു രൂപതയിലെ പ്രഥമ തദ്ദേശ്യ വൈദികരായി. തുടർന്ന്, 2020 മെയ് 16-)0 തീയതി ബാൾട്ടിമോർ സെയിന്റ് അൽഫോൻസാ ഇടവകാംഗമായ ഫാ. മെൽവിൻ പോൾ മംഗലത്ത്, ജൂൺ 6-)0 തീയതി ടെക്സസ് - എഡിൻബർഗ് ഡിവൈൻ മേഴ്സി ഇടവകയിൽ നിന്നും ഫാ. തോമസ് പുളിക്കൽ, 2021 മെയ് 22-ാം തീയതി കാലിഫോർണിയയിലെ ഓറഞ്ച് സെയിന്റ് തോമസ് ഇടവകാംഗമായ ഫാ. ജോബി ജോസഫ്, 2022 മെയ് 28-ാം തീയതി അറ്റ്ലാന്റാ സെയിന്റ് അൽഫോൻസാ ഇടവക അംഗമായ ഫാ. ജോയൽ പയസ്, 2023 ജൂൺ 3-ാം തീയതി ചിക്കാഗോ മാർ തോമ ശ്ലീഹ കത്തിഡ്രൽ ഇടവകയിൽ നിന്നുള്ള ഫാ. ജോർജ് പാറയിൽ എന്നിവരും തിരുപ്പട്ടം സ്വീകരിച്ചു.

ഈ ഏഴ് വൈദികരെ കൂടാതെ, രൂപത സിൽവർ ജൂബിലി ആഘോഷിക്കുന്ന ഈ വർഷം മെയ് 23-ാം തീയതി, ഫ്ലോറിഡയിലെ കോറൾ സ്പ്രിംഗ് ഔർ ലേഡി ഓഫ് ഹെൽത്ത് ഇടവകയിൽനിന്നും ഡീക്കൻ മാത്യു ജേക്കബും, ജൂൺ 13-ാം തീയതി ന്യൂജേഴ്സിയിലെ പാറ്റേഴ്സൺ സെയിന്റ് ജോർജ് ഇടവകയിൽനിന്നുമുള്ള ഡീക്കൻ മൈക്കിൾ ജെയിംസും, ഡീക്കൻ സാം കുട്ടാപ്പശ്ശേരിയും തിരുപ്പട്ടം സ്വീകരിച്ചു പുരോഹിതരാകും.

ഇതോടൊപ്പം, നിലവിൽ എഴിൽപ്പരം വൈദിക വിദ്യാർത്ഥികൾ വിവിധ സെമിനാരികളിൽ രൂപതയ്ക്ക് വേണ്ടി പഠിക്കുന്നു

എന്നതും ശ്രദ്ധേയമാണ്. കൂടാതെ ഈ രൂപതയിലെ ഇടവകകളിൽ നിന്നുമുള്ള അഞ്ചിലധികം യുവജനങ്ങൾ മറ്റു കോൺഗ്രിഗേഷനുകൾക്കായും സെമിനാരികളിൽ പഠിക്കുന്നുമുണ്ട്. ഇതുകൂടാതെ, പെൺകുട്ടികളുടെ ഇടയിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന ദൈവവിളികളും എടുത്തുപറയേണ്ടതാണ്.

## എപ്പാർക്കിയൽ അസംബ്ലി

രൂപതയുടെ അദ്ധ്യാത്മികവും, ഭൗതികവുമായ വളർച്ചക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും, പ്രവർത്തനങ്ങൾക്കുവേണ്ട അലകും പിടിയും രൂപപ്പെടുത്തുന്നതിനും എപ്പാർക്കിയൽ അസംബ്ലികൾക്ക് വലിയ പ്രാധാന്യമാണ് സിറോ മലബാർ സഭയിലുള്ളത്. ചിക്കാഗോ രൂപതയുടെ ആദ്യ എപ്പാർക്കിയൽ അസംബ്ലി 2008-ലാണ് നടന്നത്. ആദ്യ അസംബ്ലിയിനിന്നും പ്രചോദനം ഉൾക്കൊണ്ടു, രൂപതയുടെ രണ്ടാം എപ്പാർക്കിയൽ അസംബ്ലി വിപുലമായ രീതിയിൽ 2024 ഒക്ടോബർ 28 മുതൽ 31 വരെ ചിക്കാഗോയിലെ മൻഡലീൻ സെമിനാരിയിൽ വച്ച് നടന്നു. ചിക്കാഗോ സീറോ മലബാർ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വൈദികരും, സന്ന്യസ്തരും, ആത്മായരും അടങ്ങുന്ന നൂറ്റി ഒമ്പത് പ്രതിനിധികളാണ് രണ്ടാം അസംബ്ലിയിൽ പങ്കെടുത്തത്.

അതുപോലെ, രൂപതയുടെ ആഭിമുഖ്യത്തിൽ, 2025 മെയ് മാസം 23, 24, 25 തീയതികളിൽ ന്യൂജേഴ്സിയിലെ സോമർസെറ്റിൽ വച്ച് നടന്ന ദിവ്യകാരുണ്യ കോൺഗ്രസ് വലിയ വിജയമായിരുന്നു. വിശ്വാസികൾക്ക് ആത്മീയ ഉണർവേകിയ ദിവ്യകാരുണ്യ കോൺഗ്രസിൽ വിവിധ ഇടവകളിൽനിന്നായി മൂവായിരത്തിഅഞ്ഞൂറിലധികം വിശ്വാസികൾ പങ്കെടുത്തു.

## കൊയ്നോനിയ

കൊയ്നോനിയ എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം ആത്മീയ കൂട്ടായ്മ എന്നാണ്. ചിക്കാഗോ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി, അമേരിക്കയിൽ സേവനം ചെയ്യുന്ന മലയാളി കത്തോലിക്ക വൈദികരുടെ സംഗമം - കൊയ്നോനിയ 2025, നവംബർ 18, 19 തീയതികളിലായി മിയാമിയിൽ വച്ച് നടന്നു. അമേരിക്കയിൽ ഏകദേശം അഞ്ഞൂറിൽപ്പരം മലയാളി കത്തോലിക്ക വൈദികർ വിവിധ രൂപതകളിയായി സേവനം ചെയ്യുന്നുണ്ട്. അവരിൽ ഭൂരിപക്ഷവും സീറോ മലബാർ സഭയുടെ സംഭാവനയാണ്. ഏതാണ്ട് ഇരുന്നൂറോളം മലയാളി വൈദികർ കൊയ്നോനിയ 2025ൽ പങ്കെടുത്തു.

അതുപോലെ, അമേരിക്കയിൽ നാനൂറോളം മലയാളി കത്തോലിക്ക സന്യസ്തരും വിവിധ മേഖലകളിയായി സേവനം ചെയ്തുവരുന്നു. അവരുടെ കൂട്ടായ്മ - കൊയ്നോനിയ 2026, മാർച്ച് 18-20 തീയതികളിലായി ഷിക്കാഗോയിൽ നടത്തപ്പെട്ടു. ഇരുന്നൂറ്റിഅമ്പതിലധികം സന്യസ്തർ ഈ സംഗമത്തിന്റെ ഭാഗമായി അണിചേർന്നു.

അഞ്ഞൂറിലധികം കത്തോലിക്ക വൈദികരും ഏതാണ്ട് നാനൂറോളം സന്യസ്തരും വിവിധ അമേരിക്കൻ രൂപതകളിലായി സേവനം ചെയ്തു വരുന്നുയെന്നത് നമ്മുക്ക് ഏറെ അഭിമാനകരമാണ്

പരസ്പരം പരിചയപ്പെടുക, സാഹോദര്യ കൂട്ടായ്മ ശക്തിപ്പെടുത്തുക , ദൈവവിളികളെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് കൊയ്നോനിയ കൊണ്ട് ലക്ഷ്യമിടുന്നത്. ഇത് ആദ്യമായാണ് മലയാളി കത്തോലിക്ക വൈദികരുടെയും സന്യസ്തരുടേയും കൂട്ടായ്മകൾ വിപുലമായ രീതിയിൽ അമേരിക്കയിൽ സംഘടിപ്പിക്കപ്പെടുന്നത്.

## അമേരിക്കയിലെ ക്നാനായ വിശ്വാസ സമൂഹം


ഷിക്കാഗോ സീറോ മലബാർ രൂപതയുടെ ചരിത്രം പറയുമ്പോൾ, ക്നാനായ വിശ്വാസ സമൂഹത്തിൻറെ സംഭാവനകളെപ്പറ്റി പ്രതിപാദിക്കാതെ പോകാൻ കഴിയില്ല. സീറോ മലബാർ സഭ അമേരിക്കയിൽ അജപാലന ശുശ്രൂഷ ആരംഭിക്കുന്നതിനു വളരെ മുമ്പ് തന്നെ, ക്നാനായ വിശ്വാസ സമൂഹം അമേരിക്കയിൽ വിവിധ ഇടങ്ങളിൽ അല്മമീയ ശുശ്രൂഷകൾ തുടങ്ങിയിരുന്നു. ഷിക്കാഗോയിൽ ക്നാനായ മിഷൻ തുടങ്ങാൻ 1983ൽ തന്നെ ഷിക്കാഗോ അതിരൂപത അനുവാദം നൽകിയിരുന്നു. ഇതുപ്രകാരം ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി കോട്ടയം രൂപതയിൽ നിന്നും ഫാ. ജേക്കബ് ചൊള്ളമ്പേലിനെ ഷിക്കാഗോയിലേക്കു അയച്ചു. ഇന്ന് അമേരിക്കയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും ക്നാനായ ഇടവകകളും മിഷനുകളും സജീവമാണ്. ഷിക്കാഗോ സിറോ മലബാർ രൂപതയിലെ പതിനാലു ഫൊറോനകളിൽ അഞ്ചെണ്ണം ക്നാനായ സമൂഹത്തിന്റേതാണ്. ക്നാനായ വിശ്വാസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നേതൃത്വം നൽകുന്നതിനുമായി ഒരു വികാരി ജനറാളും രൂപതയിൽ സേവനം ചെയ്യുന്നു.

## ദീപ്ത സ്മരണയിൽ..

വെല്ലുവിളികൾ നിറഞ്ഞ പ്രാരംഭകാലം മുതൽ 21 വർഷം രൂപതയെ നയിക്കുകയും, ആത്മീയവും ഭൗതികവുമായ അടിത്തറ പാകുകയും ചെയ്ത ബിഷപ്പ് (എമിരിറ്റസ്) മാർ ജേക്കബ് അങ്ങാടിയത്തിന്റെ സേവനങ്ങളെ ഷിക്കാഗോ രൂപത എന്നും നന്ദിയോടെ അനുസ്മരിക്കും. രൂപതയുടെ രജത ജൂബിലി കൊണ്ടാടുന്ന വേളയിൽ, മെത്രാഭിഷേകത്തിന്റെ സിൽവർ ജൂബിലിയും ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജേക്കബ് പിതാവിന് ഷിക്കാഗോ രൂപതയിലെ വിശ്വാസ സമൂഹത്തിന്റെ മംഗളാശംസകൾ

ഷിക്കാഗോ രൂപതയുടെ രൂപീകരണത്തിലും വളർച്ചയിലും ഒട്ടനവധി മഹത് വ്യക്തികൾ സഹായിച്ചിട്ടുണ്ട്. സിൽവർ ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ അവരെയെല്ലാം കൃതജ്ഞതയോടെ സ്മരിക്കുന്നു.

അമേരിക്കയിലെ തദ്ദേശ്യ കത്തോലിക്ക രൂപതകളും, വിശ്വാസികളും നമ്മുടെ വളർച്ചയിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. അവരെയെല്ലാം നന്ദി നിറഞ്ഞ ഹൃദയത്തോടെ ചേർത്തുനിർത്താം! യാതൊരു പ്രതിഫലവും കൂടാതെ ഷിക്കാഗോയിലെ സെയിന്റ് ക്രിസോസ്റ്റം ദേവാലയം വിട്ടുനൽകിയ ഷിക്കാഗോ അതിരൂപതയേയും, അന്ന് രൂപതക്കു നേതൃത്വം നല്കിയിരുന്ന കർദ്ദിനാൾ (സ്വർഗീയനായ) ജോസഫ് ബെർണാർഡിൻ പിതാവിനേയും സീറോമലബാർ സമൂഹം കൃതജ്ഞതയോടെ സ്മരിക്കുന്നു. അമേരിക്കയിലുള്ള സിറോ മലബാർ വിശ്വാസികൾക്കു സ്വന്തമായി ഒരു രൂപത അനുവദിച്ചു നൽകിയ, സ്വർഗീയനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പയോടു ഏറെ കടപ്പെട്ടിരിക്കുന്നു. അതുപോലെ, അമേരിക്കയിലെ സീറോമലബാർ വിശ്വാസികളുടെ ആവശ്യങ്ങൾ പഠിക്കുകയും രൂപതക്കായി ശിപാർശ ചെയ്യുകയും ചെയ്ത ബിഷപ്പ് മാർ ഗ്രിഗറി കരോട്ടെമ്പ്രേലിൽ, ആരംഭഘട്ടത്തിൽ വേണ്ട ഉപദേശങ്ങളും സഹായങ്ങളും നൽകിയ കർദിനാൾ മാർ വർക്കി വിതയത്തിൽ, മാർ ജോസഫ് പവ്വത്തിൽ, കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, അമേരിക്കയിലെ സീറോ മലബാർ വിശ്വാസികൾക്കായി ആദ്യമായി ഒരു വൈദികനെ വിട്ടു നൽകിയ പാല രൂപതയുടെ മുൻ മെത്രാൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ തുടങ്ങിയ പിതാക്കന്മാരോടും ഷിക്കാഗോ രൂപതയ്ക്ക് ഹൃദയം നിറഞ്ഞ നന്ദിയുണ്ട്. കൂടാതെ, നമ്മുടെ രൂപതയിൽ മുമ്പ് ശുശ്രൂഷ ചെയ്തിട്ടുള്ള, ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരുമായ വൈദികർ, സന്യസ്തർ, ആല്മായർ തുടങ്ങി എല്ലാവരേയും നന്ദിയോടെ സ്മരിക്കുന്നു. അനന്തമായ ദൈവപരിപാലനയ്ക്ക് ഒരിക്കൽകൂടി ആഴമേറിയ നന്ദി




**ABEL'S GARDEN PVT LTD**
Karimannoor P.O. Thodupuzha, Idukki,
Kerala, India PIN. 685581
Email/ Phone : hello@abelsgarden.in
Tel:+917034413000, +917034643000, +919778050077

# അമേരിക്കയിൽ നിന്ന് ബി.ജെ.പിക്കിട്ട് പണികൊടുക്കുന്ന 'പാറ്റാ' പാർട്ടി

# അഭിജിത്ത് ഇന്ത്യയിലെത്തിയാൽ അറസ്റ്റിലാവുമോ..?





**എ.എസ് ശ്രീകുമാർ**

വിരലിലെണ്ണാവുന്ന ദിവസങ്ങൾക്കുള്ളിൽ ബി.ജെ.പിയുടെയും നരേന്ദ്ര മോദിയുടെയുമൊക്കെ ഉറക്കം കെടുത്തിയ സോഷ്യൽ മീഡിയയിലെ വൻ തരംഗം "കോക്രോച്ച് ജനതാ പാർട്ടി"യുടെ (സി.ജെ.പി) ഔദ്യോഗിക വെബ്സൈറ്റ് മരവിപ്പിച്ചുവെന്നും ബി.ജെ.പി നേതൃത്വം നൽകുന്ന കേന്ദ്ര സർക്കാർ ഏകാധിപത്യപരമായാണ് പെരുമാറുന്നതെന്നും സ്ഥാപകൻ അഭിജിത് ദിപ്കെ ആരോപിച്ചു. വെബ്സൈറ്റ് അടക്കം സർക്കാർ പൂർണ്ണമായി മരവിപ്പിച്ചതോടെ തങ്ങളുടെ പ്രധാന ആശയവിനിമയ മാർഗ്ഗങ്ങളും രാഷ്ട്രീയ ക്യാമ്പെയിനുകളും തടസ്സപ്പെടുകയും പാർട്ടിയുടെ പ്രവർത്തനം പൂർണ്ണമായും വഴിമുട്ടുകയും ചെയ്തതായി അദ്ദേഹം വെളിപ്പെടുത്തുന്നു. ഇപ്പോൾ തങ്ങൾക്ക് ഒരു തരത്തിലുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമിലും യാതൊരുവിധ നിയന്ത്രണവുമില്ലാത്ത അവസ്ഥയാണെന്നും അദ്ദേഹം പറഞ്ഞു. അഭിജിത്തിന് ഇന്ത്യയിലെത്തിയാൽ അറസ്റ്റ് ഭീഷണിയുമുണ്ട്.

നിലവിലെ ജനവിരുദ്ധമായ ഇന്ത്യൻ വ്യവസ്ഥിതിക്കെതിരെയുള്ള പരിഹാസങ്ങൾ, ട്രോളുകൾ, ആക്ഷേപഹാസ്യങ്ങൾ എന്നിവയിലൂടെ മില്ലേനിയലുകൾക്കും ജനറേഷൻ സെഡ് യുവാക്കൾക്കുമിടയിൽ ഇസി.ജെ.പി എന്ന ഡിജിറ്റൽ കൂട്ടായ്മ അതിവേഗം ജനപ്രീതി നേടിയിരുന്നു. ഇവരുടെ ഇൻസ്റ്റഗ്രം അക്കൗണ്ടും ഹാക്ക് ചെയ്യപ്പെട്ടിട്ടുണ്ട്. നേരത്തെ കേന്ദ്രസർക്കാർ സി.ജെ.പിയുടെ എക്സ് അക്കൗണ്ടിന് വിലക്കേർപ്പെടുത്തിയിരുന്നു. രാജ്യ സുരക്ഷയ്ക്ക് ഭീഷണിയെന്നു ചൂണ്ടിക്കാട്ടി ഇന്റലിജൻല് ബ്യൂറോ കേന്ദ്രത്തിന് റിപ്പോർട്ട് നൽകിയതിനു പിന്നാലെയായിരുന്നു ഈ നടപടി. തുടർന്ന് "കോക്രോച്ച് ഈസ് ബാക്ക്" എന്ന പുതിയ അക്കൗണ്ടുമായി അഭിജിത് ദിപ്കെ വീണ്ടും എത്തുകയായിരുന്നു. യുവാക്കൾക്കെതിരെയുള്ള സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്തിന്റെ വിദ്വേഷ പരാമർശത്തെത്തുടർന്നാണ് ഡിജിറ്റൽ വിപ്ലവ പ്ലാറ്റ്ഫോമായ സി.ജെ.പിക്ക് അഭിജിത് രൂപം നൽകിയത്.


മെയ് 16-ന് തുടങ്ങിയ അക്കൗണ്ടിന് രണ്ടുകോടിയിലധികം ജെൻസികളുടെ ആവേശോജ്ജ്വലമായ പിന്തുണയാണ് ലഭിച്ചത്. പോസ്റ്റ് ചെയ്തതാകട്ടെ അൻപതോളം ചെറു വീഡിയോകൾ മാത്രമാണ്. അവ പക്ഷേ,

കൊള്ളേണ്ടിടത്ത് തറയ്ക്കുകയും ചെയ്തു. ഇതിനിടെ, അമേരിക്കയിലെ ഇന്ത്യൻ വിദ്യാർത്ഥിയായ അഭിജിത് ദീപ്കെയ്ക്ക് നിരവധി വധ ഭീഷണികളും ലഭിക്കുന്നുണ്ട്. നീക്കം അവസാനിപ്പിച്ചില്ലെങ്കിൽ വകവരുത്തുമെന്ന ഭീഷണി സന്ദേശങ്ങൾ ദീപ്കെ സാമൂഹികമാധ്യമത്തിൽ പങ്കുവെച്ചു. അക്കൗണ്ട് പൂട്ടിയില്ലെങ്കിൽ വകവരുത്തുമെന്നാണ് ഭീഷണി. ഈ പശ്ചാത്തലത്തിൽ ദീപ്കെയുടെ രക്ഷിതാക്കൾ ആശങ്ക അറിയിച്ച് രംഗത്തെത്തിയിട്ടുണ്ട്. തങ്ങളുടെ മകന് എന്തും സംഭവിച്ചേക്കാമെന്ന ഭയത്തിലാണ് അഭിജത്തിന്റെ മാതാപിതാക്കൾ. അതിനാൽ ഈ പരിപാടി ഉപേക്ഷിക്കണമെന്ന് അവർ പറയുമ്പോൾ വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ അഭിജിത്ത് മത്സരിക്കണമെന്നാണ് ബന്ധുമിത്രാദികളുടെയും കോടിക്കണക്കിന് അനുയായികളുടെയും സ്വപ്നം.




മഹാരാഷ്ട്രയിലെ ഹിംഗോലി ജില്ലയിലായിരുന്നു അഭിജിത്തും കുടുംബവും താമസിച്ചിരുന്നത്. പിന്നീട് പിതാവിന്റെ ജോലി സംബന്ധമായ ആവശ്യങ്ങൾക്കായി ഛത്രപതി സംഭാജി നഗർ എന്ന പഴയ ഔറംഗാബാദിലേക്ക് താമസം മാറുകയായിരുന്നു. മാധ്യമപ്രവർത്തനത്തിൽ ബിരുദം നേടിയ ശേഷം ബോസ്റ്റൺ യൂണിവേഴ്സിറ്റിയിൽ പബ്ലിക് റിലേഷൻസിൽ മാസ്റ്റേഴ്സ് ചെയ്യുന്ന അഭിജിത്ത് പൊളിറ്റിക്കൽ കമ്മ്യൂണിക്കേഷൻ സ്ട്രാറ്റജിസ്റ്റായാണ് പ്രവർത്തിക്കുന്നത്. 2020 മുതൽ 2023 വരെ, ആം ആദ്മി പാർട്ടിയുടെ ഡിജിറ്റൽ കാമ്പെയ്ൻ വകുപ്പിൽ അഭിജിത്ത് ജോലി ചെയ്തിട്ടുണ്ട്. ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ മീമുകളിലൂടെയും ചെറിയ വീഡിയോകളിലൂടെയും യുവാക്കളെ ആകർഷിച്ച പ്രചാരണങ്ങൾക്ക് പിന്നിൽ ഇദ്ദേഹത്തിന്റെ ബുദ്ധിയായിരുന്നു.

തീരെ ചെറുപ്പം മുതൽക്കെ വളരെ ശാന്ത സ്വഭാവമുള്ള ആളാണ് അഭിജിത്ത്. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം ഉന്നത പഠനത്തിനായാണ് പുനെയിലേക്ക് താമസം മാറിയത്. എന്നാൽ എൻജിനീയറിങ് പഠനം അഭിജിത്തിന് ബുദ്ധിമുട്ടായിരുന്നുവെന്നും അതിനുശേഷമാണ് അവൻ മാധ്യമ പ്രവർത്തനത്തിലേക്ക് തിരിഞ്ഞതെന്നും അഭിജിത്തിന്റെ അമ്മ അനിത ദീപ്കെ പറഞ്ഞു. പിന്നീട് സഹോദരിയുടെ നിർദ്ദേശ പ്രകാരം ഉന്നത വിദ്യാഭ്യാസത്തിനായി




**തങ്ങളുടെ മകൻ ഇത്രയും പ്രകോപനമായ രീതിയിൽ മീഡിയയിൽ പ്രചാരണം നടത്തിയത് പലരെയും അതൃപ്തരാക്കിയിരിക്കാം. ഇന്ത്യയിലേക്ക് മടങ്ങിയെത്തിയാൽ അറസ്റ്റ് ചെയ്യപ്പെടുമോ എന്ന ഭയവും തങ്ങൾക്കുണ്ടെന്ന് പിതാവ് പറഞ്ഞു.**

അഭിജിത്ത് അമേരിക്കയിലേയ്ക്ക് പോവുകയായിരുന്നുവെന്ന് പിതാവ് ഭഗവാൻ ദീപ്കെ വ്യക്തമാക്കി. അവൻ ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കി ഉയർന്ന ഉദ്യോഗസ്ഥനാകണമെന്നായിരുന്നു ഞങ്ങളുടെ ആഗ്രഹം അവൻ ഒരിക്കലും രാഷ്ട്രീയത്തിലേക്ക് പ്രവേശിക്കുമെന്ന് കരുതിയില്ലെന്നും അമ്മ പറഞ്ഞു.

തങ്ങളുടെ മകൻ ഇത്രയും പ്രകോപനമായ രീതിയിൽ മീഡിയയിൽ പ്രചാരണം നടത്തിയത് പലരെയും അതൃപ്തരാക്കിയിരിക്കാം. ഇന്ത്യയിലേക്ക് മടങ്ങിയെത്തിയാൽ അറസ്റ്റ് ചെയ്യപ്പെടുമോ എന്ന ഭയവും തങ്ങൾക്കുണ്ടെന്ന് പിതാവ് പറഞ്ഞു. എത്ര ചെറുപ്പക്കാർ അഭിജിത്തിന് പിന്നിൽ ഐക്യദാർഢ്യം പ്രകടിപ്പിച്ച് വന്നാലും അവന്റെ സുരക്ഷയെ കുറിച്ച് ഓർത്ത് ഞങ്ങൾ ആശങ്കയില്ലാണ്. അവൻ തിരിക എത്തിയാൽ നല്ല ഒരു ജോലിയിൽ പ്രവേശിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. രാഷ്ട്രീയത്തൽ പ്രവേശിക്കാനുള്ള അവന്റെ തീരുമാനത്തെ ഒരിക്കലും പിന്തുണക്കില്ലെന്നും അമ്മ പറഞ്ഞു. അതേസമയം, അഭിജിത്തിന്റ ബന്ധുക്കൾ അദേഹത്തിന് പൂർണ പിന്തുണയാണ് നൽകുന്നത്. അഭിജിത്ത് ഇപ്പോൾ സ്വന്തമായി ഒരു രാഷ്ട്രീയ പാർട്ടി രൂപീകരിച്ച് തൊഴിൽ രഹിതരായ യുവാക്കളുടെ ശബ്ദായി മാറണമെന്നും നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കണമെന്നും അത് വഴി നിലവിലെ സർക്കാർ നയങ്ങളോടുള്ള പൊതുജനങ്ങളുടെ അമർഷം പുറത്ത് കൊണ്ടുവരണമെന്നുമാണ് അഭിജിത്തിന്റെ അമ്മാവന്റെ ആഗ്രഹം.

അഭിജിത്തിന്റെ പാറ്റ ഒരു പ്രതീകമാണ്. വളരെയേറെ ചരിത്ര പാരമ്പര്യമുള്ള ഒരു ജീവിയാണ് പാറ്റ .മനുഷ്യർക്കും മുൻപേ ഏതാണ്ട് 320 ദശലക്ഷം വർഷങ്ങൾക്ക് മുൻപ് തന്നെ ഈ ഭൂമുഖത്ത് ഉത്ഭവിച്ചവയാണ് ഇവ. ജുറാസിക് കാലം മുതൽക്കേ ഇവ ഈ ഭൂമിയിൽ കാണപ്പെട്ടിരുന്നു. കടുത്ത സാഹചര്യങ്ങളിലും ജീവിച്ചു നിലനിൽക്കുന്ന കോക്രോച്ചിനെ, ഇന്ത്യൻ യുവാക്കൾ ഇപ്പോൾ ""പ്രതിസന്ധികളെ അതിജീവിക്കുന്നതിന്റെ പ്രതീകം"" എന്ന രീതിയിൽ തമാശയോടെയും പ്രതിഷേധത്തോടെയും ഏറ്റെടുത്തിരിക്കുകയാണ്. ""നിങ്ങൾ ഞങ്ങളെ പാറ്റകൾ എന്ന് വിളിച്ച് അധിക്ഷേപിച്ചാൽ, ഞങ്ങൾ ആ പേര് അഭിമാനത്തോടെ സ്വീകരിക്കും, കാരണം ആറ്റോമിക് ബോംബ് സ്ഫോടനത്തെപ്പോലും അതിജീവിക്കാൻ കഴിയുന്ന ഒരേയൊരു ജീവി പാറ്റയാണ്..."" എന്ന് അവർ പറയുന്നു.

ആശയങ്ങൾ ജനങ്ങലിലേയ്ക്ക് വളരെവേഗം എത്തിക്കുന്ന ആക്ഷേപ ഹാസ്യത്തിലൂടെയാണ് സി.ജെ.പി തികച്ചും ഗൗരവതരമായ ആനുകാലിക വിഷയങ്ങളെ ജനങ്ങളുടെ മുന്നിൽ വിശ്വസനീയമായി അവതരിപ്പിക്കുന്നത്. വ്യക്തികളെയോ സംഭവങ്ങളെയോ പ്രസ്ഥാനങ്ങളെയോ പരിഹാസ രൂപേണ വിമർശിക്കുന്ന ആക്ഷേപഹാസ്യത്തിലൂടെ വിമർശനങ്ങളും ആക്ഷേപങ്ങളും അവതരിപ്പിക്കാനും അതേസമയം അനുവാചകരെ ചിരിപ്പിക്കാനും അതിലുപരി ചിന്തിപ്പിക്കാനും സാധിക്കുന്നു. കോക്രോച്ച് ജനതാ പാർട്ടി ഉന്നയിക്കുന്ന ആവശ്യങ്ങൾ ഇന്ത്യൻ ഭരണകൂടത്തിന് തലവേദനയുണ്ടാക്കുന്നതാണ്. നർമ്മത്തിൽ പൊതിഞ്ഞ സാമൂഹ്യവിമർശനമായിരുന്നു18-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കുഞ്ചൻ നമ്പ്യാരുടെ ആയുധമെങ്കിൽ ഇന്ന് ജെൻസിയെ പ്രക്ഷോഭകാരികളാക്കുന്നതും അതേ മൂർഛ തന്നെ.


AMERICAN MEGA SHOW
AURA
2026
T&T PRODUCTION
SPICE GARDENS BAR & GRILL
INDIAN RESTAURANT
SHOW TIME
JUL-AUG
VIBE ആണ് BRO
DANCE MUSIC COMEDY
GS VIJAYAN
SHOW DIRECTOR
RONNIE RAPHEL
MUSIC DIRECTOR
BIJU DHWANI THARANG
CHOREOGRAPHER
TICKET
+1 (832) 998-5873
+1 (646) 261-6314
+1 (516) 988-5834
Flock Trail
All in One Member Management Portal

# ഇന്ത്യയിലെ രാഷ്ട്രീയപ്പാർട്ടികളെ അമ്പരപ്പിക്കാൻ പറന്ന 'പാറ്റ'; ഇത് ജെൻ സി നെഞ്ചിലേറ്റിയ നിയോ റെവലൂഷൻ

എ.എസ് ശ്രീകുമാർ

ഇന്ത്യയിലെ തൊഴിലില്ലാത്ത യുവാക്കളെ, സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത് പാറ്റകളോട് ഉപമിച്ചതിൽ പ്രതിഷേധിച്ച് ഉയർന്നുവന്ന രാഷ്ട്രീയ-സാമൂഹിക ആക്ഷേപഹാസ്യ പ്രസ്ഥാനമായ "കോക്രോച്ച് ജനതാ പാർട്ടി"യുടെ (സി.ജെ.പി) ഔദ്യോഗിക എക്സ് അക്കൗണ്ട് ഇന്ത്യയിൽ മരവിപ്പിച്ചത് രഹസ്യാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലെന്ന് കേന്ദ്ര സർക്കാർ വൃത്തങ്ങൾ വ്യക്തമാക്കുമ്പോൾ അവർ തങ്ങളുടെ "വിപ്ലവ"ത്തിൽ ഉറച്ചു നിൽക്കുകയാണ്. കോക്രോച്ച് ജനതാ പാർട്ടിയുടെ ഇൻസ്റ്റ അക്കൗണ്ടും വിലക്കുമത്രേ. അതേസമയം, സാമൂഹിക മാധ്യമങ്ങളിൽ ട്രെൻഡ് ആയതിന് പിന്നാലെ ജനകീയ വിഷയങ്ങൾ ഏറ്റെടുക്കാൻ ഒരുങ്ങുകയാണ് കോക്രോച്ച് ജനതാ പാർട്ടി. നീറ്റ് ചോദ്യപേപ്പർ ചോർച്ച വിഷയത്തിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാന്റെ രാജി ആവശ്യപ്പെട്ട് ഓൺലൈൻ ക്യാമ്പെയിന് സി.ജെ.പി തുടക്കമിട്ടിട്ടുണ്ട്. സർക്കാരിന്റെ ആവശ്യപ്രകാരം സാമൂഹ്യ മാധ്യമ അക്കൗണ്ടുകൾ വീണ്ടും റദ്ദാക്കിയാൽ കടുത്ത പ്രതിരോധം ഉയർത്തുമെന്നാണ് സി.ജെ.പി സ്ഥാപകൻ അഭിജിത്ത് ദീപ്കെയുടെ മുന്നറിയിപ്പ്.

എന്നാൽ കോക്രോച്ച് ജനതാപാർട്ടിയുടെ പുതിയ എക്സ് അക്കൗണ്ടും ഹിറ്റായിട്ടുണ്ട്. പഴയ അക്കൗണ്ട് പൂട്ടിച്ചതിന് പിന്നിൽ കേന്ദ്രസർക്കാരാണെന്നാണ് അഭിജിത്തിന്റെ ആക്ഷേപം. ബി.ജെ.പിയും കോൺഗ്രസും ഒരുപോലെ അമ്പരപ്പോടെ നോക്കിക്കാണുന്ന ഒരു ഡിജിറ്റൽ വിപ്ലവത്തിനാണ് ബോസ്റ്റൺ യൂണിവേഴ്സിറ്റി വിദ്യാർത്ഥിയായ അഭിജിത്ത് ദീപ്കെ സി.ജെ.പിയിലൂടെ തുടക്കമിട്ടത്. സോഷ്യൽ മീഡിയയിൽ ആഞ്ഞടിച്ചുകൊണ്ടിരിക്കുന്ന ഈ മുന്നേറ്റത്തിന്റെ ഇൻസ്റ്റഗ്രാം അക്കൗണ്ട് പിന്തുടരുന്നവരുടെ



എണ്ണം വെറും 5 ദിവസത്തിനുള്ളിൽ ഒരുകോടി കവിഞ്ഞിരിക്കുകയാണ്. ചിത്രങ്ങളും ചെറു വീഡിയോകളും ഉൾപ്പെടെ അൻപതോളം കണ്ടന്റുകൾ മാത്രമാണ് ഇതിനകം സി.ജെ.പി ഇൻസ്റ്റഗ്രാമിൽ പോസ്റ്റ് ചെയ്തതെന്നോർക്കുക. “യുവാക്കൾക്കുവേണ്ടി യുവാക്കളാൽ തിരഞ്ഞെടുക്കപ്പെട്ട യുവാക്കളുടെ രാഷ്ട്രീയ മുന്നണി“ എന്നാണ് സി.ജെ.പിയുടെ ഇൻസ്റ്റഗ്രാം ബയോവിൽ പറയുന്നത്.

വലിയ അവകാശവാദങ്ങളൊന്നുമില്ലാതെ, കൊട്ടും കുരവയുമില്ലാതെ വെറും മീമുകളിലൂടെയും ട്രോളുകളിലൂടെയുമാണ് സി.ജെ.പി എന്ന സമാന്തര പ്രസ്ഥാനം ജെൻ സിയെ ആകർഷിച്ച് തരംഗമായി വീശിയത്. മെയ് 16-ന് ആരംഭിച്ച ഈ അക്കൗണ്ട് 22-ാം തീയതി ആയപ്പോഴേക്കും 14 മില്ല്യൺ (1 കോടി 40 ലക്ഷം) ഫോളേവേഴ്സിനെയാണ് നേടിയത്. ഓരോ മിനിറ്റിലും ആയിരക്കണക്കിന് പേരാണ് ഈ “പാറ്റ ഗ്രൂപ്പി“നെ പിന്തുടരുന്നത്. ഫോളോവേഴ്സിന്റെ കാര്യത്തിൽ സി.ജെ.പി ഇന്ത്യയിലെ ഏറ്റവും വലിയ ഒറ്റകക്ഷിയായ ബി.ജെ.പിയെ മറികടന്നു. 8 മില്ല്യൺ ഫോളേവേഴ്സാണ് ഇൻസ്റ്റയിൽ ബി.ജെ.പിക്കുള്ളത്. 13.7 മില്ല്യൺ ഫോളേവേഴ്സുള്ള കോൺഗ്രസിന്റെ ഇൻസ്റ്റ പേജിനെയും സി.ജെ.പി നിഷ്പ്രഭമാക്കി.

സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത് യുവാക്കളെ പ്രകോപിപ്പിച്ചതാണ് പാറ്റാ പാർട്ടിയുടെ ഐതിഹാസികമായ തുടക്കത്തിന് കാരണം. മെയ് 15-ന് സുപ്രീം കോടതിയിൽ നടന്ന ഒരു വാദത്തിനിടെ, ഇന്ത്യയിലെ തൊഴിലില്ലാത്ത യുവാക്കൾ പാറ്റകളെപ്പോലെയാണെന്നും അവർ സാമൂഹിക വ്യവസ്ഥിതിയെ ആക്രമിക്കുകയാണെന്നും ചീഫ് ജസ്റ്റിസ് പരാമർശിച്ചത് വലിയ വിവാദമായി. എന്നാൽ തന്റെ വാക്കുകൾ തെറ്റിദ്ധരിക്കപ്പെട്ടതാണെന്ന് ജസ്റ്റിസ് പിന്നീട് വ്യക്തമാക്കിയിരുന്നു. ഏതായാവും യുവാക്കൾക്കെതിരെയുള്ള ഈ പരാമർശത്തിൽ പ്രതിഷേധിച്ച് പിറ്റെ ദിവസം, മെയ് 16-ന് അഭിജിത് ദിപ്കെ തന്റെ എക്സ് അക്കൗണ്ടിലൂടെ “കോക്രോച്ച് ജനതാ പാർട്ടി“ എന്ന ആശയത്തിന് തുടക്കം കുറിക്കുകയായിരുന്നു.



സൂര്യകാന്തിന്റെ അനവസരത്തിലുള്ള പരാമർശം, തൊഴിലില്ലായ്മയും നീറ്റ് പരീക്ഷാ പേപ്പർ ചോർച്ചയുമൊക്കെ മൂലം ആകെ നിരാശരായിരുന്ന ഇന്ത്യൻ ജെൻ സിയെ വല്ലാതെ പിടിച്ചുലച്ചു. "വ്യവസ്ഥിതി ഒരു അഴുക്കുചാലാണെങ്കിൽ, അവിടെ പാറ്റകൾ ഉയർന്നു വരിക തന്നെ ചെയ്യും..." എന്ന് പറഞ്ഞ് ജെൻ സി തലമുറ ഈ അധിക്ഷേപത്തെ ഒരു വലിയ ഡിജിറ്റൽ പ്രതിഷേധമാക്കി മാറ്റി. അങ്ങനെയാണ് സോഷ്യൽ മീഡിയയിൽ "ഞാനും ഒരു പാറ്റയാണ്..."എന്ന ട്രെൻഡ് ആരംഭിക്കുന്നത്. സി.ജെ.പിയുടെ ബുദ്ധികേന്ദ്രമായ അഭിജിത് ദീപ്കെ എന്ന 30 വയസുകാരൻ പൂനെ സ്വദേശിയാണ്. ജേർണലിസത്തിൽ ബിരുദം നേടിയ ശേഷം ബോസ്റ്റൺ യൂണിവേഴ്സിറ്റിയിൽ നിന്ന് പബ്ലിക് റിലേഷൻസിൽ മാസ്റ്റേഴ്സ് പൂർത്തിയാക്കിയ ഇദ്ദേഹം ഒരു പൊളിറ്റിക്കൽ കമ്മ്യൂണിക്കേഷൻ സ്ട്രാറ്റജിസ്റ്റായാണ് പ്രവർത്തിക്കുന്നത്.

ഡിജിറ്റൽ മാധ്യമങ്ങളിലൂടെ ജനവികാരമുണർത്താനുള്ള മാസ്റ്റർ ബ്രെയിനാണ് അഭിജിത്തിനെ വ്യത്യസ്തനാക്കുന്നത്. 2018 മുതൽ 2023 വരെ ആം ആദ്മി പാർട്ടിയുടെ സോഷ്യൽ മീഡിയ ടീമിൽ ഡിജിറ്റൽ സ്ട്രാറ്റജിസ്റ്റായും അഭിജിത്ത് പ്രവർത്തിച്ചിരുന്നു. 2020-ലെ ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൽ മീമുകളിലൂടെയും ചെറിയ വീഡിയോകളിലൂടെയും യുവാക്കളെ ആകർഷിച്ച പ്രചാരണങ്ങൾക്ക് പിന്നിൽ അഭിജിത്തിന്റെ തലയാണ്. ""നിങ്ങളുടെ ഭാവി തകർത്തതിന് ബി.ജെ.പിയെ അൺഫോളോ ചെയ്യൂ..."" എന്ന അഭിജിത്തിന്റെ വീഡിയോ ആഹ്വാനം ലക്ഷക്കണക്കിന് യുവാക്കൾ ഏറ്റെടുത്തതോടെ അദ്ദേഹത്തെ അവരുടെ നോട്ടപ്പുള്ളിയാക്കി. സാധാരണ രാഷ്ട്രീയ വിഴുപ്പലക്കലുകൾക്കപ്പുറം, തങ്ങളുടെ ഭാവിയെക്കുറിച്ച് ആശങ്കാകുലരായ ഒരു കൂട്ടം വിദ്യാർത്ഥികളുടെയും യുവാക്കളുടെയും കടുത്ത നിരാശയിൽ നിന്നാണ് ഇപ്പോൾ ഹാഷ്ടാഗുകളും പോസ്റ്റുകളും പ്രത്യക്ഷപ്പെട്ടിരിക്കുന്നത്.

ആക്ഷേപ ഹാസ്യത്തിലൂടെയാണ് സി.ജെ.പി തികച്ചും ഗൗരവതരമായ ആനുകാലിക വിഷയങ്ങളെ ജനങ്ങളുടെ മുന്നിൽ വിശ്വസനീയമായി അവതരിപ്പിക്കുന്നത്. വ്യക്തികളെയോ സംഭവങ്ങളെയോ പ്രസ്ഥാനങ്ങളെയോ പരിഹാസ രൂപേണ വിമർശിക്കുന്ന ആക്ഷേപഹാസ്യത്തിലൂടെ വിമർശനങ്ങളും ആക്ഷേപങ്ങളും അവതരിപ്പിക്കാനും അതേസമയം അനുവാചകരെ ചിരിപ്പിക്കാനും അതിലുപരി ചിന്തിപ്പിക്കാനും സാധിക്കുന്നു. കോക്രോച്ച് ജനതാ പാർട്ടി ഉന്നയിക്കുന്ന ആവശ്യങ്ങൾ ഇന്ത്യൻ ഭരണകൂടത്തെ ഇരുത്തി ചിന്തിപ്പിക്കുന്നവയാണ്.

ഉദാഹരണത്തിന്, വിരമിച്ച ശേഷം ഒരു ചീഫ് ജസ്റ്റിസിനും രാജ്യസഭാ സീറ്റോ മറ്റ് രാഷ്ട്രീയ പദവികളോ നൽകരുത്, യഥാർത്ഥ വോട്ടർമാരുടെ വോട്ട് പട്ടികയിൽ നിന്ന് നീക്കം ചെയ്താൽ അതിന് കാരണക്കാരായ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം ചുമത്തി അറസ്റ്റ് ചെയ്യണം, പാർലമെന്റിൽ സ്ത്രീകൾക്ക് കൃത്യമായി 50ശതമാനം സംവരണം ഏർപ്പെടുത്തണം, വൻകിട കോർപ്പറേറ്റുകളുടെ ഉടമസ്ഥതയിലുള്ള മാധ്യമങ്ങളുടെ ലൈസൻസ് റദ്ദാക്കണം, പാർട്ടി മാറുന്ന എം.എൽ.എമാർക്കും എം.പിമാർക്കും അടുത്ത 20 വർഷത്തേക്ക് പൊതുതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും പദവികൾ വഹിക്കുന്നതിനും വിലക്കേർപ്പെടുത്തണം തുടങ്ങിയ നയസമീപനങ്ങളാണ് സി.ജെ.പിയെ ജനകീയമാക്കുന്നത്.

രാഷ്ട്രീയക്കാരുടെ സ്ഥിരം വാചകമടികളിൽ വീഴാത്ത ജെൻ സി പക്ഷേ, ഒരു പാറ്റയെ തങ്ങളുടെ കടുത്ത പ്രതിഷേധത്തിന്റെ രാഷ്ട്രീയ ചിഹ്നമാക്കി മാറ്റിയിരിക്കുന്നു. അതാകട്ടെ ഇന്ത്യയിലെഭരണ-പ്രതിപക്ഷ പാർട്ടികൾ ഉൾപ്പെടെയുള്ള വരെ അലോസരപ്പെടുത്തിയിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. നിലവിലെ വ്യവസ്ഥിതിയോടുള്ള യുവാക്കൾക്കളുടെ അമർഷത്തിന്റെ പ്രതിഫലനമാണ് സി.ജെ.പിയിൽ നിഴലിക്കുന്നത്. ഇത് ഇന്ത്യൻ യുവത്വത്തിന്റെ ഡിജിറ്റൽ കലാപമാണ്.

""നിങ്ങൾ ഞങ്ങളെ പാറ്റകൾ എന്ന് വിളിച്ച് അധിക്ഷേപിച്ചാൽ, ഞങ്ങൾ ആ പേര് അഭിമാനത്തോടെ സ്വീകരിക്കും, കാരണം ആറ്റോമിക് ബോംബ് സ്ഫോടനത്തെപ്പോലും അതിജീവിക്കാൻ കഴിയുന്ന ഒരേയൊരു ജീവി പാറ്റയാണ്..."" എന്ന ദൃഢപ്രതിജ്ഞയാണ് കോക്രോച്ച് ജനതാ പാർട്ടിയുടെ പ്രത്യയശാസ്ത്രത്തിന്റെ ഉറപ്പുള്ള അടിസ്ഥാനം.



TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# വേൾഡ് മലയാളി പൈതൃക മാസാചരണം ഡബ്ല്യു.എം.എഫിന്റെ ആഭിമുഖ്യത്തിൽ ന്യൂയോർക്കിൽ പ്രൗഢഗംഭീരമായി



ന്യൂയോർക്ക്: ആഗോള മലയാളി പ്രവാസി സമൂഹത്തിന് ചരിത്രപരവും വൈകാരികവുമായ നിമിഷങ്ങൾ സമ്മാനിച്ചുകൊണ്ട്, ലോക മലയാളി പൈതൃക മാസാചരണം (World Malayalee Heritage Month) മേയ് മാസത്തിൽ അമേരിക്കയിലുടനീളം ആഘോഷിച്ചു. ലോകമെമ്പാടുമുള്ള മലയാളികളുടെ നേട്ടങ്ങളെയും സംഭാവനകളെയും ആദരിക്കുന്നതിനായി ജനപ്രതിനിധികൾ, കമ്മ്യൂണിറ്റി നേതാക്കൾ, കലാകാരന്മാർ, പ്രൊഫഷണലുകൾ, വിവിധ സംഘടനകൾ എന്നിവർ ഈ ചരിത്ര വേദിയിൽ ഒത്തുചേർന്നു.



റോക്ക് ലാൻഡിൽ ക്നാനായ സെന്ററിൽ നടന്ന സമ്മേളനത്തോടൊപ്പം നടനാണ് ബിജു നാരായണന്റെ നേതൃത്വത്തിലുള്ള ഗാനമേളയും അത്യാകർഷകമായി. ഡബ്ല്യു.എം.എഫ് ഗ്ലോബൽ പ്രസിഡന്റ് ഡോ. ആനി ലിബുവിന്റെയും യു.എസ്. നാഷണൽ പ്രസിഡന്റും ഫോക്കാന റീജിയൺ-3 ട്രഷററും ഹഡ്സൺ വാലി മലയാളി അസോസിയേഷൻ സെക്രട്ടറിയുമായ ഷൈമി ജേക്കബിന്റെ നേതൃത്വത്തിലാണ് ലോകമെമ്പാടുമുള്ള വിവിധ മേഖലകളിലെ മലയാളികളെ ഒന്നിപ്പിക്കുന്നതിനും ആദരിക്കുന്നതിനുമുള്ള ഈ വലിയ സംരംഭത്തിന് തുടക്കം കുറിച്ചത്.

വിവിധ മേഖലകളിൽ മികവ് തെളിയിച്ച പ്രമുഖ മലയാളികളെയും കമ്മ്യൂണിറ്റി നേതാക്കളെയും ചടങ്ങിൽ ആദരിച്ചു. ജഡ്ജി രാജ രാജേശ്വരി, എൻ.വൈ.പി.ഡി ഇൻസ്പെക്ടർ ഷിബു മധു, ഫോക്കാന

പ്രസിഡന്റ് സജിമോൻ ആന്റണി, റോക്ക്ലാൻഡ് കൗണ്ടി ലെജിസ്ലേറ്റർ ആനി പോൾ, യു.എൻ എൻ.ജി.ഒ പ്രതിനിധി ഗുരുജി ദിലീപ്കുമാർ തങ്കപ്പൻ, പെൻസിൽവാനിയ എ.എം.എൽ.ഇ.യു ട്രഷറർ സർജന്റ് ബ്ലെസ്സൻ മാത്യു, എൻ.ഐ.എൻ.പി.എ പ്രസിഡന്റ് സാറ അമ്പാട്ട്, ഐ.ഒ.സി യു.എസ്.എ കേരള ചാപ്റ്റർ ചെയർമാൻ പോൾ കറുകപ്പള്ളിൽ, എൻ.വൈ.എസ് അസംബ്ലിമാൻ എഡ് ബ്രൗൺസ്റ്റീന്റെ ഓഫീസിൽ നിന്നുള്ള കോശി തോമസ്, യോങ്കേഴ്സ് കേരള സമാജത്തിൽ നിന്നുള്ള മോൻസി - ലിസി വർഗീസ് ദമ്പതികൾ, ഐ.പി.സി.എൻ.എ അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ ട്രൈസ്റ്റാർ, മലയാളം ഗ്ലോബൽ വോയ്സ് ഫിലിപ്പ് മഠത്തിൽ, ഫെയ്ത്ത് സ്റ്റുഡിയോസിന്റെ ജേക്കബ് മാനുവൽ, ദിലീപ് വർഗീസ്, അനിൽ പുത്തഞ്ചിറ, സുധാകർ മേനോൻ എന്നിവരുൾപ്പെടെ മലയാളി സമൂഹത്തെ പ്രതിനിധീകരിക്കുന്ന ഇരുപത്തഞ്ചിലധികം പേർ ആദരവ് ഏറ്റുവാങ്ങി.





ഷൈമി ജേക്കബ് സ്വാഗത പ്രസംഗം നടത്തി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഡബ്ല്യു.എം.എഫ് ഗ്ലോബൽ പ്രസിഡന്റ് ഡോ. ആനി ലിബു, റീജിയണൽ നേതാക്കൾ എന്നിവർ ആശംസകൾ നേർന്നു. ഡബ്ല്യു.എം.എഫ് ഗ്ലോബൽ ചെയർമാൻ ഡോ. ജെ. രത്നകുമാറിന്റെ പ്രത്യേക വീഡിയോ സന്ദേശവും ചടങ്ങിൽ പ്രദർശിപ്പിച്ചു.

അമേരിക്കയിലുടനീളമുള്ള നേതാക്കളെ ഉൾപ്പെടുത്തി പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഡബ്ല്യു.എം.എഫ് യു.എസ്.എ നാഷണൽ കൗൺസിലിന്റെ (2026-2027) ഔദ്യോഗിക സത്യപ്രതിജ്ഞയും ഉദ്ഘാടനവുമായിരുന്നു ചടങ്ങിന്റെ പ്രധാന ആകർഷണം.

പുതിയ ഭാരവാഹികൾ:

നാഷണൽ പ്രസിഡന്റ്: ഷൈമി ജേക്കബ് (ന്യൂയോർക്ക്)

കോർഡിനേറ്റർ: അനിൽ അഗസ്റ്റിൻ (അറ്റ്ലാന്റാ)



















സെക്രട്ടറി: ചെറിയാൻ എം. ചാക്കോ (അറ്റ്ലാന്റാ)

ട്രഷറർ: ബിനോയ് സ്റ്റീഫൻ (ഷിക്കാഗോ)

വൈസ് പ്രസിഡന്റുമാർ: ജെയിൻ കണ്ണച്ചൻപറമ്പിൽ (ഡെട്രോയിറ്റ്), ഉഷ ശ്രീകാന്ത് (മസാച്ചുസെറ്റ്സ്)

ജോയിന്റ് സെക്രട്ടറിമാർ: രാജേഷ് എസ്.വി (ഡാളസ്), ജെൻസി റോഷൻ (ഇന്ത്യാന)

ഫോറം ലീഡർമാർ:

ബിസിനസ് ഫോറം: സുധാകർ മേനോൻ (ന്യൂജേഴ്‌സി)

ടൂറിസം ഫോറം: റോഷിൻ പ്ലാംമൂട്ടിൽ (ഫിലാഡൽഫിയ)

വുമൺസ് ഫോറം: നീത ജോസഫ് (വിസ്‌കോൺസിൻ)

ചാരിറ്റി ഫോറം: സാജോ ജോസ് പെല്ലിശ്ശേരി (ഫ്ലോറിഡ)

പ്രൊജക്ട്സ് ഫോറം: ഷാജി വർഗീസ് (വാഷിംഗ്ടൺ ഡി.സി)

ആർട്സ് & കൾച്ചർ ഫോറം: സുജിത് കാരക്കാടൻ (ന്യൂജേഴ്‌സി)

മീഡിയ ഫോറം: ജോയൽ കുര്യൻ സക്കറിയ (ന്യൂയോർക്ക്)

ഹെൽത്ത് ഫോറം: മനോജ് ഇളംതോട്ടത്തിൽ (ന്യൂയോർക്ക്)

ഐ.ടി & ഇന്നവേഷൻ ഫോറം: ശബരീഷ് നായർ (ഓസ്റ്റിൻ)

രക്ഷാധികാരികൾ: ദിലീപ് വർഗീസ് & കുഞ്ഞുമോൾ ദിലീപ് (ന്യൂജേഴ്‌സി)

മേളയുടെ ടൈറ്റിൽ സ്പോൺസറായ "സ്പെക്ട്രം ഓട്ടോ കെയറി"ന്റെ പ്രതിനിധികളായ ബിനു, പ്രിൻസ്, സാം ബേബി എന്നിവരെ കമ്മ്യൂണിറ്റി-ചാരിറ്റി പ്രവർത്തനങ്ങൾക്കുള്ള നിരന്തരമായ പിന്തുണ കണക്കിലെടുത്ത് ചടങ്ങിൽ പ്രത്യേകം ആദരിച്ചു.

ന്യൂയോർക്ക്, ന്യൂജേഴ്‌സി മേഖലകളിലെ ഭവനരഹിതർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കോളേജ് വിദ്യാർത്ഥികൾക്കും ഭക്ഷണം നൽകുന്ന ഇസ്കോണിന്റെ (ISKCON) "അക്ഷയ പാത്ര വേൾഡ് ഫുഡ് മൂവ്മെന്റ്" പദ്ധതിയെ പിന്തുണയ്ക്കുന്നതിനുള്ള ഒരു ചാരിറ്റി സംരംഭമായാണ് ഈ പൈതൃക മാസാചരണം സംഘടിപ്പിച്ചതെന്ന് ഷൈമി ജേക്കബ് തന്റെ പ്രസംഗത്തിൽ എടുത്തുപറഞ്ഞു.

എം.സി.ഇ.എഫ്.ഇ.ഇ യുടെ "സ്പാർക്ക് ഓഫ് കേരള" സ്പോൺസർ ചെയ്ത സാംസ്കാരിക സന്ധ്യയിൽ പ്രശസ്ത ഗായകൻ ബിജു നാരായണൻ, കീർത്തന, സുധീഷ് ശശികുമാർ, സ്നേഹ വിനോയ് എന്നിവരും പ്രമുഖ സംഗീതജ്ഞരും അണിനിരന്ന സംഗീതവിരുന്ന് നടന്നു. ചലച്ചിത്ര നടി ഡയാന ഹമീദും നടൻ സിദ്ദിഖ് റോഷനും ചേർന്നാണ് പരിപാടി നിയന്ത്രിച്ചത്. സുഹൈദ് കുക്കു, അന്ന പ്രസാദ്, മയൂര സ്കൂൾ ഓഫ് ആർട്സ്, ട്രൈസ്റ്റേറ്റ് ഡാൻസ് അക്കാദമി എന്നിവരുടെ നൃത്ത പ്രകടനങ്ങൾ കേരളത്തിന്റെ തനത് കലാവൈഭവം വിളിച്ചോതുന്നതായിരുന്നു.

ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ ഇ








തിഹാസ ക്യാപ്റ്റൻ ഐ.എം. വിജയന്റെ സാന്നിധ്യം ചടങ്ങിന് കൂടുതൽ ആവേശവും മാറ്റ് കൂട്ടുകയും ചെയ്തു. ചീഫ് ഗസ്റ്റ് ആയ കോൺഗ്രസ്മാൻ മൈക്ക് ലോലർ, ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലിമാൻ പാട്രിക് കരോൾ, റോക്ക്ലാൻഡ് കൗണ്ടി ലെജിസ്ലേറ്റർ ആനി പോൾ, തുടങ്ങിയവർ ചടങ്ങിൽ ആശംസകൾ അർപ്പിച്ചു.

ലോകമെമ്പാടുമുള്ള 168 രാജ്യങ്ങളിൽ നാഷണൽ കോർഡിനേറ്റർമാരുള്ള വേൾഡ് മലയാളി ഫെഡറേഷന്റെ വളരുന്ന കരുത്തിന്റെയും ഐക്യത്തിന്റെയും തെളിവാണ് ഈ ഔദ്യോഗിക അംഗീകാരമെന്ന് ഡബ്ല്യു.എം.എഫ് ഗ്ലോബൽ പ്രസിഡന്റ് ആനി ലിബു പ്രസ്താവിച്ചു. പരിപാടി വൻ വിജയമാക്കാൻ പിന്തുണ നൽകിയ സ്ഥാപക ചെയർമാൻ ഡോ. പ്രിൻസ് പള്ളിക്കുന്നേൽ, ഗ്ലോബൽ ചെയർമാൻ ഡോ. ജെ. രത്നകുമാർ, ഗ്ലോബൽ കാബിനറ്റ് എന്നിവർക്ക് അവർ നന്ദി അറിയിച്ചു. വിവിധ തലങ്ങളിലുള്ള സർക്കാർ സംവിധാനങ്ങളിൽ നിന്ന് മലയാളി സമൂഹത്തിന് അംഗീകാരങ്ങൾ നേടിയെടുക്കാൻ നേതൃത്വം നൽകിയ നാഷണൽ പ്രസിഡന്റ് ഷൈമി ജേക്കബിനെ യു.എസ് സെനറ്റ് പ്രത്യേകം അഭിനന്ദിച്ചു.

1940-കളിലും 50-കളിലും അമേരിക്കയിലേക്ക് കുടിയേറാൻ തുടങ്ങിയ ആദ്യകാല മലയാളി തലമുറകളുടെ ത്യാഗങ്ങളെയും നേട്ടങ്ങളെയും സ്മരിച്ചുകൊണ്ട്, ""ഓരോ മലയാളിയുടെയും നെഞ്ചേറ്റേണ്ട ദിവസം"" എന്നാണ് സംഘാടകർ ഈ പരിപാടിയെ വിശേഷിപ്പിച്ചത്. നീണ്ട മൂന്ന് വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഡബ്ല്യു.എം.എഫ് അമേരിക്കൻ റീജിയണിൽ ഇത്രയും വലിയൊരു പരിപാടി സംഘടിപ്പിക്കുന്നത് എന്നത് ഈ ഒത്തുചേരലിന്റെ പ്രാധാന്യം വർദ്ധിപ്പിച്ചു.





വലിയ രീതിയിലുള്ള ജനപങ്കാളിത്തം ഉറപ്പാക്കി പിന്തുണ നൽകിയ ഫോക്കാന, ഫോമാ, വേൾഡ് മലയാളി കൗൺസിൽ (ണങഇ) തുടങ്ങിയ പ്രമുഖ പ്രവാസി സംഘടനകൾക്കും മറ്റ് പ്രാദേശിക കൂട്ടായ്മകൾക്കും സംഘാടകർ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തി.





# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
Financial Service Representative Financial Advisor
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# മിനസോട്ട മലയാളി അസോസിയേഷന്റെ ഈദ് ആഘോഷം 'Mehfil 2026' പ്രൗഢഗംഭീരമായി ആഘോഷിച്ചു



മിനസോട്ട മലയാളി അസോസിയേഷന്റെ (MMA) ആഭിമുഖ്യത്തിൽ ഈ വർഷത്തെ ഈദ് ആഘോഷങ്ങൾ വിപുലമായ പരിപാടികളോടെ അരങ്ങേറി. മെയ് ഒൻപതിന് സംഘടിപ്പിച്ച 'Mehfil 2026' എന്ന സാംസ്കാരിക മഹോത്സവം വൻ ജനപങ്കാളിത്തം കൊണ്ടും സംഘാടക മികവുകൊണ്ടും ഏറെ ശ്രദ്ധേയമായി. സൗഹൃദത്തിന്റെയും സാംസ്കാരിക പൈതൃകത്തിന്റെയും പ്രൗഢി വിളിച്ചോതിയ ചടങ്ങിൽ മിനസോട്ടയിലെ ഒട്ടനവധി പ്രവാസി മലയാളികളാണ് ഒത്തുചേർന്നത്.

ആഘോഷങ്ങളുടെ പ്രധാന ആകർഷണം പ്രശസ്ത ഗായകൻ ഫസൽ ഹാരിസ് നയിച്ച ഹൃദ്യമായ സംഗീതനിശയായിരുന്നു. പ്രഗത്ഭരായ കലാകാരന്മാർ അണിനിരന്ന ലൈവ് ഓർക്കസ്ട്രയുടെ അകമ്പടിയോടെ, ജനപ്രിയമായ പുതിയതും പഴയതുമായ നിരവധി മലയാളം, ഹിന്ദി ചലച്ചിത്ര ഗാനങ്ങൾ കോർത്തിണക്കി ഒരുക്കിയ സംഗീത വിരുന്ന് സദസ്സിന്റെ മനംകവർന്നു. ഇതിനുപുറമേ, മുഗൾ







രാജകീയ പ്രൗഢി പുനഃസൃഷ്ടിച്ചുകൊണ്ട് വേദിയിൽ അവതരിപ്പിക്കപ്പെട്ട 'മുഗൾ തീം' fashion show ദൃശ്യഭംഗി കൊണ്ടും വൈവിധ്യം കൊണ്ടും കാണികളുടെ വൻ പ്രശംസ പിടിച്ചുപറ്റി. കേരളീയ തനിമ ഒട്ടും ചോർന്നുപോകാത്ത വിഭവസമൃദ്ധമായ ഈദ് വിരുന്നും ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടി. മലബാറിന്റെ തനത് രുചിക്കൂട്ടുകൾ ഉൾപ്പെടുത്തിയുള്ള പരമ്പരാഗത





വിഭവങ്ങൾ പ്രവാസി മലയാളികൾക്ക് ജന്മനാടിന്റെ ഓർമ്മകളും ഗൃഹാതുരത്വവും ഉണർത്തുന്നതായിരുന്നു.

Mehfil 2026 വൻ വിജയമാക്കാൻ സഹകരിച്ച മിനസോട്ടയിലെ മലയാളി സമൂഹത്തിന് MMA പ്രസിഡന്റ് ആശാ തോമസ് ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തി. ആഘോഷങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ച മുഖ്യ ഗായകർ, ലൈവ് ഓർക്കസ്ട്ര സംഘം, പരിപാടിയുടെ സുഗമമായ നടത്തിപ്പിനായി അഹോരാത്രം പരിശ്രമിച്ച സന്നദ്ധ പ്രവർത്തകർ (വോളന്റിയർമാർ) എന്നിവരുടെ അർപ്പണബോധത്തെയും പ്രസിഡന്റ് പ്രത്യേകം അഭിനന്ദിച്ചു.








# അമേരിക്കൻ മലയാളി സമൂഹത്തിൽ പുതുചലനമാകാൻ സരൂപ അനിൽ

## ഐടി, കല, സാമൂഹിക പ്രവർത്തനം മൂന്ന് മേഖലകളിലും ഒരേ ആവേശത്തോടെ മുന്നേറുന്ന ബഹുമുഖ പ്രതിഭ

**മീട്ടു റഹ്മത്ത് കലാം**



കോട്ടയത്തിന്റെ സാംസ്കാരിക മണ്ണിൽ നിന്നും ഉയർന്ന് അമേരിക്കൻ ഐടി ലോകത്ത് വ്യക്തിമുദ്ര പതിപ്പിച്ചിട്ടും, തന്റെ വേരുകളെയും കലാപാരമ്പര്യത്തെയും മറക്കാത്ത വ്യക്തിത്വമാണ് സരൂപ അനിൽ. മികച്ച വിദ്യാർത്ഥിനി, ബയോടെക്നോളജി അധ്യാപിക, ഐടി മാനേജർ, സംരംഭക, മോഹിനിയാട്ടം നർത്തകി, സംഘാടക ഓരോ വേഷവും ആത്മാർഥതയോടെ കൈകാര്യം ചെയ്യുന്ന സരൂപ ഇന്ന് അമേരിക്കൻ മലയാളി സമൂഹത്തിലും ശ്രദ്ധേയ സാന്നിധ്യമാണ്. ഫൊക്കാന തിരഞ്ഞെടുപ്പിൽ ലീല മാരേട്ട് പാനലിൽ നിന്ന് വിമൻസ് ഫോറം ചെയർ സ്ഥാനത്തേക്ക് മത്സരിക്കുന്ന സരൂപ, സമൂഹ പ്രവർത്തനങ്ങളിലും വനിതാ ശാക്തീകരണത്തിലും മാനസികാരോഗ്യ അവബോധത്തിലും വലിയ സ്വപ്നങ്ങളും വിപ്ലവകരമായ മാറ്റങ്ങളുമാണ് മുന്നോട്ട് വയ്ക്കുന്നത്.

### ഫൊക്കാനയുമായി കൂടുതൽ അടുത്ത ബന്ധം എങ്ങനെ ആരംഭിച്ചു?

നിലവിലെ ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനും ഫൊക്കാന വിമൻസ് ഫോറം ചെയർ രേവതി പിള്ളയും നൽകിയ ക്ഷണത്തെ തുടർന്നാണ് ഫൊക്കാന പ്രവർത്തനങ്ങളിലേക്ക് കൂടുതൽ സജീവമായി എത്തിയത്. രേവതി പിള്ളയുടെ ഫൊക്കാനയിലെ പ്രവർത്തനങ്ങൾ ഞാൻ



അടക്കമുള്ള വനിതകൾക്ക് സംഘടനയുടെ വളർച്ചയ്ക്കുവേണ്ടിയും കേരളത്തിലെയും അമേരിക്കയിലെയും സ്ത്രീകൾക്ക് വേണ്ടി കൂടുതൽ കാര്യങ്ങൾ ചെയ്യാനുള്ള ഊർജ്ജവും പ്രചോദനവും നൽകി.

**കോട്ടയത്തെ കലാലയ ജീവിതത്തിൽ നിന്നും വാഷിംഗ്ടൺ ഡിസിയിലെ ഐടി മാനേജ്മെന്റിലേക്കുള്ള യാത്രയെ എങ്ങനെ നോക്കിക്കാണുന്നു?**

തിരിഞ്ഞു നോക്കുമ്പോൾ അത് വലിയൊരു മാറ്റമായി തോന്നാം. പക്ഷേ എന്റെ മനസ്സും വേരുകളും ഇന്നും കോട്ടയത്തോടാണ് ചേർന്നിരിക്കുന്നത്. അച്ഛൻ മോഹനും അമ്മ രേവമ്മയും സഹോദരൻ കണ്ണനും (അഡ്വക്കേറ്റ്) അടങ്ങുന്ന എന്റെ കുടുംബം നൽകിയ അടിത്തറയാണത്. ബേക്കർ മെമ്മോറിയൽ സ്കൂളിലെയും സി.എം.എസ് കോളേജിലെ കാലഘട്ടം എന്നെ രൂപപ്പെടുത്തുന്നതിൽ വഹിച്ച പങ്കും വളരെ വലുതാണ്. സയൻസിൽ ബിരുദാനന്തരബിരുദം നേടിയ ഞാൻ, സി.എം.എസിൽ നിന്നും 'ബെസ്റ്റ് ഔട്ട്ഗോയിംഗ് സ്റ്റുഡന്റ്' ആയി റൂബൻ എൻഡോവ്മെന്റ് അവാർഡ് നേടിയാണ് പാസ്സൗട്ടായത്. അതിനുശേഷം എസ്.എൻ കോളേജിൽ ബയോടെക്നോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായി ജോലി ചെയ്യുന്നതിനിടയിലായിരുന്നു വിവാഹം.

വിവാഹത്തോടെ അമേരിക്കയിലേക്ക് പോരേണ്ടി വന്നതിനാൽ തുടങ്ങിവെച്ച പി.എച്ച്.ഡി പഠനം പൂർത്തിയാക്കാൻ സാധിച്ചില്ല. അമേരിക്കയിൽ എത്തിയപ്പോൾ കരിയർ മാറ്റേണ്ടി വന്നു. ഇവിടെ വന്ന് എം.ബി.എ പൂർത്തിയാക്കിയ ശേഷം ഐടി മേഖലയിലേക്ക് തിരിഞ്ഞത്. കഴിഞ്ഞ 15 വർഷമായി വാഷിംഗ്ടൺ ഡിസിയിൽ ഐടി മാനേജ്മെന്റ് രംഗത്താണ് പ്രവർത്തിക്കുന്നത്. ഈ അനുഭവം ഉള്ളതുകൊണ്ടുതന്നെ, അമേരിക്കയിൽ എത്തുന്ന സ്ത്രീകൾക്ക് കൂടുതൽ സാധ്യതകളുള്ള മേഖലകൾ കണ്ടെത്തി അവരെ അവിടെ എത്തിക്കുക എന്നത് എന്റെ ഒരു വലിയ കടമയായി ഞാൻ കാണുന്നു. കേരളത്തോടുള്ള ആത്മബന്ധം കാരണം വർഷത്തിൽ പലതവണ ഞാൻ നാട്ടിലെത്താറുമുണ്ട്.

**'കോഡക്ട്' (Coduct) എന്ന സംരംഭത്തെക്കുറിച്ചും ലക്ഷ്യങ്ങളെക്കുറിച്ചും പറയാമോ?**

ഐടി മാനേജ്മെന്റിനൊപ്പം സോഫ്റ്റ്വെയർ-ഹാർഡ്‌വെയർ സേവനങ്ങൾ നൽകുന്ന 'കോഡക്ട്' എന്ന സ്ഥാപനം ഞാൻ നടത്തിവരുന്നു. ഒരു സ്ത്രീ എന്ന നിലയിൽ കരിയറിൽ ഞാൻ നേടിയ അനുഭവങ്ങൾ മറ്റുള്ളവർക്കും പ്രചോദനമാകണ

മെന്നാണ് ആഗ്രഹം. പ്രത്യേകിച്ച് കേരളത്തിലെയും അമേരിക്കയിലെയും മലയാളി വനിതകളെ സംരംഭ കത്വത്തിലേക്ക് (Entrepreneurship) നയിക്കാനും, അവർക്ക് ആത്മവിശ്വാസത്തോടെ മുഖ്യധാരയിലേക്ക് മുന്നേറാൻ അവസരങ്ങൾ സൃഷ്ടിക്കാനും ഞാൻ ആഗ്രഹിക്കുന്നു.ഏത് സംരംഭമായാലും സ്ത്രീകൾ വെറുമൊരു ഭാഗമായി ഒതുങ്ങാതെ നേതൃത്വം കൈകാര്യം ചെയ്യുന്ന ശക്തിയായി മാറണം.

**നൃത്തവും എഴുത്തും ജേർണലിസവും... ഈ തിരക്കുകൾക്കിടയിൽ കലയെ എങ്ങനെ കൂടെക്കൂട്ടുന്നു?**

നൃത്തം എനിക്ക് ഒരു ഹോബിയല്ല, ജീവിതത്തിന്റെ ഭാഗമാണ്, എന്റെ പാഷനാണ്. പരിശീലനം നേടിയ മോഹിനിയാട്ടം നർത്തകിയായ ഞാൻ അമേരിക്കയിളെയും കേരളത്തിലെയും നിരവധി വേദികളിൽ ഇന്നും നൃത്തം അവതരിപ്പിക്കുന്നുണ്ട്. ഓരോ വേദിയും എനിക്ക് ആത്മസന്തോഷം നൽകുന്ന അനുഭവങ്ങളാണ്. എഴുത്തിനോടും ജേർണലിസത്തോടും പണ്ടുമുതൽ വലിയ താല്പര്യമുണ്ട്. അമേരിക്കയിലെ ഫ്ലവേഴ്സ് ടിവി ഉൾപ്പെടെയുള്ള മീഡിയ ടീമുകളിൽ പ്രവർത്തിക്കാൻ കഴിഞ്ഞത് എന്റെ അനുഭവലോകം കൂടുതൽ വിശാലമാക്കി.

**ജീവിതത്തിലെ പ്രതിസന്ധികളെയും അതിജീവനത്തെയും കുറിച്ച് തുറന്നു പറയാൻ മടിയില്ലാത്ത ആളാണ് താങ്കൾ. മാനസികാരോഗ്യ രംഗത്ത് സ്ത്രീകൾക്കായി എന്താണ് ചെയ്യാനുള്ളത്?**

ജീവിതമാകുമ്പോൾ പലവിധ പ്രതിസന്ധികൾ ഉണ്ടാകുക സ്വാഭാവികമാണ്. അവയൊക്കെ മറികടക്കാൻ എന്റെ കുടുംബവും സുഹൃത്തുക്കളും എപ്പോഴും ഒപ്പമുണ്ടായിരുന്നു. പ്രത്യേകിച്ച്, എന്റെ പ്രതിസന്ധിഘട്ടങ്ങളിൽ അതിജീവിക്കാൻ എനിക്ക് കരുത്തായത് കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പലും പ്രശസ്ത സൈക്യാട്രിസ്റ്റുമായ ഡോ. വർഗീസ് പി. പുന്നൂസ് ആയിരുന്നു. അദ്ദേഹത്തിൽ നിന്നും ലഭിച്ച തെറാപ്പികളും പിന്തുണയുമാണ് എന്നെ ശക്തയാക്കിയത്. മാനസികമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുമ്പോൾ പ്രൊഫഷണൽ സഹായം തേടാനും തെറാപ്പി എടുക്കാനും സ്ത്രീകൾ മുന്നോട്ട് വരണം. അത് തുറന്നു പറയാൻ ധൈര്യം കാണിക്കണം. മാനസികാരോഗ്യത്തെ ചുറ്റിപ്പറ്റിയുള്ള സാമൂഹികമായ മുൻവിധികൾ (Stigma) മാറേണ്ടതുണ്ട്. ഫൊക്കാന വിമൻസ് ടീമിലൂടെ അമേരിക്കയിലെയും കേരളത്തിലെയും സ്ത്രീകൾക്കിടയിൽ ഈ വിഷയത്തിൽ ശക്തമായ അവബോധം വളർത്താൻ ഞാൻ പ്രവർത്തിക്കും.



**വിമൻസ് ഫോറം ചെയർ സ്ഥാനത്തേക്ക് മത്സരിക്കുമ്പോൾ മറ്റ് പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണ്?**

സ്ത്രീകളുടെ മുന്നേറ്റത്തിനും സമൂഹത്തിലെ അവരുടെ സജീവ പങ്കാളിത്തത്തിനും കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. സംഘടനയുടെ മുൻകാല വനിതാ നേതാക്കൾ തുടങ്ങിവെച്ച സ്കോളർഷിപ്പ് പദ്ധതികൾ കൂടുതൽ വിപുലമാക്കും. ഇത്തവണ രേവതി പിള്ളയുടെ നേതൃത്വത്തിൽ 26 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പ്രൗഢോജ്ജ്വലമായി സ്കോളർഷിപ്പ് വിതരണം ചെയ്യാൻ സാധിച്ചത് വലിയ മാതൃകയായി മുന്നിലുണ്ട്. വനിതകളുടെ വിദ്യാഭ്യാസം, സംരംഭകത്വം, മാനസിക-സാമൂഹിക ഉന്നമനം എന്നിവയ്ക്ക് മുൻഗണന നൽകുന്ന മികച്ച പദ്ധതികൾ എല്ലാവരുടെയും പിന്തുണയോടെ നടപ്പിലാക്കും.

**സംഘടനാ രംഗത്തെ മുൻകാല അനുഭവങ്ങൾ ഈ പുതിയ ദൗത്യത്തിന് എത്രത്തോളം സഹായകമാകും?**





അമേരിക്കയിലെ പ്രമുഖ സംഘടനയായ 'മന്ത്ര'യുടെ തുടക്കം മുതൽ സജീവമാണ്. മുൻപ് ഡയറക്ടർ ബോർഡ് മെമ്പറായും നിലവിൽ ട്രസ്റ്റി ബോർഡിന്റെ സെക്രട്ടറിയായും പ്രവർത്തിച്ചു വരുന്നു. കൂടാതെ വേൾഡ് മലയാളി കൗൺസിൽ (WMC) അമേരിക്കൻ റീജിയൻ ജോയിന്റ് സെക്രട്ടറി, വിമൻസ് ഫോറം ചെയർ, ഡിസി പ്രൊവിൻസ് എന്റർടൈൻമെന്റ് ചെയർ എന്നീ നിലകളിലും പ്രവർത്തിച്ചു. വാഷിംഗ്ടൺ ഡിസിയിൽ 'റിഥം' എന്ന ഡാൻസ് ഫെസ്റ്റിവലിന് രണ്ടു വർഷത്തോളം നേതൃത്വം നൽകാൻ കഴിഞ്ഞത് ഏറെ അഭിമാനകരമായ അനുഭവമായിരുന്നു. ഇൻഡ്യൻ ക്ലാസിക്കൽ നർത്തകർക്കായി മികച്ചൊരു വേദി സൃഷ്ടിക്കാനും അവരെ പ്രോത്സാഹിപ്പിക്കാനും അതിലൂടെ സാധിച്ചു. ഈ അനുഭവങ്ങളൊക്കെയും ഫൊക്കാനയിൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ എനിക്ക് ആത്മവിശ്വാസം നൽകുന്നു.

**കുടുംബത്തിൽ നിന്ന് ലഭിക്കുന്ന പിന്തുണയെക്കുറിച്ച്?**

കുടുംബത്തിന്റെ ശക്തമായ പിന്തുണയില്ലാതെ ഒരാൾക്കും മുന്നോട്ട് പോകാനാകില്ല. ഭർത്താവ് അനിൽ കൃഷ്ണൻകുട്ടി വാഷിംഗ്ടൺ ഡിസിയിൽ സോഫ്റ്റ്വെയർ ആർക്കിടെക്റ്റായി ജോലി ചെയ്യുന്നു. മകൻ ആദിദേവ് സായി അനിലിന് അഞ്ച് വയസ്സാണ്. ഭർത്താവിന്റെ കുടുംബത്തിൽ നിന്നും എനിക്ക് ലഭിക്കുന്ന പിന്തുണ എടുത്തു പറയേണ്ടതാണ്. ഭർത്താവിന്റെ അച്ഛൻ കൃഷ്ണൻകുട്ടി, അമ്മ മണി കൃഷ്ണൻകുട്ടി, അമേരിക്കയിലുള്ള സഹോദരൻ വിനോദ് കൃഷ്ണൻകുട്ടി,സഹോദരപത്നി ദിവ്യ വിനോദ് എന്നിവർ എന്റെ എല്ലാ വളർച്ചയ്ക്കും പ്രോത്സാഹനവുമായി ഒപ്പമുണ്ട്. ഭർതൃകുടുംബത്തിൽ നിന്ന് അത്തരത്തിലൊരു പിന്തുണ എല്ലാവർക്കും കിട്ടണമെന്നില്ല, അതിൽ എനിക്ക് ദൈവത്തോട് വലിയ നന്ദിയുണ്ട്.

**തിരഞ്ഞെടുപ്പിലെ മത്സരത്തെ എങ്ങനെ കാണുന്നു? വോട്ടർമാരോട് എന്താണ് പറയാനുള്ളത്?**



ഇത് തികച്ചും ആരോഗ്യകരമായ ഒരു മത്സരമായിട്ടാണ് ഞാൻ കാണുന്നത്. സ്ഥാനാർത്ഥികൾ തമ്മിലുള്ള സൗഹൃദവും സഹകരണവും എന്നും നിലനിൽക്കും. ആരാണ് വിജയിക്കുന്നത് എന്നതിലുപരി, ഒരു ടീമായി നിന്ന് ഫൊക്കാനയെ കൂടുതൽ ശക്തിപ്പെടുത്തുക എന്നതാണ് പ്രധാനം. അമേരിക്കൻ മലയാളികളുടെയും പ്രത്യേകിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി ആത്മാർത്ഥമായി പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിക്കുമെന്നാണ് പ്രതീക്ഷ.


NRS PAY
TAP, DIP, SWIPE OR KEY!
ACCEPTING CREDIT CARDS
SHOULDN'T BE A JUGGLING ACT!
Simplify your payment acceptance.
अपने हाई क्रेडिट कार्ड
प्रोसेसिंग बिलों में
कटौती करें।
NRS PAY
nrspay.com
✔ FREE Credit Card Reader
✔ NO Long-Term Contracts
✔ NO Hidden Fees
✔ NO Early Termination Fee
GET STARTED TODAY!
Call (877) 202-8112
or visit nrspay.com
NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.



സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ
21 Year Legacy of Trust & Quality
SINCE 2005
40+ BRANCHES
KERALA'S NO.1 GOLD BUYER
അച്ചായൻസ് ഗോൾഡ്
916 HALLMARKED JEWELLERY
എറണാകുളം, കോട്ടയം
ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം
85900 46 916 | 90613 50 916
www.act ayansgold.in
വിദേശ പഠനം / ജോലി തുടങ്ങിയ ആവശ്യങ്ങൾക്കായി സ്വർണ്ണം വിൽക്കുമ്പോൾ*
BRANDED TROLLEY BAG
സമ്മാനമായി നൽകുന്നു.
(4 Lakhs and above*)
FREE
FOR SPECIAL NRI SERVICES
CONTACT: Mr. Shinil Kurian
90723 88 173

# സേവനത്തിനും സമർപ്പണത്തിനും ആദരം; ഹോളി ഫാമിലി ഹോസ്പിറ്റൽ (ഒഎഎ) റീയൂണിയനിൽ അംഗങ്ങൾക്ക് അംഗീകാരം




ഹോളി ഫാമിലി ആശുപത്രി (HFH) 'അലുംനി റീയൂണിയൻ 2026' ജമൈക്കയിൽ നടന്നു. മേയ് 1 മുതൽ 5 വരെയായി നാലു ദിവസം നീണ്ടുനിന്ന റീയൂണിയനിൽ നഴ്സിംഗ്, റേഡിയോളജി, ലബോറട്ടറി വിഭാഗങ്ങളിലെ പൂർവ്വവിദ്യാർത്ഥികൾ പങ്കെടുത്തു. ജമൈക്കയിലെ Grand Palladium Jamaica Reosrt & Spa, Grand Palladium Lady Hamilton Reosrt & Spa റിസോർട്ടുകളിലാണ് റീയൂണിയൻ നടന്നത്. റീയൂണിയനിലെ ഏറ്റവും ഹൃദയസ്പർശിയായ ഭാഗങ്ങളിലൊന്നായിരുന്നു പ്രത്യേക ആദരസമ്മാനങ്ങൾ. ഹോളി ഫാമിലി ആശുപത്രിയുടെ വളർച്ചക്കും അലുംനി കൂട്ടായ്മയുടെ ശക്തിക്കും വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിയ വ്യക്തികളെയാണ് ചടങ്ങിൽ ആദരിച്ചത്.

## മേരിക്കുട്ടി കുര്യാക്കോസ്

ഹോളി ഫാമിലി ഹോസ്പിറ്റൽ ന്യൂഡൽഹി അലുംനി അസോസിയേഷന്റെ സ്ഥാപക പ്രസിഡന്റായ മേരിക്കുട്ടി കുര്യാക്കോസിനെ ചടങ്ങിൽ പ്രത്യേകമായി ആദരിച്ചു. അലുംനി സംഘടനയ്ക്ക് ശക്തമായ അടിത്തറ പാകാൻ അവർ നൽകിയ നേതൃത്വവും സമർപ്പണവും എല്ലാവരും നന്ദിയോടെ ഓർമ്മിച്ചു. നോർത്ത് പാർക്ക് യൂണിവേഴ്സിറ്റിയിൽ നിന്ന് നഴ്സിംഗിൽ മാസ്റ്റേഴ്സ് ബിരുദം നേടിയ മേരിക്കുട്ടി കുര്യാക്കോസ് ഇപ്പോൾ ഇല്ലിനോയിസിലെ നേപ്പർവില്ലിൽ താമസിക്കുന്നു. നഴ്സ് മാനേജർ ആയി സേവനം അനുഷ്ഠിക്കുന്ന മേരിക്കുട്ടി പലപ്പോഴും ഡോക്ടർമാർക്ക് പോലും എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലാത്ത ആരോഗ്യപ്രശ്നങ്ങളെ നേരിട്ടപ്പോഴെല്ലാം അത്യന്തം ധൈര്യവും ആത്മവിശ്വാസവും പ്രകടിപ്പിച്ചിട്ടുള്ള വ്യക്തിയാണ്. കരുതലോടെയും മികവോടെയും തന്റെ പ്രൊഫഷണൽ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്ന മേരിക്കുട്ടി കുര്യാക്കോസ് തന്റെ അത്തരം അനുഭവങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് Patients Don't Lie എന്ന പ്രചോദനാത്മക പുസ്തകം രചിച്ചിട്ടുണ്ട്. Barnes & Nobleൽ ഈ പുസ്തകം ലഭ്യമാണ്. സ്ഥാപക പ്രസിഡന്റുകൂടിയായ മേരിക്കുട്ടി കുര്യാക്കോസ് Alumni Aossciation-\v tax-exempt status ലഭ്യമാക്കുന്നതിനായി അക്ഷീണം പരിശ്രമിച്ചിട്ടുണ്ട്. മേരിക്കുട്ടി കുര്യാക്കോസിന്റെ നേതൃപാടവവും ദൃഢനിശ്ചയവും സേവന മനോഭാവവും തങ്ങളിൽ പലർക്കും വലിയ അനുഗ്രഹമായി മാറിയിട്ടുണ്ടെന്ന് അംഗങ്ങൾ അനുസ്മരിച്ചു.

## ബ്രിജിറ്റ് വിൻസെന്റ്

സമ്മേളനത്തിലെ ഏറ്റവും ശ്രദ്ധേയമായ അംഗീകാരങ്ങളിൽ ഒന്നായിരുന്നു ബ്രിജിറ്റ് വിൻസെന്റിന് ലഭിച്ച ‘Most Accomplished Alumni’ പുരസ്കാരം. ആരോഗ്യരംഗത്തെ മികവും സമൂഹത്തോടുള്ള പ്രതിബദ്ധതയും ഹോളി ഫാമിലി ഹോസ്പിറ്റൽ കുടുംബത്തോടുള്ള ആത്മബന്ധവും പരിഗണിച്ചാണ് ഈ അംഗീകാരം നൽകിയത്. ബ്രിജിറ്റ് വിൻസെന്റിന്റെ ജീവിതയാത്ര പുതിയ തലമുറ അലുംനികൾക്ക് പ്രചോദനമായി മാറുന്നുവെന്നും ബ്രിജിറ്റിന്റെ നേട്ടങ്ങൾ മുഴുവൻ എച്ച്എഫ്എച്ച് കുടുംബത്തിന്റെയും അഭിമാനമാണെന്നും ടീം അനുസ്മരിച്ചു. ഹോളി ഫാമിലി ഹോസ്പിറ്റൽ, ന്യൂഡൽഹിയിലെ 1973–75 ബാച്ചിലെ അലുംനിയായ ബ്രിജിറ്റ് 1975-ലാണ് ഫിലഡൽഫിയയിൽ എത്തിയത്. തുടർന്ന് BSN, MSN, CCRN എന്നീ ഉയർന്ന യോഗ്യതകൾ നേടിയ ശേഷം നഴ്സ് പ്രാക്ടീഷണർ ആയി ശ്രദ്ധേയമായ സേവനം അനുഷ്ഠിച്ചു. അതോടൊപ്പം പെൻസിൽവാനിയ ഇന്ത്യൻ നഴ്സസിന്റെ സ്ഥാപക പ്രസിഡന്റായി പ്രവർത്തിക്കുകയും NAINAയുടെ സജീവ അംഗമായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. പെൻസിൽവാനിയ ബോർഡ് ഓഫ് നഴ്സിങ് കൗൺസിലിൽ അംഗമായ ആദ്യ ഇന്ത്യൻ നഴ്സായി ചരിത്രം സൃഷ്ടിച്ച വ്യക്തി കൂടിയാണ് ബ്രിജിറ്റ് വിൻസെന്റ്.









## അലക്സാണ്ടർ മാമൻ

Allied Professionals വിഭാഗത്തിൽ നിന്നുള്ള Senior-most Alumni ആയി അലക്സാണ്ടർ മാമ്മന് റീയൂണിയനിൽ പ്രത്യേക അംഗീകാരം നൽകി. ഒഎഗ കുടുംബത്തോടുള്ള അലക്സാണ്ടർ മാമ്മന്റെ ദീർഘകാല ബന്ധവും പിന്തുണയും എല്ലാവരും ആദരവോടെ അംഗീകരിച്ചു. Holy Family Hospital Delhi-യിലെ 1967–69 ബാച്ചിൽ പഠനം പൂർത്തിയാക്കിയ അലക്സാണ്ടർ മാമ്മൻ പാറ്റ്നയിലും ഡൽഹിയിലും അധ്യാപകനായി സേവനം അനുഷ്ഠിച്ചു. പിന്നീട് ലിബിയയിലും ന്യൂയോർക്കിലെ പ്രമുഖ Hematology വിഭാഗങ്ങളിലും അദ്ദേഹം ജോലി ചെയ്തു. ജോലി മേഖലയിൽ ഓരോ ഘട്ടത്തിലും മികവ് തെളിയിച്ച അദ്ദേഹം ഇപ്പോൾ ഫ്ളോറിഡയിൽ വിശ്രമജീവിതം നയിക്കുകയാണ്. ടീമിലെ ഏറ്റവും മുതിർന്ന അംഗമായ അദ്ദേഹം എല്ലാവർക്കും പ്രചോദനമേകുന്ന വ്യക്തി കൂടിയാണ്.

## സോഫി കോയിത്തറ

നിരവധി നഴ്സുമാരെ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കു

വഹിച്ച സോഫി കോയിത്തറയെ മികച്ച നഴ്സിങ് ട്യൂട്ടർ അംഗീകാരം നൽകി ചടങ്ങിൽ ആദരിച്ചു. RN, CCRN, ANP-BC യോഗ്യതകളുള്ള സോഫി കോയിത്തറ 1981 മുതൽ 1986 വരെ ഹോളി ഫാമിലി ഹോസ്പിറ്റലിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നഴ്സിംഗ് മേഖലയിലെ സമർപ്പണത്തിനും മാർഗനിർദേശത്തിനും ദീർഘകാല സേവനത്തിനുമായാണ് സോഫി കോയിത്തറ റീയൂണിയനിൽ ആദരിക്കപ്പെട്ടത്. ക്ഷമയോടും ആത്മാർത്ഥതയോടും കൂടി നിരവധി നഴ്സിംഗ് ബാച്ചുകളെ പഠിപ്പിച്ചിട്ടുള്ള സോഫി കോയിത്തറയുടെ ശാസ്ത്രീയ പരിശീലനവും സ്നേഹപൂർവമായ മാർഗ്ഗനിർദേശവും പല വിദ്യാർത്ഥികളുടെയും ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുള്ളതായി സുഹൃത്തുക്കൾ ഓർമ്മിച്ചു. നഴ്സിങ് രംഗത്തെ വിലമതിക്കാനാവാത്ത സംഭാവനകളെ മാനിച്ച് ഷെർലി നെല്ലാമറ്റവും മുൻ പ്രസിഡന്റായ വത്സ ബിജുവും ചേർന്ന് സോഫിയെ പൊന്നാട അണിയിച്ചു ആദരിച്ചു.

ഓരോ അംഗീകാരവും കൈമാറുമ്പോഴും ഹാളിൽ നിറഞ്ഞുനിന്നത് കരഘോഷവും സ്നേഹവുമായിരുന്നു. ഒരു സാധാരണ പുരസ്കാര വിതരണം എന്നതിനപ്പുറം സേവനത്തിന്റെയും ത്യാഗത്തിന്റെയും കരുണയുടെയും ഒരു വലിയ ആദരവായിരുന്നു ഈ ചടങ്ങ്. എച്ച്എഫ്എച്ച് കുടുംബത്തിന്റെ യഥാർത്ഥ ശക്തി അതിന്റെ ഓരോ അംഗങ്ങളുമാണെന്ന സന്ദേശം ഈ പരിപാടി വീണ്ടും ഓർമ്മിപ്പിച്ചു. 2024 മുതൽ 2026 മേയ് വരെയുള്ള കാലഘട്ടത്തിൽ നിര്യാതരായ അലുംനികൾക്കായുള്ള പ്രത്യേക അനുസ്മരണം വികാരനിർഭരമായ നിമിഷങ്ങളായി മാറി. അവരുടെ ഓർമ്മയ്ക്കായി 'In Memoriam' എന്ന ഒരു അനുസ്മരണ ചിത്രവും പ്രദർശിപ്പിച്ചു.

തുടർന്ന് ബാച്ച് അടിസ്ഥാനത്തിൽ ഓരോ ടീമിനെയും സ്റ്റേജിലേക്ക് ക്ഷണിച്ച് ആദരിക്കുകയും ഫോട്ടോകൾ എടുക്കുകയും ചെയ്തു. സെക്രട്ടറി ഷെർലി നെല്ലാമറ്റം മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് (MMS)ന്റെ ചരിത്രവും ഹോളി ഫാമിലി ആശുപത്രിയുടെ വളർച്ചയും അവതരിപ്പിച്ച സ്ലൈഡ് ഷോ ഏറെ ശ്രദ്ധേയമായി. പഴയകാലവും ഇന്നത്തെ സാഹചര്യവും കൂട്ടിയിണക്കിക്കൊണ്ടുള്ള അവതരണം റീയൂണിയനിൽ പങ്കെടുത്തവർക്ക് സ്ഥാപനങ്ങളുടെ സ്ഥാപകരെക്കുറിച്ചും സമ്പന്നമായ അതിന്റ ചരിത്രത്തെക്കുറിച്ചും വിലമതിക്കാനാവാത്ത അറിവുകൾ നൽകി.

ജമൈക്കയുടെ ചരിത്രവും സംസ്കാരവും പ്രകൃതി സൗന്ദര്യവും ആസ്വദിച്ചും അടുത്തറിഞ്ഞും ആഘോഷമാക്കിയ നാലു ദിവസങ്ങൾ മറക്കാനാവാത്ത ഓർമ്മകളായി മനസ്സിൽ സൂക്ഷിച്ചുകൊണ്ടാണ് 'അലുംനി റീയൂണിയൻ 2026' അവസാനിച്ചത്. വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിച്ചും യാത്രകൾ ഒരുക്കിയും റീയൂണിയൻ ആവേശകരമാക്കിയതിനു പിന്നിൽ ആഗ്നസ് മാത്യു, തോമസ് തറയിൽ, ഷെർലി നെല്ലാമറ്റം, ജോയ് തട്ടാർക്കുന്നേൽ എന്നിവരുടെ സംഘാടന മികവും നേതൃത്വഗുണവുമാണെന്നതിൽ സംശയമില്ല. അടുത്ത വർഷത്തെ റീയൂണിയൻ എവിടെ സംഘടിപ്പിക്കണമെന്ന കാര്യം പിന്നീട് ആലോചിച്ചു തീരുമാനിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.





NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# രാഷ്ട്രീയ വൈരി ജി സുധാകരന് മുമ്പാകെ പിണറായി വിജയൻ സത്യപ്രതിജ്ഞ ചെയ്തു; ഇത് കാലത്തിന്റെ കാവ്യ നീതി



എ.എസ് ശ്രീകുമാർ

''ഇത് കാലത്തിന്റെ കാലത്തിന്റെ കാവ്യ നീതിയാണ്...'' എന്ന് നമ്മൾ പറയാറുള്ളത് ചിലപ്പോഴൊക്കെ സത്യമായി വരാറുണ്ട്. കാലത്തിന്റെ കാവ്യനീതി എന്നത്, കാലം അതിന്റേതായ രീതിയിൽ കർമ്മഫലം നൽകുന്നതിനെ സൂചിപ്പിക്കുന്ന സാഹിത്യ-ദാർശനിക പ്രയോഗമാണ്. സാഹിത്യത്തിൽ ഈ ആശയത്തിന് സമാനമായി, ദുഷ്ടർക്ക് അർഹമായ ശിക്ഷയും, നീതിനിഷ്ഠയുള്ളവർക്ക് ഒടുവിൽ പ്രതിഫലവും ലഭിക്കുന്നുവെന്നാണർത്ഥം. രാഷ്ട്രീയമായി പിണറായി വിജയന്റെ തോൽവിയാണ് ഇന്ന് ഈ ദർശനത്തെ സാധൂകരിക്കുന്നത്. രാഷ്ട്രീയ കേന്ദ്രങ്ങൾ ആകാംക്ഷയോടെ ഉറ്റുനോക്കിരുന്ന കൗതുക നിമിഷങ്ങൾക്ക് നിയമസഭാ മന്ദിരം ഇന്ന് സാക്ഷ്യം വഹിച്ചു. സി.പി.എം ക്യാമ്പ് വിട്ട് യു.ഡി.എഫ് പിന്തുണയോടെ നിയമസഭയിലെത്തുകയും പ്രോടേം സ്പീക്കാറായി ചുമതലയേൽക്കുകയും ചെയ്ത മുതിർന്ന നേതാവ് ജി സുധാകരന് മുന്നിൽ മുൻ മുഖ്യമന്ത്രിയും പുതിയ പ്രതിപക്ഷ നേതാവുമായ പിണറായി വിജയൻ എം.എൽ.എയായി സത്യപ്രതിജ്ഞ ചെയ്തതിനെയാണ് ''ഇത് കാലത്തിന്റെ കാലത്തിന്റെ കാവ്യ നീതി...'' എന്ന് വിശേഷിപ്പിക്കപ്പെട്ടത്.

നിയമസഭാ തിരഞ്ഞെടുപ്പിന് മുമ്പ് സി.പി.എം നേതൃത്വവുമായി കടുത്ത ഭിന്നതയിലായിരുന്ന ജി സുധാകരനെ അനുനയിപ്പിക്കാൻ പാർട്ടി അഖിലേന്ത്യാ സെക്രട്ടറി എം.എ ബേബിയടക്കം പല മുതിർന്ന നേതാക്കളും അദ്ദേഹത്തിന്റെ അമ്പലപ്പുഴയിലുള്ള വീട്ടിലെത്തിയിരുന്നു. ഇതിനിടെ പിണറായി വിജയൻ നേരിട്ടെത്തുമെന്ന് വാർത്തകൾ വന്നിരുന്നു. എങ്കിലും, ആലപ്പുഴയിലെത്തിയിട്ടും സുധാകരനെ കാണാൻ പിണറായി എത്താതിരുന്നത് വലിയ ചർച്ചയായി. അതിനാൽ തന്നെ പ്രോടേം സ്പീക്കർ സുധാകരന് മുന്നിൽ സത്യപ്രതിജ്ഞ ചെയ്യാൻ പിണറായി വിജയൻ എത്തുമോ എന്നതായിരുന്നു രാഷ്ട്രീയ കേരളം ഉറ്റുനോക്കിയിരുന്നത്. പക്ഷേ, എം.എൽ.എ ലിസ്റ്റിലെ അക്ഷരമാലാ ക്രമമനുസരിച്ച് 133-ാം പേരുകാരനായി വേദിയിലെത്തിയ പിണറായി വിജയൻ സഗൗരവം സത്യപ്രതിജ്ഞ പൂർത്തിയാക്കി. തുടർന്ന് ജി സുധാകരന് നിറഞ്ഞ ചിരിയോടെ ഹസ്തദാനം നൽകി പരസ്പരം സൗഹൃദം പങ്കുവെച്ച ശേഷം പിണറായി വിജയൻ തന്റെ സീറ്റിലേക്ക് മടങ്ങുകയായിരുന്നു.

രാഷ്ട്രീയത്തിൽ വ്യക്തിപരമായ ശത്രുതയ്ക്കോ വൈരാഗ്യങ്ങൾക്കോ യാതൊരുവിധ സ്ഥാനവുമില്ലെന്ന് നിയമസഭയുടെ പ്രോടേം സ്പീക്കറായി മെയ് 20-ാം തീയതി ബുധനാഴ്ച ചുമതലയേറ്റ ജി സുധാകരൻ അഭിപ്രായപ്പെട്ടിരുന്നു. സി.പി.എം ടിക്കറ്റ് നിഷേധിച്ചതിനെ തുടർന്ന് പാർട്ടി വിടുകയും അമ്പലപ്പുഴ മണ്ഡലത്തിൽ നിന്ന് യു.ഡി.എഫ് പിന്തുണയോടെ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ച് വിജയിക്കുകയും ചെയ്ത സുധാകരൻ, പിണറായി വിജയനുമായി തനിക്ക് യാതൊരുവിധ വ്യക്തിവൈരാഗ്യവുമില്ലെ

ന്നാണ് പറഞ്ഞത്. നിയമസഭാംഗങ്ങളുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ മറ്റ് ജനപ്രതിനിധികളെപ്പോലെ തന്നെയാണ് താൻ പിണറായി വിജയനെയും കാണുന്നതെന്നും അദ്ദേഹം പറയുകയുണ്ടായി.

അതേസമയം, പതിനാറാം നിയമസഭയിലെ നിയുക്ത എം.എൽ.എമാർ എല്ലവരും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഇന്ന് രാവിലെ ഒൻപതുമണിയോടെയായിരുന്നു ചടങ്ങുകൾ. അംഗങ്ങളുടെ പേരിന്റെ അക്ഷരമാലാക്രമത്തിലായിരുന്നു സത്യപ്രതിജ്ഞ. പ്രോടേം സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട ജി സുധാകരനാണ് സഭാനടപടികൾ നിയന്ത്രിച്ചത്.

ആദ്യം സത്യപ്രതിജ്ഞ ചെയ്തത് കളമശ്ശേരി എം.എൽ.എയും ഫിഷറീസ് വകുപ്പു മന്ത്രിയുമായ വി.ഇ അബ്ദുൾ ഗഫൂർ ആയിരുന്നു. ബുധനാഴ്ച ഗവർണർ രാജേന്ദ്ര ആർലേക്കർക്ക് മുൻപാകെയാണ് സുധാകരൻ സത്യവാചകം ചൊല്ലിയത്. ഇനി 22-ാം തീയതിയിലുള്ള സ്പീക്കർ തിരഞ്ഞെടുപ്പ് ചട്ടപ്രകാരമുള്ള സാങ്കേതിക നടപടിയാണ്. മുതിർന്ന കോൺഗ്രസ് നേതാവും മുൻ മന്ത്രിയുമായ തിരുവഞ്ചൂർ രാധാകൃഷ്ണനാണ് നിയുക്ത സ്പീക്കർ.

ജി സുധാകരന്റെ സി.പി.എം ബന്ധമുപേക്ഷിക്കൽ തിരഞ്ഞടുപ്പുകാലത്തെ വലിയ പൊട്ടിത്തെറികളിലൊന്നായിരുന്നു. ഒടുവിൽ അദ്ദേഹം കളം മാറിയപ്പോൾ തോൽപ്പിക്കാനും കൊണ്ടുപിടിച്ച ശ്രമങ്ങളുണ്ടായി. സാഹിത്യത്തിൽ കഥാപാത്രങ്ങളുടെ സ്വഭാവത്തിനും പ്രവൃത്തികൾക്കുമനുസരിച്ച് നന്മയോ തിന്മയോ സംഭവിക്കുന്നത് നാം വായിച്ചറിഞ്ഞിട്ടുണ്ട്. ചെയ്ത തെറ്റുകൾക്ക് അതേ നാണയത്തിൽ തന്നെയുള്ള പ്രതിഫലം കഥാപാത്രങ്ങൾക്ക് ഒടുവിൽ ലഭിക്കുന്നു.

ദൈനംദിന ജീവിതത്തിലും കാലത്തിന്റെ കാവ്യ നീതി എന്ന പ്രയോഗത്തിന്റെ അർത്ഥവ്യാപ്തി പ്രതിഫലിക്കുന്നു. ഇന്നിപ്പോൾ രാഷ്ട്രീയത്തിലും അത് സംഭവിച്ചു. ഒരുപാട് പേരെ വേദനിപ്പിച്ചവർക്ക്, കാലം മുന്നോട്ട് പോകുമ്പോൾ തക്കതായ തിരിച്ചടികൾ ഈ ജീവിതത്തിൽ തന്നെ ലഭിക്കുന്നു. പ്രതിസന്ധികളിലും വേദനകളിലും നീതി നിഷേധിക്കപ്പെട്ടവർക്ക്, കാലക്രമേണ കാലം തന്നെ അർഹമായ അംഗീകാരവും വിജയവും തിരികെ നൽകും. ധാർമ്മികതയുടെയും, കാലത്തിന്റെ അലംഘനീയമായ നിയമത്തിന്റെയും വിജയത്തെയാണ് ഇത് എപ്പോഴും ഓർമ്മിപ്പിക്കുന്നത്.

===

1956 നവംബർ ഒന്ന്

ഐക്യകേരളം നിലവിൽവന്നു. തിരുകൊച്ചി രാജപ്രമുഖൻ ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവ് അധികാരം ഒഴിഞ്ഞു. അദ്ദേഹത്തിന്റെ ഉപദേശകനായിരുന്നു പി.എസ്. റാവു. നവംബർ



ഒന്നിന് രാവിലെ കേരളത്തിന്റെ ആദ്യത്തെ ആക്ടിംഗ് ഗവർണർ ആയി സത്യപ്രതിജ്ഞ ചെയ്തു. അങ്ങനെ ഐക്യകേരളം എന്ന സ്വപ്നം യാഥാർത്ഥ്യമായി. പക്ഷെ മലയാളികളുടെ സംസ്കാരതനിമയും ചരിത്രവും തുടികൊട്ടി നിൽക്കുന്ന കന്യാകുമാരിയും പദ്മനാഭപുരം കൊട്ടാരവും ഉൾക്കൊള്ളുന്ന തെക്കൻ താലൂക്കുകളായ വിളവൻകോട്, അഗസ്തീശ്വരം, കൽകുളം, തോവാള എന്നിവയും ചെങ്കോട്ടയിലെ ഒരു ഭാഗവും മദ്രാസിലായി. അതേസമയം തെക്കൻ കാനറയിലെ കാസർകോട് കേരളത്തിനുകിട്ടി. ഡോ. ബി. രാമകൃഷ്ണറാവു കേരളഗവർണറായി.

1957

ഫെബ്രുവരി

ഫെബ്രുവരി 28 മാർച്ച് 11 വരെ കേരളത്തിലെ ആദ്യത്തെ നിയമസഭാ തിരഞ്ഞെടുപ്പ്.

<u>**നിയമസഭാ മണ്ഡലം ഒറ്റനോട്ടത്തിൽ**</u>

| | |
|---|---|
| നിയമസഭാ മണ്ഡലങ്ങൾ | 114 |
| സീറ്റുകൾ | 126 |
| ഏകാംഗമണ്ഡലങ്ങൾ | 102 |
| ദ്വയാംഗമണ്ഡലങ്ങൾ | 12 |
| പട്ടികജാതി സംവരണം | 11 |
| പട്ടികവർഗ സംവരണം | 1 |
| മത്സരിച്ച സ്ഥാനാർഥികൾ | 389 |
| ആകെ വോട്ടർമാർ | 7514629 |
| പോൾ ചെയ്തത് | 5899822 |

പോളിംഗ് ശതമാനം 66.62%

ജയിച്ച സിറ്റുകൾ

(ബ്രാക്കറ്റിൽ മത്സരിച്ച സ്ഥാനാർഥികളുടെ എണ്ണം) ഇന്ത്യൻ നാഷണൽ കോൺഗ്രസ് 43(124), ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി 60(100), പി.എസ്.പി. 9(62),ആർ.എസ്.പി. 0(27), മുസ്ലിംലീഗ് 8(17)

സ്വതന്ത്രന്മാർ (കമ്മ്യൂണിസ്റ്റ്)5, എതിരില്ലാതെ സ്വതന്ത്രൻ 1, നോമിനേറ്റഡ് 1

പാർട്ടികൾക്ക് കിട്ടിയ വോട്ടിംഗ് ശതമാനം കോൺഗ്രസ് (ഐ.എൻ.സി.) 37.84%, പി.എസ്.പി. 10.76%, സി.പി.ഐ. 35.28%, ആർ.എസ്.പി. 3.22%, മുസ്ലിം ലീഗും സ്വതന്ത്രന്മാരും 12.87%.

1957

ഏപ്രിൽ

ഒന്നാം നിയമസഭ

1957 ഏപ്രിൽ 4 സ്വതന്ത്രന്മാരുടെ സഹായത്തോടെ ഇന്ത്യയിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ മന്ത്രിസഭ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കേരളത്തിലധികാരത്തിൽ വന്നു.

ഏപ്രിൽ 5 മന്ത്രിസഭയുടെ രണ്ടാം വാർഷികദിനത്തിൽ പ്രതിപക്ഷം അഴിമതിദിനം ആചരിച്ചു.

1959 ഏപ്രിൽ 16 കോൺഗ്രസ് നേതാവ് പനമ്പള്ളി ഗോവിന്ദമേനോൻ, സർക്കാരിനെതിരെ വിമോചനസമരം പ്രഖ്യാപിച്ചു.

1959 ജൂൺ 12 സംസ്ഥാനവ്യാപകമായ പൊതുഹർത്താൽ.

ജൂൺ 13 അങ്കമാലിയിൽ വെടിവയ്പ്. രണ്ടുപേർ മരിച്ചു.

ജൂൺ 15 വെട്ടുകാട് പുല്ലുവിള വെടിവയ്പ്.

ജൂലൈ 3 ചെറിയതുറയിൽ വെടിവയ്പ്. ഫ്ലോറി എന്ന ഗർഭിണി മരിച്ചു.

ജൂലൈ 15 അങ്കമാലിയിൽ നിന്നും മന്നത്തു പത്മനാഭന്റെ നേതൃത്വത്തിൽ സർക്കാരിനെതിരെ പുറപ്പെട്ട ദീപശിഖ തിരുവനന്തപുരത്ത്.

ജൂലൈ 31 ഭരണഘടനയുടെ 355-ാം വകുപ്പ് ഉപയോഗിച്ച് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായ കേന്ദ്രസർക്കാർ കേരള സർക്കാരിനെ ഡിസ്മിസ് ചെയ്തു. കേരളം പ്രസിഡന്റ് ഭരണത്തിലായി.



Save $894.*
Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.


**We Serve These States NY, NJ, PA, & CT.**

StateFarm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489


Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# നോർത്ത് അമേരിക്കൻ മലയാളി കുട്ടികൾക്കായി 'വിദ്യാജ്യോതി' – ഫോമാ 2026 – 2028 സ്കോളർഷിപ്പ് ഏർപ്പെടുത്തുമെന്ന് 'ടീം പ്രോമിസ്'




ഫ്ളോറിഡ: നോർത്ത് അമേരിക്കൻ മലയാളി സമൂഹത്തിലെ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് കരുത്തേകുക എന്നത് ഫോമയുടെ ഏറ്റവും വലിയ ഉത്തരവാദിത്തമാണ്. 'വിദ്യാധനം സർവധനാൽ പ്രധാനം' എന്ന പഴഞ്ചൊല്ലിന്റെ ഊർജം ഉൾക്കൊണ്ട് ഇവിടുത്തെ മലയാളി വിദ്യാർത്ഥികൾക്കായി 'വിദ്യാജ്യോതി'– ഫോമാ 2026–2028 എന്ന പേരിൽ ദീർഘവീക്ഷണത്തോടെ സുതാര്യമായ ഒരു സ്കോളർഷിപ്പ് ഫണ്ട് രൂപീകരിക്കുന്ന കാര്യം ടീം പ്രോമിസ്' ഉറപ്പു നൽകുന്നുവെന്ന് പ്രസിഡന്റ് സ്ഥാനാർത്ഥിയും ഫോമാ സ്ഥാപക നേതാവുമായ മാത്യു വർഗീസ് (ജോസ് ഫ്ളോറിഡ) വ്യക്തമാക്കി.

''വിദ്യാജ്യോതി ഫോമയുടെ കൂട്ടായ്മയുടെ ശക്തിയാണ്. അംഗസംഘടനകളുമായി ചേർന്നുള്ള ഒരു മാച്ചിംഗ് ഫണ്ട് മാതൃകയിലാണ് ഈ പദ്ധതി പ്രവർത്തിക്കുക. ഫോമായുടെ അംഗസംഘടനകൾ സംഭരിക്കുന്ന പണത്തിന് ആനുപാതികമായി ഫോമാ ദേശീയ തലത്തിൽ നിന്ന് തുല്യമായ തുക ചേർക്കും. ആർ.വി.പിമാർ, നാഷണൽ കമ്മിറ്റി അംഗങ്ങൾ, സമൂഹത്തിലെ ഉദാരമതികളായ വ്യക്തിത്വങ്ങൾ തുടങ്ങി എല്ലാവരും ചേർന്ന് 'വിദ്യാജ്യോതി' ശക്തിപ്പെടുത്തും. നിങ്ങൾ ഒരു ഡോളർ നൽകുമ്പോൾ, അത് രണ്ട് ഡോളറിന്റെ ശക്തിയായി നമ്മുടെ കുട്ടികളിലേക്ക് എത്തും...'' മാത്യു വർഗീസ് പറഞ്ഞു.

അക്കാദമിക് മികവ് സ്കോളർഷിപ്പിനുള്ള യോഗ്യതാ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാന മാനദണ്ഡങ്ങളിലൊന്നായിരിക്കും. മറ്റ് മാനദണ്ഡങ്ങൾ ഇതുസംബന്ധിച്ച് രൂപീകരിക്കുന്ന കമ്മിറ്റിയായിരിക്കും നിശ്ചയിക്കുക. ഓരോ ഡോളറിന്റെയും വിനിയോഗം സൃഷ്ടിപരമായിരിക്കണമെന്നാണ് 'ടീം പ്രോമിസി'ന്റെ കാഴ്ചപ്പാട്. വിദ്യാജ്യോതി ഫണ്ടിലെത്തുന്ന പണം കൃത്യമായി രേഖപ്പെടുത്തിയിരിക്കും. ടീം പ്രോമീസ് ഫോമായുടെ ഭരണ സമിതിയിലെത്തിയാൽ ആദ്യം രൂപീകരിക്കപ്പെടുന്ന കമ്മിറ്റികളിലൊന്ന് വിദ്യാജ്യോതി സ്കോളർഷിപ്പ് സംബന്ധിച്ചായിരിക്കും. അതിലൂടെ പ്രസ്തുത പദ്ധതി ടീം പ്രോമീസിന്റെ കാലാവധി തീരുന്നതുവരെ തടസ്സമില്ലാതെ മുന്നോട്ട് പോകും.

'വിദ്യാജ്യോതി'– ഫോമായുടെ ഒരു സ്ഥിരം പദ്ധതിയാക്കി മാറ്റുകയും ചെയ്യാം. പദ്ധതിയുടെ വിശദവിവരങ്ങൾ ടീം പ്രോമീസ് അധികാരത്തിലെത്തുന്ന പക്ഷം പുറപ്പെടുവിക്കുന്നതാണ്. ഫോമാ നാഷണൽ കമ്മിറ്റിയും അംഗസംഘടനകളും തമ്മിൽ നേരിട്ടുള്ള ബന്ധം സ്ഥാപിക്കുന്ന ഒരു പദ്ധതിയാണിത്. ഹൈസ്കൂൾ പൂർത്തിയാക്കി പുതിയ തലത്തിലേക്ക് പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പുകൾ, മെന്ററിംഗ്, സ്കിൽ ഗൈഡൻസ്, കരിയർ ഗൈഡൻസ്, നേതൃത്വ വികസന വർക്ക്ഷോപ്പുകൾ എന്നിവ ഉൾപ്പെടുത്തി ഒരു ദീർഘകാല വിദ്യാഭ്യാസ പ്രോജക്ടായി ഈ സംരംഭത്തെ വളർത്തിയെടുക്കാനും ആലോചനയുണ്ട്.

നമ്മുടെ മക്കളെ മികച്ച വിദ്യാഭ്യാസത്തിലൂടെ ശാക്തീകരിച്ച് അവരുടെ ഭാവിക്ക് വെളിച്ചമേകുന്ന പാത ഒരുക്കുക എന്നതാണ് വിദ്യാജ്യോതിയുടെ ദൗത്യമെന്നും അത് ഫോമായുടെ വളർച്ചയുടെ പാതയിൽ ഒരു സുപ്രദാന നാഴികക്കല്ലാവുമെന്നും ഫോമായുടെ 2026–'28 ഭരണ സമിതിയിലേയ്ക്ക് മാത്യു വർഗീസ് നയിക്കുന്ന ടീം പ്രോമീസിന്റെ വിവിധ സ്ഥാനങ്ങളിലേയ്ക്ക് ജനവിധി തേടുന്ന അനു സ്കറിയ (ജനറൽ സെക്രട്ടറി), ബിനോയ് തോമസ് (ട്രഷറർ), ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), രേഷ്മ രഞ്ജൻ (ജോയിന്റ് സെക്രട്ടറി), ടിറ്റോ ജോൺ (ജോയിന്റ് ട്രഷറർ) എന്നിവർ പറഞ്ഞു.


Happy New Year
TEAM EMPOWER
FOKANA 2026-28
FOKANA 2026-2028
TEAM EMPOWER
LEELA MARET PANEL
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com

# ചിത്രശലഭങ്ങൾ വരവായി



**നമുക്ക് ചുറ്റും -16**

**സുധീർ പണിക്കവീട്ടിൽ**

'ശീതകാലം കഴിഞ്ഞു; മഴയും മാറിപ്പോയല്ലോ. പുഷ്പങ്ങൾ ഭൂമിയിൽ കാണായ്‌വരുന്നു; വള്ളിത്തല മുറിക്കുംകാലം വന്നിരിക്കുന്നു; കുറുപ്രാവിന്റെ ശബ്ദവും നമ്മുടെ നാട്ടിൽ കേൾക്കുന്നു. (ഉത്തമ ഗീതം 2:11-12.) ന്യുയോർക്കിലെ മഞ്ഞുകാലം കഴിഞ്ഞു. വസന്താഗമത്തിൽ പ്രകൃതി ആദ്യം നൽകുന്നത് മഞ്ഞപൂക്കളാണ്. നമുക്ക് ചുറ്റും മഞ്ഞനിറത്തിലുള്ള പലതരം പൂക്കൾ നമ്മളോട് പ്രണയം അറിയിക്കുന്നു. കാമദേവന് വളരെ ഇഷ്ടമുള്ള നിറമാണ് മഞ്ഞ. വടക്കേ ഇന്ത്യയിലെ കടുക് പാടങ്ങൾ പൂക്കുന്നത് വസന്തത്തിലാണ്. കൂടാതെ വസന്തകാലത്ത് വരുന്ന പഞ്ചമി തിഥിയും പ്രാധാന്യമർഹിക്കുന്നതാണ്.

കാരണം പ്രപഞ്ചസൃഷ്ടിക്കുശേഷം ബ്രഹ്മാവിന് എന്തിന്റെയോ അഭാവം അനുഭവപ്പെട്ടു. അദ്ദേഹം വിഷ്ണുവിനെ സ്തുതിച്ചു. അദ്ദേഹം ബ്രഹ്മാവിന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു ആദിശക്തിയായ ദുർഗ്ഗാദേവിയെ സ്മരിച്ചു. ദേവിയുടെ ശരീരത്തിൽ നിന്നും ഒരു കൈയിൽ വീണയും മറുകയ്യിൽ വരമുദ്രയുമുള്ള, മറ്റ് രണ്ട് കൈകളിൽ ഒരു പുസ്തകവും ജപമാലയുമുള്ള നാലു കൈകളുള്ള സുന്ദരിയായ ഒരു സ്ത്രീയുടെ രൂപമുയർന്നു വന്നു. ദേവി വീണയുടെ ശ്രുതിമധുരമായ നാദം പുറപ്പെടുവിച്ചു. എല്ലാ ജീവജാലങ്ങൾക്കും സംസാരശേഷി ലഭിച്ചു. ദേവിയെ സംസാരത്തിന്റെ അധിപയായ സരസ്വതി എന്ന് വിളിച്ചു. കാമുകനെ പ്രണയാർദ്രയായി കാത്തിരിക്കുന്ന പെൺകുട്ടിയുടെ ചുണ്ടുകളിലേക്ക് പി ഭാസ്കരൻ മാഷ് പകർന്നു നൽകിയ വരികൾ ശ്രദ്ധിക്കുക. ''വാസന്ത പഞ്ചമി നാളിൽ വരുമെന്നൊരു കിനാവ് കണ്ടു കിളിവാതിലിൽ മിഴിയും നട്ട് കാത്തിരുന്നു ഞാൻ''.

എനിക്ക് വളരെ ഇഷ്ടമുള്ള മാസമാണ് വസന്തം. ഇവിടെ എനിക്ക് സ്വന്തമായ ഇത്തിരി മണ്ണിൽ അപ്പോൾ ഒരു നവചൈതന്യം സൃഷ്ടിക്കപ്പെടുന്നു. ബഷീറിനെപോലെ ഒരു മാങ്കോസ്റ്റിൻ മരത്തിന്റെ ചുവട്ടിൽ ഇരിക്കാൻ കഴിഞ്ഞെങ്കിൽ എന്നാശിക്കാറുണ്ട്. മാപ്പിൾ, പൈൻ



തുടങ്ങിയ മരങ്ങളും തണുപ്പ് കാലം വരുമ്പോൾ ഇലപൊഴിഞ്ഞു നിൽക്കുന്ന മരങ്ങളും ആ വിടവ് നികത്തുന്നു. ചുറ്റിലും കാലാവസ്ഥക്കനുസരിച്ച് വിടർന്നു കൂമ്പിപ്പോകുന്ന പുഷ്പ്പങ്ങൾ ശ്രീകുമാരൻ തമ്പിയുടെ കവിത ഓർമ്മിപ്പിക്കുന്നു. 'ഓരോ ഋതുവിലും അഭിലാഷപുഷ്പങ്ങൾ തൂവി മറയും നിരാമയിയെ'. പ്രകൃതി സുന്ദരിയായ ഒരു യുവതിയാണ്. അവളെ എങ്ങനെ പ്രണയിക്കാതിരിക്കാൻ കഴിയും.

ന്യൂയോർക്കും മഞ്ഞു വീഴുന്ന സ്ഥലമായതുകൊണ്ട് ന്യൂയോർക്കിനെ ഹൈമവതഭൂമി എന്ന് വിളിക്കാം. ഹൈമവതഭൂമിയിൽ വസന്തം വരുന്നതിനെക്കുറിച്ച് വയലാർ എഴുതിയ വരികൾ ന്യൂയോർക്കുകാർക്കും ഉത്സാഹം പകരുന്നതാണ്.

'നല്ല ഹൈമവതഭൂവിൽ വസന്ത –

നന്ദിനിമാർ വന്നൂ മലർ നന്ദിനിമാർ വന്നൂ

വർണ്ണ പരാഗം നെറുകയിലണിയും

സുന്ദരിമാർ വന്നൂ സുമ സുന്ദരിമാർ വന്നൂ...'

മലർ നന്ദിനി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്'പൂവിതൾ പോലെ മൃദുവായവൾ എന്നാണ്. വസന്തകാലം ഒരു സുന്ദരിയുടെ പൂവുടൽ പോലെ മൃദുല മനോഹരം. പൂമ്പൊടി അഥവാ പരാഗരേണുക്കളെയാണ് വർണ്ണ പരാഗം എന്നുദ്ദേശിച്ചിരിക്കുന്നത്. ചിത്രശലഭങ്ങളും, തേനീച്ചകളും, വണ്ടുകളുമാണ് പൂമ്പൊടി പൂവുകളിൽ നിന്നും പൂവ്വുകളിലേക്ക് പകരുന്നത്. പൂമ്പൊടിക്ക് സാധാരണ മഞ്ഞ നിറമെങ്കിലും വണ്ടുകളെയും തേനീച്ചകളെയും ആകർഷിക്കാൻ പ്രകൃതി പല നിറങ്ങൾ ഈ പൂമ്പൊടിക്ക് നൽകിയിരിക്കുന്നു. ഈ പൂമ്പൊടി ചെടികളിലെ മുകൾഭാഗത്ത് കാണപ്പെടുന്നതുകൊണ്ടാണ് കവി നെറുകയിൽ എന്നെഴുതിയത്. ചിലപ്പോഴെല്ലാം പൂമ്പൊടി ചെടികളുടെ താഴെ വീണുകിടക്കാറുണ്ട്. കവി ഭാഷയിൽ പറഞ്ഞാൽ 'പുലർകാലത്തിൻ പൂമ്പൊടി പുത്തൻ കവിതകളെഴുതി മണ്ണിൽ.'

പ്രഭാതത്തിൽ പൂക്കളോടോത്ത് ഇത്തിരി നേരം ചിലവഴിക്കുന്നത് സ്വർഗ്ഗത്തിൽ കഴിയുന്നതിനു തുല്യമാണ്. ചെടികളിൽ പരാഗം നടക്കുന്നത് രാവിലെയാണ്. എന്റെ കണ്ണുകളെ ആനന്ദിപ്പിക്കുന്ന കാഴ്ചയാണ് പൂക്കളുടെ കാമോത്സവം. തേൻ നുകരാനെത്തുന്നവരുടെ ആവേശം, തേൻ നൽകുന്നവരുടെ നിർവൃതി. ഇപ്പോഴാണ് സൗന്ദര്യം പീലി വിടർത്തി ആടുന്നത്. പൂക്കളും പൂമ്പാറ്റകളും ഇഴുകിച്ചേരുന്ന അനർഘ നിമിഷങ്ങൾ അവർ മന്ത്രിക്കുന്ന അനുരാഗഗാനങ്ങൾ. ഇനിയും ജന്മങ്ങൾ ബാക്കി വേണമെന്ന് കൊതിപ്പിക്കുന്ന സുരഭില യാമങ്ങൾ.

പേനയും കടലാസ്സുമായിരിക്കുന്ന എന്റെ അരികിലേക്ക് ചിത്രശലഭങ്ങൾ വരിവരിയായി വന്നു വട്ടം ചുറ്റി പറന്നു പോകാറുണ്ട്. അവർക്ക് പക്ഷെ വണ്ടിനെപ്പോലെ ഒച്ചയില്ല. ഒച്ചകേൾപ്പിക്കാതെ പ്രണയമന്ത്രങ്ങൾ മൂളുന്നവരാണ് ചിത്രശലഭങ്ങൾ. ഒരിക്കൽ പൂക്കൾക്ക് പക്ഷികളെപോലെ പറന്നു നടക്കാൻ കൊതിതോന്നി. വിവരം ബ്രഹ്‌മാവിനെ അറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഓരോരുത്തർക്കും ഓരോ ദൗത്യമുണ്ട്. പൂക്കൾ ചെടിയിൽ തന്നെ നിന്നാൽ മതിയെന്ന്. പെൺകുട്ടികളുടെ മുടിയഴക് കൂട്ടാൻ അവർ ചൂടുന്ന പൂക്കളോട് ദയതോന്നിയ മാലാഖമാർ ചിത്രശലഭങ്ങളെ ഉണ്ടാക്കി എന്ന് ഐതിഹ്യം. വിടർന്നു നിൽക്കുന്ന ഉദ്യാനപുഷ്പങ്ങൾക്ക് മനസ്സിൽ ശുഭാപ്തി വിശ്വാസം നിറയ്ക്കാനുള്ള കഴിവുണ്ട്. ഓരോ ചുംബനത്തിനും ഒരായിരം തേൻ തുള്ളികൾ നൽകുന്ന പൂക്കളെ ആനന്ദിപ്പിക്കാൻ വണ്ടുകൾ പാടുന്ന പാട്ടുകൾ കാതോർക്കുക. ഞാൻ വണ്ടുകളുടെ പ്രേമഗീതങ്ങൾ പകർത്താൻ എന്നും ശ്രമിക്കുന്നു. അതറിഞ്ഞിട്ടെന്നപോലെ ഒരു വണ്ട് എന്നും രാവിലെ എനിക്ക് വട്ടം ചുറ്റാറുണ്ട്. ശകുന്തളയെ പ്രേമദാഹത്തിൽ

കൊണ്ടുവിട്ട വണ്ടിന്റെ തായ്വഴികാരനാകാം. വാസ്തവത്തിൽ വണ്ടുകൾ പാടുന്നില്ല. അവ മൂളുകയാണ് ചെയ്യുന്നത്. ആ മൂളലിൽ പുഷ്പങ്ങൾ കോരിത്തരിക്കുകയും അവയിലെ തേനിന്റെ മധുരം ഇരട്ടിയാക്കുകയും ചെയ്തു അവ വണ്ടുകളെ സന്തോഷിപ്പിക്കുന്നു. അപ്പോഴാണ് അവർ പൂമ്പൊടി പുറത്തേക്ക് തള്ളുന്നത്. വണ്ടുകളെ കാതോർക്കുമ്പോൾ കാലിൽ പറ്റിപ്പിടിച്ച പൂമ്പൊടിയുമായി അവർ പൂക്കളിൽ നിന്നും പറന്നുപൊങ്ങുന്നു. കമനീയമായ കാഴ്ചകളാണ് പൂക്കളും പൂമ്പാറ്റകളും വണ്ടുകളും കിളികളും നൽകുന്നത്.

എന്റെ ഉദ്യാനം എനിക്ക് വളരെ ആനന്ദം പകരുന്നു. ദമയന്തിക്ക് അവരുടെ കൊട്ടാരവളപ്പിലെ പൂന്തോട്ടത്തെപ്പറ്റി ഗർവുണ്ടായിരുന്നു. ഇന്ദ്രന്റെ ഉദ്യാനത്തെക്കാൾ, (നന്ദനവനം) കുബേരന്റെ ഉദ്യാനത്തെക്കാൾ അവരുടെ ഉദ്യാനം മികച്ചത് അതിനു സാമ്യമായി ഒന്നുമില്ലെന്ന് ദമയന്തി തോഴിയോട് പറയുന്നുണ്ട്. ഞാനും സ്വയം മന്ത്രിക്കുന്നു എന്റെ ഈ കൊച്ചു ഉദ്യാനം സുന്ദരമാണ്. വസന്തം വന്നെങ്കിലും ശിശിരം വിട്ടുപോകാതെ തുള്ളിയിട്ടു നിൽക്കയാണ്. അതുകൊണ്ട് മുഴുവൻ പൂക്കളും വിടർന്നിട്ടില്ല. അണ്ണാറക്കണ്ണന്മാരും എത്തി തുടങ്ങിയിട്ടില്ല. കുഞ്ഞുകിളികൾ പുല്ലിൽ കൊത്തിപ്പെറുക്കി നടക്കുന്നുണ്ട്. അവർക്ക് പൂക്കളിൽ കമ്പം ഇല്ല. ചെടിയുടെ കമ്പുകളിൽ ഇരുന്നു വിഹഗവീക്ഷണം നടത്തി അവയും പറന്നു പോകുന്നു. പ്രണയം അറിയിക്കാൻ അടുത്തേക്ക് നടന്നടുക്കുന്ന കന്യകയെപ്പോലെ ഒരു ചിത്രശലഭം വീണ്ടും പതുക്കെ വട്ടം ചുറ്റി പറന്ന് എന്റെ കൈത്തണ്ടയിൽ ഇരിക്കുന്നു. മുമ്പ് കൂട്ടമായിട്ടാണ് വന്നത്. ഇപ്പോൾ ഒറ്റക്ക് വന്നിരിക്കയാണ്. ഏതോ കാമുകിയുടെ പ്രേമദൂതുമായി. ദൂരെ ഏതോ സുന്ദരി നമ്മെ പ്രണയാർദ്രമായ ഓർക്കുമ്പോഴാണ് ചിത്രശലഭങ്ങൾ അങ്ങനെ പറന്നടുക്കുക എന്ന് വിശ്വാസം. പ്രണയത്തിന്റെ പൂമ്പൊടി എന്റെ കൈത്തണ്ടയിൽ കുടഞ്ഞിട്ട് അത് പറന്നുപോയി.

കവികളുടെ ഭാവനപ്രകാരം എല്ലാ പൂക്കളും ഒരുമിച്ച് ചേരുമ്പോൾ ഒരു സുന്ദരിയെ നമുക്ക് കാണാം. ഭാരതീയരുടെ അഭിമാനമായ കാളിദാസന്റെ വർണ്ണന നോക്കുക. കരിംകൂവളപൂ കൊണ്ട് കണ്ണിണകൾ, പൊൻതാമരപ്പൂ കൊണ്ട് മുഖം, മുല്ലമൊട്ടുകൾ കൊണ്ട് ദന്തനിരകൾ, ചെന്തളിരുകൊണ്ട് അധരങ്ങൾ, ചെമ്പകമലർദളങ്ങൾ കൊണ്ട് മറ്റു അവയവങ്ങൾ. ഉദ്യാനങ്ങളിൽ ചിലവഴിക്കുന്ന സമയങ്ങൾക്ക് പ്രഥമരാത്രിയുടെ മധുരവും ആവേശവും പകരുവാൻ കഴിവുണ്ടാകുന്നത് അതുകൊണ്ടാണ്. സുന്ദരിമാരുടെ സാമീപ്യം കൊണ്ട് യൗവ്വനകാലം ദീർഘിപ്പിച്ചു തരുന്നു പ്രക്രുതി.

അമേരിക്കയിൽ വസന്തകാലം തീരാൻ ഇനി ഒരു മാസം കൂടി മാത്രം. എല്ലാവരും ഈ സമയം ആസ്വദിക്കുക. പ്രകൃതിയെ പ്രണയിക്കുമ്പോൾ മരുന്നുകളോട് വിട പറയാം. ആരോഗ്യം വീണ്ടെടുക്കാം. ഒരു പ്രണയത്തിന്റെ ആലസ്യത്തിലേക്ക് അത് നിങ്ങളെ നയിക്കുന്നു.

“ആളുകൾ പരസ്പരം സ്നേഹിച്ചില്ലെങ്കിൽ, ഒരു വസന്തകാലം കൊണ്ട് എന്ത് പ്രയോജനമാണ് ഉള്ളതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.”- വിക്ടർ ഹ്യൂഗോ.




FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN



# ഐ ഒ സി പെൻസിൽവാനിയ ചാപ്റ്ററിന് നവനേതൃത്വം

## സാബു സ്കറിയ, സുമോദ് നെല്ലിക്കാല, നൈനാൻ മത്തായി, തോമസ്കുട്ടി വറുഗീസ് എന്നിവർ നയിക്കും

കോര ചെറിയാൻ PRO

ഫിലാഡൽഫിയ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് (IOC) പെൻസിൽവാനിയ ചാപ്റ്ററിന്റെ 2026–2027 കാലയളവിലേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ചെയർമാനായി സാബു സ്കറിയ, പ്രെസിഡന്റായി സുമോദ് തോമസ് നെല്ലിക്കാല, ജനറൽ സെക്രെട്ടറിയായി നൈനാൻ മത്തായി, ട്രെഷറർ ആയി തോമസ്കുട്ടി വറുഗീസ് എന്നിവർ അടുത്ത രണ്ടു വർഷം സംഘടനയെ നയിക്കും.

തെരഞ്ഞെടുപ്പ് പമ്പ കമ്മ്യൂണിറ്റി സെന്ററിൽ വാർഷിക ജനറൽ ബോഡി യോഗത്തിന് പിന്നാലെ നടന്നു. തിരഞ്ഞെടുപ്പ് നടപടികൾ കുര്യൻ രാജനും സാബു സ്കറിയയും നിയന്ത്രിച്ചപ്പോൾ, നടപടികൾ സുമോദ് നെല്ലിക്കാല രേഖപ്പെടുത്തി. വിവിധ ഇന്ത്യൻ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ സംഘടനകളിലെ പ്രവർത്തകരും സമൂഹ നേതാക്കളും പങ്കെടുത്ത യോഗം ആവേശകരമായ അന്തരീക്ഷത്തിലായിരുന്നു.

ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട സാബു സ്കറിയ മലങ്കര ആർച്ച് ഡയോസിസ് കൗൺസിൽ അംഗം, MAP ബോർഡ് ഓഫ് ട്രസ്റ്റി അംഗം, 56 ഇന്റർനാഷണൽ നാഷണൽ കോ-ഓർഡിനേറ്റർ, എം എ കോളേജ് കോതമംഗലം അലുമ്നി USA പ്രസിഡന്റ്, മുൻ MAP പ്രസിഡന്റ് എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഐഒസി യുടെ പ്രസിഡന്റായും ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു അനുഭവ സമ്പത്തുള്ള വ്യക്തിയാണ്. സമൂഹ പ്രവർത്തനങ്ങളിലും സംഘടനാ നേതൃത്വത്തിലും അദ്ദേഹത്തിന്റെ ദീർഘകാല സേവനം മുതൽകൂട്ടാണ്. പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട സുമോദ് തോമസ് നെല്ലിക്കാല സമൂഹ സേവന രംഗത്ത് സജീവ സാന്നിധ്യമായ സുമോദ്, Tristate Kerala Forum ചെയർമാനായിരിക്കെ



Chairman- Sabu Skaria, President- Sumodh Thomas Nellikala.
Gen Secretary- Ninan Mathai, Treasurer- ThomasKutty Varughese

കോവിഡ് മഹാമാരിക്കാലത്ത് ആയിരക്കണക്കിന് N95 മാസ്കുകളും സാനിറ്റൈസറുകളും പൊതുജനങ്ങൾക്ക് വിതരണം ചെയ്ത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പ്രാദേശിക വാർത്താ ചാനലുകളും രാഷ്ട്രീയ നേതാക്കളും ശ്രദ്ധിച്ച ആ പ്രവർത്തനം വലിയ പ്രശംസ നേടിയിരുന്നു. കൂടാതെ 2021-ൽ ആയിരങ്ങൾ പങ്കെടുത്ത ഓണാഘോഷ മഹാമേള വിജയകരമായി സംഘടിപ്പിക്കുകയും ചെയ്തു. പെൻസിൽവാനിയ അസോസിയേഷൻ ഓഫ് മലയാളീ പ്രോസ്പെരിറ്റി ആൻഡ് അഡ്വാൻസ്മെന്റ് (PAMPA) പ്രസിഡന്റായിരിക്കെ സംഘടനയുടെ 25-ാം വാർഷികാഘോഷം വൻ വിജയമാക്കിയതും ശ്രദ്ധേയമായി. ഫൊക്കാനാ കൺവൻഷന്റെ രജിസ്ട്രേഷൻ കോ-ഓർഡിനേറ്ററായും, IOC പെൻസിൽവാനിയ ചാപ്റ്റർ, ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക, പമ്പ അസോസിയേഷൻ എന്നിവരുടെ വിവിധ കാലയളവുകളിലെ ജനറൽ സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. സമൂഹ സേവന രംഗത്തെ സംഭാവനകൾ പരിഗണിച്ച് ഫിലാഡൽഫിയ പോലീസ് കമ്മീഷണറുടെ കമ്മ്യൂണിറ്റി സർവീസ് അവാർഡും സുമോദ് നെല്ലിക്കാലയ്ക്ക് ലഭിച്ചിച്ചിട്ടുണ്ട്

ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട നൈനാൻ മത്തായി പെൻസിൽവാനിയയിലെ വിവിധ സാമൂഹിക പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമാണ്. വേൾഡ് മലയാളീ കൗൺസിൽ പ്രസിഡന്റും 2026 WMC ഗ്ലോബൽ കോൺഫറൻസിന്റെ കോ-ഓർഡിനേറ്റർ, സ്പോൺസർഷിപ്പ് കമ്മിറ്റി ചെയർപേഴ്സൺ എന്ന നിലയിലും പ്രവർത്തിക്കുന്നു. സെന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്സ് പള്ളിയിൽ സൺഡേ സ്കൂൾ പ്രിൻസിപ്പൽ, മെൻസ് ഫെലോഷിപ്പ് കോ-ഓർഡിനേറ്റർ, സീനിയർ സിറ്റിസൺ കോ-ഓർഡിനേറ്റർ, മാനേജിംഗ് കമ്മിറ്റി ഡെലിഗേറ്റ് എന്നീ നിലകളിൽ അദ്ദേഹം സേവനം അനുഷ്ഠിക്കുന്നു. മുതിർന്ന പൗരന്മാരുടെ ക്ഷേമ പ്രവർത്തനങ്ങളിൽ സജീവമായ നിനൻ മത്തായി, Love & Glory Home Care Servicesന്റെ പങ്കാളിയുമാണ്. റഷ്യൻ സമൂഹത്തിന്റെ സഹകരണത്തോടെ ആദ്യ Adult Day Care Center ആരംഭിക്കുന്നതിലും അദ്ദേഹം നിർണായക പങ്കുവഹിച്ചു.


ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട തോമസ്കുട്ടി വർഗീസ് മലയാളീ അസോസിയേഷൻ ഓഫ് ഫിലാഡൽഫിയ, വേൾഡ് മലയാളീ കൌൺസിൽ, എക്യൂമെനിക്കൽ സംഘടനകൾ എന്നിവയിൽ വിവിധ നിലകളിലും മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായി അനവധി സമയം ചെലവഴിച്ച വ്യക്തിയാണ്.

മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ: വൈസ് ചെയർമാൻമാർ ഡോ. ഈപ്പൻ ഡാനിയേൽ, കൊച്ചുമോൻ വയലത്ത്; വൈസ് പ്രസിഡന്റുമാർ അലക്സ് തോമസ്, ജോബി ജോൺ, ജെയിംസ് പീറ്റർ; ജോയിന്റ് സെക്രട്ടറിമാർ ജോർജ് ഓലിക്കൽ, ജോൺ പണിക്കർ; ജോയിന്റ് ട്രഷറർ ഫിലിപ്പോസ് ചെറിയാൻ; ഐ.ടി ഫെയ്ത്ത് എൽദോ; പ്രോഗ്രാം കോ-ഓർഡിനേറ്റർ കുര്യൻ രാജൻ; മെമ്പർഷിപ്പ് ഗീവർഗീസ് ജോൺ; PRO കോരാ ചെറിയാൻ; കമ്മിറ്റി അംഗങ്ങൾ പ്രൊഫ. കോശി തലക്കൽ, പ്രൊഫ. സാം പന്മക്കുന്നേൽ, സ്റ്റാൻലി ജോർജ്, പോൾ വർക്കി, വർഗീസ് മറ്റമേൽ, ജോൺ ചാക്കോ, ജേസൺ വർഗീസ്, ജോൺസൺ മാത്യു, ജോസഫ് കുന്നേൽ Esq, അലക്സ് അലക്സാണ്ടർ, ജിജോമോൻ ജോസഫ്, മാർഷൽ വർഗീസ്, ഷാജി സുകുമാരൻ, സാജൻ വറുഗീസ് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

തിരഞ്ഞെടുപ്പിന് പിന്നാലെ ചുമതല കൈമാറ്റ ചടങ്ങും നടന്നു. ചെയർമാനായി സാബു സ്കറിയ തുടരും. മുൻ പ്രസിഡന്റ് ഡോ. ഈപ്പൻ ഡാനിയേൽ പുതിയ പ്രസിഡന്റായ സുമോദ് തോമസ് നെല്ലിക്കാലയ്ക്ക് ചുമതല കൈമാറി. മുൻ ജനറൽ സെക്രട്ടറി സുമോദ് ടി. നെല്ലിക്കാല, പുതിയ ജനറൽ സെക്രട്ടറി നിനൻ മത്തായിക്ക് രേഖകൾ കൈമാറി. മുൻ ട്രഷറർ ഫിലിപ്പോസ് ചെറിയാൻ സാമ്പത്തിക രേഖകൾ പുതിയ ട്രഷറർ തോമസ്കുട്ടി വർഗീസിന് കൈമാറി.

യോഗത്തിൽ പങ്കെടുത്ത ജനറൽ ബോഡി അംഗങ്ങൾ കേരള നിയമസഭയിലേക്ക് പുതുതായി തിരഞ്ഞെടുക്കപ്പെട്ട കോൺഗ്രസ് പാർട്ടി അംഗങ്ങളെ അഭിനന്ദിക്കുകയും പുതിയ മന്ത്രിസഭ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ അഴിമതിയില്ലാതെ നടപ്പാക്കുമെന്ന് പ്രതീക്ഷ പ്രകടിപ്പിക്കുകയും ചെയ്തു. ഇന്ത്യൻ സമൂഹത്തിന്റെ ഐക്യത്തിനും പൊതുസേവന പ്രവർത്തനങ്ങൾക്കും കൂടുതൽ ശക്തി പകരുന്ന നേതൃത്വമാണ് പുതിയ കമ്മിറ്റി എന്നും പുതു നേതൃത്വം പ്രതീക്ഷ നൽകുന്നുവെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു.





'indescribable yet truthful'
Lord Shiva's
Visit to a Home
In Edison, New Jersey, USA
Abhishek Mishra inspires people to recognize the existence of a 'Divine Power'
The Mishra Family welcomes visitors to learn about and experience the spiritual miracle. Contact 1-732-690-0404

# പ്രവാസി കഥ – കവിത പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു



ഡാലസ് :- കേരള ലിറ്ററി സൊസൈറ്റി ഡാലസിന്റെ 2026 ലെ പ്രവാസി കഥ - കവിത പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. പ്രശസ്ത നോവലിസ്റ്റ് വി. ജെ. ജയിംസ് (കഥ) പ്രശസ്ത കവി ഡോ. സി. രാവുണ്ണി എന്നിവരായിരുന്നു വിധികർത്താക്കൾ.

എബ്രഹാം തെക്കേമുറി കഥാ പുരസ്കാരം ലഭിച്ചിരിക്കുന്നത് എസ്. അനിലാലിന്റെ (ഷിക്കാഗോ) 'അരക്കാലുകളുടെ ലോകത്തെ ശബ്ദങ്ങൾ' എന്ന കഥയ്ക്കും; കവി ജേക്കബ് മനയിൽ കവിതാ പുരസ്കാരം ലഭിച്ചിരിക്കുന്നത് റഹിമാബി മൊയ്തിന്റെ (മെറിലാന്റ്) 'പെണ്ണടയാളങ്ങൾ' എന്ന കവിതയ്ക്കുമാണ്. രണ്ടു വിഭാഗത്തിലും 25,000 രൂപയും പ്രശസ്തി പത്രവുമാണ് സമ്മാനമായി നൽകപ്പെടുന്നത്.



ദിവ്യ മേനോന്റെ (ഡാലസ്) 'അഭിമുഖം' എന്ന കഥയ്ക്ക് സ്പെഷ്യൽ ജൂറി പുരസ്കാരവും ലഭിച്ചു.

ഇന്ത്യയ്ക്കു പുറത്തു വിവിധ രാജ്യങ്ങളിൽ നിന്നുമായി 20 കഥകളും 18 കവിതകളുമാണ് അവാർഡിനായി പരിഗണിച്ചത്. സാമുവേൽ യോഹന്നാൻ, മീനു എലിസബത്ത്, ഡോ. ദർശന മനയത്ത് എന്നിവരാണ് കഥയുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയത്. സി. വി. ജോർജ്ജ്, ഷാജു ജോൺ, അനശ്വരം മാമ്പിള്ളി എന്നിവരാണ് കവിതയുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയത്.

ഏകാകിതയുടെ പാരമ്യതയിൽ ഒരുവൻ സ്വന്തം ഉള്ളിലെ വിസ്മരിക്കപ്പെട്ടുപോയ മനുഷ്യനെ കണ്ടെത്തുന്ന കഥാസന്ദർഭങ്ങൾ കൈയടക്കത്തോടെ അവതരിപ്പിക്കുന്ന മികച്ച കഥയാണ് പുരസ്ക്കാരം ലഭിച്ച 'അരക്കാലുകളുടെ ലോകത്തെ ശബ്ദങ്ങൾ' എന്നും ; പ്രത്യേക ജൂറി പുരസ്ക്കാരം ലഭിച്ച 'അഭിമുഖം' അതുപോലെ തന്നെ വേറിട്ടു നില്ക്കുന്ന മനോഹരമായൊരു കഥയാണെന്നും, ജീവിതാവസ്ഥകളെ വാക്കുകളുടെ ത്രാസിലിട്ടു തൂക്കുന്ന മികച്ച ദർശനങ്ങളുണ്ട് ഈ കഥയിലെന്നും വിധികർത്താവ് വി. ജെ. ജയിംസ് വിലയിരുത്തി.

കവിതകളും മികച്ച നിലവാരം പുലർത്തിയതായി കവിതകളുടെ വിധി കർത്താവ് ഡോ. സി. രാവുണ്ണി അഭിപ്രായപ്പെട്ടു.



# ഫൊക്കാന ടീം ഇന്റഗ്രിറ്റി അംഗങ്ങൾക്ക് വാഷിംഗ്ടണിൽ ഉജ്വല സ്വീകരണം




വാഷിംഗ്ടൺ ഡി.സി: ഫൊക്കാനക്ക് പുതിയ കാഴ്ചപ്പാടും മലയാളി സമൂഹത്തിൽ മാറ്റങ്ങൾക്ക് കാരണമാകുന്ന മികച്ച പ്രവർത്തനങ്ങളും കൂടുതൽ ചാരിറ്റി സേവനങ്ങളും ലക്ഷ്യമിട്ട് രംഗത്തുള്ള ടീം ഇന്റഗ്രിറ്റിക്ക് വാഷിംഗ്ടൺ ഡി. സി മേഖലയിലെ സംഘടനാ നേതാക്കളും പ്രവർത്തകരും ഹൃദ്യമായ സ്വീകരണം നൽകി. പരസ്പരം ആശയങ്ങൾ പങ്കുവച്ചും സൗഹൃദം പുതുക്കിയും സംഘടനയുടെ ദീർഘകാല നന്മ ലക്ഷ്യമിട്ടും സംഘടിപ്പിച്ച ഒത്തുകൂടൽ മുൻ പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ അടക്കമുള്ള നേതാക്കളുടെ സജീവ സാന്നിധ്യം കൊണ്ടു ശ്രദ്ധേയമായി.

ടീം ഇന്റഗ്രിറ്റിയുടെ പ്രസിഡന്റ് സ്ഥാനാർഥി ഫിലിപ്പോസ് ഫിലിപ്പ്, സന്തോഷ് നായർ (സെക്രട്ടറി), ആന്റോ വർക്കി (ട്രഷറർ), ഡോ. ഷൈനി രാജു (വിമൻസ് ഫോറം ചെയർ), അപ്പുക്കുട്ടൻ പിള്ള (അസോ. ട്രഷറർ), ഡോ അജു ഉമ്മൻ (അഡീഷണൽ അസോ. സെക്രട്ടറി), ഫോബി പോൾ (ആർ.വി.പി., ന്യൂ ഇംഗ്ലണ്ട് റീജിയൻ), അജു എബ്രഹാം, ഷൈമി ജേക്കബ്, ആദർശ് രവീന്ദ്രൻ (നാഷണൽ കമ്മിറ്റി സ്ഥാനാർത്ഥികൾ) തുടങ്ങിയവരായിരുന്നു സംഘത്തിൽ. മുൻ ഭാരവാഹി ഷീല ജോസഫ്, ഏലിയാസ് എന്നിവരും സംഘത്തോടൊപ്പം ഉണ്ടായിരുന്നു.

വിർജീനിയയിലെ വിയന്നയിൽ ബോംബെ തണ്ടൂരിൽ നടന്ന ഒത്തുചേരലിൽ പാനലിന്റെ ലക്ഷ്യങ്ങൾ ഫിലിപ്പോസ് ഫിലിപ്പ് വിവരിച്ചു. സംഘടനയെ ശക്തിപ്പെടുത്തുകയും ജനങ്ങളുടെ പ്രശ്നങ്ങളിൽ സജീവമാകുകയും ചാരിറ്റി രംഗം ശക്തിപ്പെടുത്തുകയും ചെയ്യുകയാണ് തങ്ങളുടെ പ്രധാന ലക്ഷ്യങ്ങൾ. തെരെഞ്ഞെടുപ്പ് കഴിഞ്ഞാൽ എല്ലാവരുമായും ഒത്തുചേർന്ന് പ്രവർത്തിക്കും. ഡി.സി. മേഖലയിൽ നിന്ന് ലഭിക്കുന്ന ഈ പിന്തുണ ഏറെ സന്തോഷം പകരു



ന്നുവെന്ന് ഫിലിപ്പോസ് ഫിലിപ പറഞ്ഞു. പാനലിന്റെ പൂർണമായ മാനിഫെസ്റ്റോ വൈകാതെ പുറത്തിറക്കുമെന്നും അറിയിച്ചു .

ഫിലിപ്പോസ് ഫിലിപ്പിന്റെ മൂന്നു പതിറ്റാണ്ടിലേറെയായുള്ള സംഘടന പ്രവർത്തനം സെക്രട്ടറി സ്ഥാനാർഥി സന്തോഷ് നായർ ചൂണ്ടിക്കാട്ടി. കേസുകളിലും മറ്റും സംഘടനയെ ചിലർ വലിച്ചിഴക്കുമ്പോൾ അവയിൽ നിന്നുള്ള രക്ഷക്ക് എന്നും ഫിലിപ്പോസ് ഫിലിപ്പാണ് മുന്നിൽ നിന്നത്. തന്റെ സംഘടനാ പ്രവർത്തനങ്ങളും സന്തോഷ് നായർ ചൂണ്ടിക്കാട്ടി. വിവിധ സംഘടനകളിലും ഫൊക്കാനയിലും വര്ഷങ്ങളായി തുടര്ന്നു വന്ന നല്ല പ്രവർത്തനങ്ങൾ താൻ ഇനിയും തുടരും.

ആന്റോ വർക്കി, അപ്പുക്കുട്ടൻ പിള്ള, ഡോ ഷൈനി രാജു തുടങ്ങിയവരും സംസാരിച്ചു.

മുൻ പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫന്റെ പ്രസംഗത്തിൽ സംഘടനകൾ ചാരിറ്റി പ്രവർത്തനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി. കേരളത്തിൽ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് രണ്ട് കോടി രൂപ നൽകുന്ന പദ്ധതിയും അദ്ദേഹം വിവരിച്ചു. ഫിലിപ്പോസ് ഫിലിപ്പിനും പാനലിനും അദ്ദേഹം പിന്തുണയും വിജയാശംസകളും നേർന്നു.





കേരള അസോസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ വാഷിംഗ്ടൺ പ്രസിഡന്റ് നാരായണൻ വളപ്പിൽ, കൈരളി ഓഫ് ബാൾട്ടിമോർ പ്രസിഡന്റ് ലെൻജി ജേക്കബ് , കേരള കൾച്ചറൽ സൊസൈറ്റി ഓഫ് മെട്രോപ്പൊളിറ്റൻ വാഷിംഗ്ടൺ പ്രസിഡന്റ് ഷെല്ലി പ്രഭാകരൻ തുടങ്ങിയവർ വിജയാശംസകൾ നേർന്നു.

നാഷണൽ കമ്മിറ്റിയിലേക്ക് മത്സരിക്കുന്ന സുഷമ പ്രവീൺ, ബിജോ വിതയത്തിൽ എന്നിവർ എം.സിമാരായി പ്രവർത്തിച്ചു.

മീറ്റിങ് സംഘടിപ്പിക്കുന്നതിന് മുൻകൈ എടുത്തത് ഫൊക്കാന



വൈസ് പ്രസിഡന്റ് വിപിൻ രാജ്, ആർ.വി.പി ബെൻ പോൾ, ആർ.വി.പി. സ്ഥാനാർഥി സ്റ്റാൻലി എത്തുണിക്കൽ, ഇപ്പോഴത്തെ നാഷണൽ കമ്മിറ്റി അംഗങ്ങളായ മനോജ് മാത്യു, ഷിബു സാമുവൽ തുടങ്ങിയവരായിരുന്നു.


















Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined underwriting, deep zoning and redevelopment expertise, and decisive execution.

# 'ജാതിയുടെ ചങ്ങലകളിൽ കെട്ടിയിട്ട കേരളം"

## കൊർന്നലിയോസ് ഹൂട്ടന്റെ ജീവിതം തുറന്നുകാട്ടുന്ന പഴയ കേരളത്തിന്റെ ഉന്നതജാതി സാമൂഹിക വ്യവസ്ഥ



ജിനു കുര്യൻ പാമ്പാടി

അടുത്തിടെ ഒരു അമേരിക്കൻ മലയാളി തന്റെ സത്വത്തെക്കുറിച്ചും "ഉന്നത പാരമ്പര്യത്തെക്കുറിച്ചും" വലിയ വീമ്പിളക്കുന്നത് കേൾക്കുവാൻ ഇടയായി. സ്വന്തം ജാതിയെയും കുടുംബവേരുകളെയും അഭിമാനത്തിന്റെ കിരീടമായി ധരിച്ച് സംസാരിക്കുന്ന ആ ശൈലി കേൾക്കുമ്പോൾ, കേരളത്തിന്റെ പഴയ സാമൂഹിക ചരിത്രം മനസ്സിലൂടെ കടന്നുപോയി. അതിന് ഏതാനും ദിവസങ്ങൾക്കുശേഷമാണ് കേരളത്തിലെ ആദ്യ ദളിത് ക്രിസ്ത്യൻ പുരോഹിതനായിരുന്ന കൊർന്നലിയോസ് ഹൂട്ടന്റെ ജീവിതത്തെക്കുറിച്ച് മലയാളമിത്രം മാസികയിൽ വായിക്കുവാൻ ഇടയായത്. അപ്പോൾ മനസ്സിലായത്, ഒരുകാലത്ത് ചിലർ "സത്വം" എന്നു വിളിച്ചിരുന്ന ആ സാമൂഹിക മേൽക്കോയ്മയുടെ മറുവശത്ത് അനേകം മനുഷ്യരുടെ കണ്ണീരും അപമാനങ്ങളും ചോരയും ഒളിഞ്ഞുകിടക്കുകയായിരുന്നുവെന്നതാണ്.

കേരളത്തിലെ ആദ്യ ദലിത് ക്രിസ്ത്യൻ പുരോഹിതൻ ആരാണെന്നു ചോദിച്ചാൽ ഒരു ചരിത്ര വിദ്യാർത്ഥിയുടെ മനസ്സിൽ ആദ്യം തെളിയുന്നത് കൊർന്നലിയോസ് ഹൂട്ടൻ എന്ന പേരായിരിക്കും. അതുശരിയാണ്. അതിനുവേണ്ടി പുലയ സമുദായത്തിൽ ജനിച്ച ഹൂട്ടൻ സഹിച്ച യാതനകളും വേദനകളും വിലമതിക്കാനാവാത്തതാണ്. കേരളത്തെ ഇന്ന് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു വിദ്യാഭ്യാസത്തിലും സാമൂഹിക പുരോഗതിയിലും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമായി കണക്കാക്കുന്നു. എന്നാൽ നൂറ്റാണ്ടുകൾക്ക് മുമ്പുള്ള കേരളത്തിന്റെ സാമൂഹിക യാഥാർത്ഥ്യം അത്ര മനോഹരമായിരുന്നില്ല. ലോകത്തിലെ ഏറ്റവും ക്രൂരമായ ജാതിവ്യവസ്ഥകളിലൊന്നാണ് ഒരുകാലത്ത് കേരളത്തിൽ നിലനിന്നിരുന്നത്. മനുഷ്യന്റെ ജനനം തന്നെയായിരുന്നു അവന്റെ ജീവിതാവകാശം നിശ്ചയിച്ചിരുന്നത്. ചിലർ "ദൈവത്തിന്റെ പ്രതിനിധികൾ" എന്ന് കണക്കാക്കപ്പെട്ടപ്പോൾ, ചിലർ "തൊടാൻ പാടില്ലാത്തവർ", "കാണാൻ പോലും പാടില്ലാത്തവർ" എന്ന നിലയിലേക്ക് തള്ളിക്കൊണ്ടുപോയി. ഈ സാമൂഹിക ഇരുട്ടിന്റെ കാലഘട്ടത്തിലാണ് കൊർന്നലിയോസ് ഹൂട്ടൻ പോലുള്ളവർ ജീവിച്ചത്.

കേരളത്തിലെ പരമ്പരാഗത സമൂഹം പ്രധാനമായും ജാതിയുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കപ്പെട്ടിരുന്നു. നമ്പൂതിരിമാർ ഏറ്റവും ഉയർന്ന സ്ഥാനത്തും, പിന്നീട് നായർ സമൂഹവും മറ്റ് സവർണ വിഭാഗങ്ങളും സാമൂഹിക അധികാരവും ഭൂമിയും വിദ്യാഭ്യാസവും ക്ഷേത്രാധികാരവും കൈവശം വച്ചിരുന്നു. അതേസമയം പുലയർ, പറയർ, കുറവർ തുടങ്ങിയ ദലിത് വിഭാഗങ്ങൾ സമൂഹത്തിന്റെ അടിത്തട്ടിലേക്ക് തള്ളപ്പെട്ടു. ഒരു ദലിത് മനുഷ്യന് പൊതുവഴിയിൽ നടക്കാനും, ശരീരത്തിൽ വസ്ത്രം ധരിക്കാനും, വിദ്യാഭ്യാസം നേടാനും, ക്ഷേത്രപരിസരത്ത് എത്താനും പോലും നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. "അസ്പൃശ്യത" മാത്രമല്ല, "അശ്രവ്യത"യും "അദൃശ്യത"യും വരെ കേരളത്തിൽ നിലനിന്നിരുന്നു. ചില ജാതിക്കാർ ഉയർന്ന ജാതിക്കാരുടെ മുന്നിൽ നിശ്ചിത അകലത്തിൽ നിൽക്കണം; അടുത്ത് വന്നാൽ അത് "മലിനീകരണം" എന്ന് കരുതപ്പെട്ടു.

ഇന്ത്യൻ ചരിത്രത്തിൽ വർണ്ണ വ്യവസ്ഥ ആദ്യം തൊഴിൽ അടിസ്ഥാനത്തിലുള്ള സാമൂഹിക വിഭാഗീകരണമായിരുന്നുവെന്നാണ് ചില പഠനങ്ങൾ പറയുന്നത്. എന്നാൽ കാലക്രമേണ അത് ജന്മാധിഷ്ഠിതവും അടിച്ചമർത്തലിന് വഴിവച്ചതുമായ ജാതിവ്യവസ്ഥയായി മാറി. മനുസ്മൃതി പോലുള്ള ചില ധർമ്മശാസ്ത്രഗ്രന്ഥങ്ങൾ സമൂഹത്തിൽ ഉയർച്ച-താഴ്ചകൾ ന്യായീകരിക്കാൻ ഉപയോഗിക്കപ്പെട്ടു എന്ന വിമർശനവും ശക്തമാണ്. എന്നാൽ അതേ ഹിന്ദു പാരമ്പര്യത്തിനുള്ളിൽ തന്നെ ഈ വിവേചനങ്ങളെ ചോദ്യം ചെയ്ത ശബ്ദങ്ങളും ഉയർന്നിരുന്നു. ഭക്തി പ്രസ്ഥാനത്തിലെ നിരവധി സന്യാസിമാരും കവികളും "ദൈവത്തിന് മുന്നിൽ എല്ലാവരും തുല്യരാണ്" എന്ന് പ്രഖ്യാപിച്ചു. പിന്നീട് കേരളത്തിൽ ശ്രീനാരായണ ഗുരു "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന മഹത്തായ സന്ദേശം ഉയർത്തിപ്പിടിച്ചു. എങ്കിലും ഹൂട്ടന്റെ കാലത്ത് ആ മാറ്റങ്ങൾ സമൂഹത്തിന്റെ അടിത്തട്ടിലെത്തിയിരുന്നില്ല.

ജാതിയമായ അധിക്ഷേപവും നിരന്തരമായ അടിമവേലയും സഹിച്ചു മടുത്തപ്പോഴാണ് കൊർന്നലിയോസ് ഹൂട്ടൻ തന്റെ ജന്മസ്ഥലമായ ചാലക്കുടിയിൽ നിന്നും മതാപിതാക്കളോടൊപ്പം കൊച്ചിയിലേക്ക് താമസം മാറുന്നത്. അവിടെവെച്ച് പരിചയപ്പെട്ട വിദേശ



**കേരളത്തിന്റെ നവോത്ഥാന ചരിത്രം പറയുമ്പോൾ ശ്രീനാരായണ ഗുരുവിനെയും അയ്യങ്കാളിയെയും ചട്ടമ്പി സ്വാമികളെയും നാം അഭിമാനത്തോടെ ഓർക്കുന്നു. എന്നാൽ കൊർന്നലിയോസ് ഹൂട്ടൻ പോലുള്ള അനേകം ദലിത് ക്രിസ്ത്യൻ പോരാളികൾ ചരിത്രത്തിന്റെ അരികുകളിലേക്ക് മാറ്റിനിർത്തപ്പെട്ടു. കാരണം ജാതിവ്യവസ്ഥയുടെ വേദനകൾ പലപ്പോഴും അധികാരമുള്ളവരുടെ ചരിത്രരചനയിൽ ഇടം നേടിയിരുന്നില്ല.**

മിഷനറിമാർ ഹൂട്ടനെയും കുടുംബത്തെയും സ്നാനപ്പെടുത്തിയത് അദ്ദേഹത്തിന്റെ ജീവിതത്തിലെ വലിയ വഴിത്തിരിവായി മാറി. ജാതിയാതനകൾ സഹിക്കാനാവാതെ അനേകം ദലിത് സമൂഹങ്ങൾ ക്രിസ്തുമതത്തിലും ഇസ്ലാമിലും പിന്നീട് ബുദ്ധമതത്തിലുമെല്ലാം അഭയം തേടിയതുപോലെ, ഹൂട്ടന്റെയും കുടുംബം മതപരിവർത്തനത്തിലൂടെ മനുഷ്യാഭിമാനത്തിനും സാമൂഹിക അംഗീകാരത്തിനുമുള്ള വഴിയാണ് അന്വേഷിച്ചത്.

പിന്നീട് തന്റെ സമുദായത്തിന് നിഷേധിക്കപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുവേണ്ടി ഹൂട്ടൻ കോട്ടയം സി. എം. എസ് കോളേജിലേക്ക് പോയി. എന്നാൽ ജ്ഞാനസ്നാനം ചെയ്ത് ക്രിസ്ത്യാനിയായെങ്കിലും, സുറിയാനി ക്രിസ്ത്യാനികളുടെ എതിർപ്പു കാരണം ഹൂട്ടനെപ്പോലുള്ള ഒരു പുലയക്കുട്ടിക്ക് അവിടുത്തെ പഠനം അത്ര എളുപ്പമായിരുന്നില്ല. എങ്കിലും ചില മിഷനറിമാർ അദ്ദേഹത്തിന് അനുകൂലമായി നിന്നതുകൊണ്ട് 1865-ൽ റിച്ചാർഡ് കോളിംഗ്സൺ ഹൂട്ടനെ കോട്ടയത്തെ കിഴക്കേ സെമിനാരിയിൽ, അതായത് ഇന്നത്തെ സി. എം. എസ് കോളേജിൽ ചേർന്ന് പഠിക്കാൻ അനുവദിച്ചു. പക്ഷേ നിർഭാഗ്യകരം എന്നുപറയട്ടെ, ജാതിയത മനസ്സിലുള്ള ഒരുകൂട്ടം സുറിയാനി ക്രിസ്ത്യാനികൾ അതിനെതിരെ പ്രക്ഷോഭം ആരംഭിച്ചു. സഹപാഠികളിൽ നിന്നുള്ള നിരന്തരമായ ജാതിയപമാനങ്ങളും പീഡനങ്ങളും സഹിക്കവയ്യാതെ, കോളേജ് അധികാരികളുടെ അറിവോടെ ഹൂട്ടൻ ഒരു രാത്രി സെമിനാരിയിൽ നിന്നും ഓടി രക്ഷപ്പെടുകയായിരുന്നു. ഒരു വിദ്യാർത്ഥിയുടെ വ്യക്തിപരമായ വേദന മാത്രമല്ലായിരുന്നു അത്; കേരളത്തിലെ സാമൂഹിക മനോഭാവത്തിന്റെ യഥാർത്ഥ മുഖം തുറന്നുകാട്ടിയ സംഭവവുമായിരുന്നു.

ഓടി രക്ഷപ്പെട്ട കൊർന്നലിയോസ് ഹൂട്ടൻ മലബാർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ബാസൽ മിഷനിൽ അഭയം തേടി. അവിടെയാണ് അദ്ദേഹം തന്റെ തുടർപഠനം പൂർത്തിയാക്കുകയും ബാസൽ മിഷന്റെ സജീവ പ്രവർത്തകനായി മാറുകയും ചെയ്തത്. പിന്നീട് കോട്ടയം ബേക്കർ സ്കൂളിൽ പഠിച്ച ഒരു വിദ്യാർത്ഥിനിയെ അദ്ദേഹം വിവാഹം കഴിച്ചു. പിന്നീട് ബാസൽ മിഷന്റെ വാർഷിക റിപ്പോർട്ടുകളിൽ അദ്ദേഹത്തിന്റെ പേര് പ്രത്യക്ഷപ്പെടാൻ തുടങ്ങി. കോഴിക്കോട്ടുള്ള ഒരു പ്രാദേശിക സഭയുടെ സഹായിയായിട്ടാണ് ആദ്യം അദ്ദേഹത്തെ രേഖപ്പെടുത്തിയിരുന്നത്. പിന്നീട് ബാസൽ മിഷന്റെ സെമിനാരിയിൽ നിന്നും പൗരോഹിത്യ പഠനം പൂർത്തിയാക്കിയ ഹൂട്ടൻ, 1886 നവംബർ 21-ന് സഹപാഠികളായിരുന്ന ദാവീദ് തൈക്കണ്ടി, സ്റ്റീഫൻ ചന്ദ്രൻ എന്നിവരോടൊപ്പം ബാസൽ മിഷൻ പുരോഹിതനായി നിയമിതനായി. കേരളത്തിലെ ആദ്യ ദലിത് ക്രിസ്ത്യൻ പുരോഹിതൻ എന്ന ചരിത്ര നേട്ടം അങ്ങനെ കൊർന്നലിയോസ് ഹൂട്ടന്റെ പേരിലായി.

ബാസൽ മിഷനിൽ പുരോഹിതന്മാരുടെ ഓഡിനേഷൻ സമയത്ത് അവർ തങ്ങളുടെ ആത്മകഥ എഴുതി വായിക്കണമെന്നു നിയമമുണ്ടായിരുന്നു. അങ്ങനെ കൊർന്നലിയോസ് ഹൂട്ടൻ എഴുതി വായിച്ച തന്റെ ആത്മകഥ പിന്നീട് പ്രസിദ്ധമായിത്തീർന്നു. അത് ഒരു വ്യക്തിയുടെ ജീവിതകഥ മാത്രമല്ലായിരുന്നു; കേരളത്തിലെ ദലിത് ജനത അനുഭവിച്ച ജാതിയപമാനങ്ങളുടെ സാമൂഹിക രേഖപത്രം കൂടിയായിരുന്നു.

ഒരു പുരോഹിതൻ എന്ന നിലയിൽ ഹൂട്ടൻ നടത്തിയ സുവിശേഷ പ്രവർത്തനങ്ങളും സേവനങ്ങളും പിന്നീട് ബാസൽ മിഷന്റെ ഇംഗ്ലീഷ് ജേണലുകളിൽ പതിവായി അച്ചടിച്ചു വരുമായിരുന്നു. അദ്ദേഹത്തിന്റെ കഴിവും ആത്മാർത്ഥതയും മനസ്സിലാക്കിയ മിഷൻ 1891-ൽ അദ്ദേഹത്തെ ബാസൽ മിഷന്റെ ധർമ്മപട്ടണം സഭയുടെ പട്ടക്കാരനായി അവരോധിച്ചു. സഭക്കുവേണ്ടി ഹൂട്ടൻ ചെയ്ത ആത്മീയവും നിയമപരവുമായ സേവനങ്ങൾ വളരെ വിലപ്പെട്ടതായിരുന്നു. 1895-ൽ സഭാ പ്രവർത്തനങ്ങളിൽ നിന്നും വിരമിക്കുന്നതുവരെ ആത്മാർത്ഥമായും സത്യസന്ധതയോടും കൂടി അദ്ദേഹം പ്രവർത്തിച്ചു.

കേരളത്തിന്റെ നവോത്ഥാന ചരിത്രം പറയുമ്പോൾ ശ്രീനാരായണ ഗുരുവിനെയും അയ്യങ്കാളിയെയും ചട്ടമ്പിസ്വാമികളെയും നാം അഭിമാനത്തോടെ ഓർക്കുന്നു. എന്നാൽ കൊർന്നലിയോസ് ഹൂട്ടൻ പോലുള്ള അനേകം ദലിത് ക്രിസ്ത്യൻ പോരാളികൾ ചരിത്രത്തിന്റെ അരികുകളിലേക്ക് മാറ്റിനിർത്തപ്പെട്ടു. കാരണം ജാതിവ്യവസ്ഥയുടെ വേദനകൾ പലപ്പോഴും അധികാരമുള്ളവരുടെ ചരിത്രരചനയിൽ ഇടം നേടിയിരുന്നില്ല. ഹൂട്ടന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ഒരു സമൂഹം മനുഷ്യനെ എത്ര താഴ്ത്തിയാലും അറിവും ആത്മാഭിമാനവും അവനെ വീണ്ടും ഉയർത്തിക്കൊണ്ടുവരുമെന്ന സത്യമാണ്. ഇന്നത്തെ കേരളം സമത്വത്തിന്റെയും പുരോഗതിയുടെയും കഥ പറയുമ്പോൾ, അതിന്റെ അടിത്തറ പാകാൻ സ്വന്തം ജീവിതം തന്നെ സമർപ്പിച്ച കൊർന്നലിയോസ് ഹൂട്ടൻ പോലുള്ള മനുഷ്യരെ ഓർക്കേണ്ടത് ചരിത്രത്തോടുള്ള നമ്മുടെ കടമയാണ്. ഇന്ന് സമൂഹം വളരെയധികം മാറിയെങ്കിലും, ജാതിയുടെ അഹങ്കാരവും മേൽക്കോയ്മ ബോധവും പലരുടെയും മനസ്സിൽ ഇപ്പോഴും ഒളിഞ്ഞു കിടക്കുന്നു. സ്വന്തം ജാതിയെക്കുറിച്ച് വീമ്പിളക്കുകയും, മറ്റുള്ളവരെ ചെറുതായി കാണുകയും ചെയ്യുന്ന മനോഭാവം ഇന്നും പല രൂപങ്ങളിൽ തുടരുന്നു. അതുകൊണ്ടുതന്നെ ജാതിവ്യവസ്ഥയെക്കുറിച്ചുള്ള വിമർശനം ചരിത്രചർച്ച മാത്രമല്ല; അത് ഇന്നും പ്രസക്തമായ ഒരു സാമൂഹിക ആവശ്യമാണ്.

ഒരു മനുഷ്യന്റെ മഹത്വം അവന്റെ ജനനത്തിലല്ല, അവന്റെ മാനവികതയിലും സ്വഭാവത്തിലും പ്രവർത്തികളിലുമാണ്. ജനനംകൊണ്ട് മനുഷ്യരെ തട്ടുകളാക്കി തിരിച്ച് ചിലരെ ഉയർത്തിയും ചിലരെ താഴ്ത്തിയും കാണുന്ന ഏതു വ്യവസ്ഥയും തെറ്റാണ്. മനുഷ്യനെ വിഭജിക്കുന്നതല്ല, മനുഷ്യനെ ഒരുമിപ്പിക്കുന്നതായിരിക്കണം യഥാർത്ഥ സംസ്കാരവും ആത്മീയതയും.


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA


#1'OTT' Platform
Download FREE
Scan QR Code to Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123


pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
MediaAppUSA
mediaappusa.com
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
For more info: 1-917-662-1122 | info@medialogistics.us